VOL NO: 06 I ISSUE 19
www.nerpatham.com
mail@nerpatham.com
2022 MAY 07 I ₹10

# നേർപഥം
വാരിക

## വിദ്വേഷ പ്രചാരകരെ തുറുങ്കിലടയ്ക്കണം

ശരീരത്തിലും വസ്ത്രത്തിലും അൽപം പോലും അഴുക്കു പുരളാതെ ജീവിക്കുക എന്നത് അസാധ്യമാണ്; നിസ്സാരമായ തെറ്റു പോലും സംഭവിക്കാതെ ജീവിക്കുക എന്നതും അങ്ങനെ തന്നെ. സാധ്യമാകുന്നത്ര തെറ്റുകളിൽനിന്ന് അകന്നു നിൽക്കാനും ജീവിതത്തെ വിമലീകരിക്കാനും ആവശ്യമായ പ്രായോഗിക മാർഗദർശനം ഇസ്‌ലാം മുന്നോട്ടുവയ്ക്കുന്നുണ്ട്. അത് മനുഷ്യരെ ആത്യന്തിക വിജയത്തിലേക്ക് നയിക്കുന്നതാണ്.



# ജീവിതവിശുദ്ധിയുടെ ഇസ്‌ലാമിക പാഠങ്ങൾ

|| രോഗവും മരുന്നും

|| ഇസ്‌ലാം പഠിപ്പിക്കുന്ന ആതിഥ്യമര്യാദകൾ

|| നമസ്കാര സമയത്തിന്റെ കണക്കും മാസപ്പിറവിയുടെ കണക്കും




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

0276

# നേർപഥം

വാരിക

2022 മെയ് 7
1443 ശവ്വാൽ 06
പുസ്തകം 06 / ലക്കം 19






Printed, published
& owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






**06**
ലേഖനം
രോഗവും മരുന്നും
ഇമാം ഇബ്നുൽ ക്വയ്യിം അൽജൗസിയ്യ
വിവർത്തനം: ബിൻത് മുഹമ്മദ്

**16**
ലേഖനം
ഇസ്‌ലാം പഠിപ്പിക്കുന്ന ആതിഥ്യമര്യാദകൾ
ഡോ. ടി. കെ യൂസുഫ്

**18**
പുനർവായന
നമസ്കാര സമയത്തിന്റെ കണക്കും മാസപ്പിറവിയുടെ കണക്കും
പി. ഒ. ഉമർഫാറൂഖ്

**23**
ലേഖനം
ഇനിയും മുന്നോട്ട്
ദുൽക്കർഷാൻ അലനല്ലൂർ

**26**
ചരിത്രപഥം
പ്രവാചകന്റെ വിവാഹങ്ങൾ
ഹുസൈൻ സലഫി

**32**
ലേഖനം
ഏലസ്സ് പൊട്ടിച്ചെറിഞ്ഞവർ
സഹ്റ സുല്ലമിയ്യ

**34**
ലേഖനം
ആടിനെ മുന്നിൽനിന്ന് വലിച്ചാൽ
സ്വലാഹുദ്ദീൻ ഇബ്നു സലീം

# പി.സി ജോർജ് കട്ടയുടയ്ക്കുകയാണ്; കൃഷി വേറെ ചിലർ ഇറക്കും!

ഓന്ത് നിരന്തരമായി നിറം മാറി കുരക്കുന്ന ഒരു തരം ജീവിയായി പരിണമിച്ച് ഷോ കാണിക്കുന്നത് പരിണാമത്തെ 'വിശദമായി പഠിച്ചവർ' കാണാതെ പോയതാകുമോ? ചായയിൽ ഉറ്റിക്കുന്ന പുതിയ വന്ധീകരണ മരുന്നും ഷോപ്പിംഗ് മാളുകളുടെ പിന്നിലെ നിഗൂഢ ജിഹാദ് തിയറിയും അവതരിപ്പിച്ച പ്ലാന്തോട്ടത്തിൽ ചാക്കോ മകൻ ജോർജ് അച്ചായന്റെ 'ഡിറ്റക്ടീവ്' മികവോടെയുള്ള പ്രഭാഷണമാണ് ഇങ്ങനെ ചിന്തിക്കാൻ പ്രേരിപ്പിച്ചത്.

മതേതരത്വം, സഹവർതിത്വം, സമഭാവന തുടങ്ങിയ ഗുണങ്ങളുടെ ചരിത്രവും പാരമ്പര്യവുമുള്ള നാട്ടിൽ ജീവിക്കുന്നവരാണ് നമ്മളെന്ന് അഭിമാനിക്കുന്നവരാണ് നാം. എന്നാൽ പൂഞ്ഞാറിലെ എക്സ് എംഎൽ എയുടെ വർഗീയ വിഷം ഒരൽപം പോലും നമ്മെ നൊമ്പരപ്പെടുത്താതിരിക്കുന്നുവെങ്കിൽ ചുണ്ടറ്റത്തെ ആ മനോഹര വാക്കുകൾ വെറും അധരവ്യായാമം മാത്രമാണ്..

നാടിന്റെ സ്വസ്ഥതക്ക് ഭീഷണിയാകുന്ന ബുൾഡോസർ ബാബമാരുടെ പാർട്ടിക്ക് ഭൂരിപക്ഷ ജനതയുടെ മനസ്സിൽ ഇടമൊരുക്കാനുള്ള പടക്കം പൊട്ടിക്കലാണ് ഇതെന്ന് ആർക്കാണറിയാത്തത്? ഇതൊന്നും കേട്ടില്ലെന്ന് നടിക്കുകയോ മൗനം പാലിക്കുകയോ ചെയ്യുന്നത് ആത്മപരിശോധന ആവശ്യമുള്ള കാര്യമാണ്. പോലീസും കേസും കോടതിയുമൊക്കെ ജനം അവിശ്വസിച്ച് തുടങ്ങിയ ഇക്കാലത്ത് എരിതീയിൽ എണ്ണയൊഴിക്കുന്നതാകരുത് കുഞ്ചികസ്ഥാനീയരുടെ നിലപാടിന്റെ ആഴവും വേഗവുമൊന്നും.

ആളെ പരമാവധി 'സേഫ്' ആക്കി, പിന്നെ പറഞ്ഞു നിൽക്കാൻ ഒരു കേസെടുക്കും. ശേഷം ചുവപ്പു നാടയിൽ പൊതിഞ്ഞ് പൊളിറ്റിക്കൽ കേസ് ആർക്കേവിലെ പ്രത്യേക ഫ്രീസറിൽ വെക്കും. ഇതാണ് നാം കണ്ടുകൊണ്ടിരിക്കുന്ന സ്ഥിരം പരിപാടി. അതുതന്നെയാണ് അച്ചായന്റെ വിഷയത്തിലും നാം കണ്ടത്. അറസ്റ്റും ജാമ്യവുമൊക്കെ മണിക്കൂറുകൾക്കകമല്ലേ നടന്നത്!

പാലാ ബിഷപ്പിന്റെ കേസ് ഡയറിയുടെ തൊട്ടടുത്തുതന്നെ ആക്കിയാൽ അറിയാതെയെങ്കിലും ഒരു അന്വേഷണ ഏജൻസിയും ഇത് പിന്നെ പുറത്തെടുക്കില്ല. കാരണം ഇതൊന്നും അന്വേഷിക്കാനും ശിക്ഷിക്കാനും എടുക്കുന്ന കേസല്ലല്ലോ!

ലോകത്തിന്റെ എതെങ്കിലും ഒരു ദിക്കിൽ ഏതോ ഒരു ചങ്ങാതി 'പുല്ലിന്റെ പുക' നൽകിയ ലഹരിയിൽ എന്തെങ്കിലും ചെയ്താൽ അതൊക്കെ ലോകത്തെ മുസ്‌ലിം ജനകോടികളുടെ നെഞ്ചിൽ ചാരി ന്യൂസ് നൈറ്റ് ചർച്ചകൾ നടത്താറുണ്ട്...ഓരോ മുസ്‌ലിമും 'അതുമായി എനിക്ക് ബന്ധമില്ല, ബന്ധമില്ല' എന്ന് കൈകൂപ്പി പറയണമെന്ന് ചിന്തിപ്പിക്കുന്ന ഇത്തരം ആളുകൾ ഇതുപോലെയുള്ള വിവാദം വരുമ്പോൾ എന്തൊക്കെ പറഞ്ഞാലും 'അത് അയാളല്ലേ, ആര് വില വെക്കാൻ' എന്ന ഒറ്റവരിയിൽ ചുരുക്കുന്നത് ശരിയല്ല.

കട്ടപ്പാടത്ത് നെല്ല് കൊയ്യാൻ കട്ടയുടക്കുന്ന ആദ്യ ദൗത്യമാണ് ഇയാളിലൂടെ ചെയ്യുന്നത്. ഇങ്ങനെ കുറെ പറയുമ്പോൾ ക്രമേണ മനുഷ്യസൗഹൃദ മനസ്സുകൾ ഉടഞ്ഞുതുടങ്ങും. പിന്നെ ഉഴുതുമറിക്കാൻ എളുപ്പമാകും...പിന്നെ കൃഷി...ശേഷം കൊയ്ത്ത്... ആ കൊയ്ത്ത് നമ്മുടെ നാടിന്റെ സൗഹൃദത്തിന്റെ അടിവേരറുത്ത് മാറ്റുന്ന അവസാനത്തെ കൊയ്ത്തായിരിക്കും.

ചിന്തിക്കാൻ: ഇപ്പറഞ്ഞത് ഏതെങ്കിലും മുസ്‌ലിം നേതാവായിരുന്നെങ്കിൽ കേരളത്തിന്റെ അവസ്ഥ എന്തായിരിക്കുമെന്ന് വെറുതെ സങ്കൽപിച്ചു നോക്കുക.

**കെ.താജുദ്ദീൻ സ്വലാഹി**

# വിദ്വേഷ പ്രചാരകരെ തുറുങ്കിലടയ്ക്കണം

ഇന്ത്യാരാജ്യം പച്ചയായ വർഗീയതയുടെയും വിദ്വേഷത്തിന്റെയും തുരുത്തായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ ജനാധിപത്യ മതനിരപേക്ഷ രാജ്യത്തെ ഒരു ഹിന്ദു രാഷ്ട്രമാക്കി മാറ്റാൻ ആഹ്വാനം ചെയ്യുന്നവരിൽ മതനേതാക്കൾ മാത്രമല്ല ഭരണഘടനാനുസൃതമായി പ്രവർത്തിക്കാമെന്ന് പ്രതിജ്ഞ ചെയ്ത ജനപ്രതിനിധികളുമുണ്ട് എന്നതാണ് വിരോധാഭാസം.

2021 ഡിസംബർ 17മുതൽ 20വരെ ഹരിദ്വാറിൽ നടന്ന വിവിധ ഹിന്ദുത്വ സംഘടനകളുടെ സമ്മേളനത്തിൽ മുസ്‌ലിംകളടക്കമുള്ള ന്യൂനപക്ഷങ്ങളെ കൊന്ന് ഹിന്ദുരാഷ്ട്രം നിർമിക്കാൻ പരസ്യമായ ആഹ്വാനമുയർന്നിരുന്നു. മുസ്‌ലിംകൾക്കെതിരെ മ്യാൻമർ മാതൃകയിൽ നമ്മുടെ പൊലീസും രാഷ്ട്രീയക്കാരും സൈന്യവും ഒപ്പം മുഴുവൻ ഹിന്ദുക്കളും ആയുധമെടുത്ത് വംശഹത്യ നടത്തണം. അതല്ലാതെ മറ്റൊരു വഴിയും നമ്മുടെ മുന്നിൽ അവശേഷിക്കുന്നില്ല എന്നാണ് പ്രബോധാനന്ദ് ഗിരി സമ്മേളനത്തിൽ പറഞ്ഞത്.

ഇത്തരത്തിൽ വിദ്വേഷ പ്രസംഗം നടത്തിയവർക്കെതിരെ കോടതി സ്വമേധയാ കേസെടുക്കണമെന്ന് ചീഫ് ജസ്റ്റിസ് എൻ. വി രമണയ്ക്ക് 76 അഭിഭാഷകർ എഴുതിയ കത്തിൽ ആവശ്യപ്പെട്ടിരുന്നു. വിഷയത്തിൽ പൊലീസ് നടപടി കാര്യക്ഷമമല്ല, അതിനാൽ കോടതി അടിയന്തരമായി ഇടപെടണമെന്നായിരുന്നു കത്തിലെ ആവശ്യം.

ഉത്തരാഖണ്ഡിലെ റൂർക്കിയിൽ 2022 എപ്രിൽ 22ന് നടക്കുന്ന മതസമ്മേളനത്തിൽ വിദ്വേഷപ്രസംഗം തടയാൻ കർശനനടപടി സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാരിന് സുപ്രീംകോടതി ഉത്തരവ് നൽകിയത് ശ്രദ്ധേയമാണ്. അല്ലാത്തപക്ഷം ഉത്തരാഖണ്ഡ് ചീഫ് സെക്രട്ടറി, ആഭ്യന്തരസെക്രട്ടറി അടക്കമുള്ളവർക്കാണ് ഉത്തരവാദിത്തമെന്ന് ജസ്റ്റിസുമാരായ എ. എം ഖാൻവിൽക്കർ, അഭയ് ശ്രീനിവാസ് ഓക്ക, സി.ടി രവികുമാർ എന്നിവരടങ്ങിയ ഡിവിഷൻബെഞ്ച് വ്യക്തമാക്കി. വിദ്വേഷപ്രസംഗങ്ങൾ തടയുന്നതിൽ ഉത്തരാഖണ്ഡ്, ഹിമാചൽപ്രദേശ് സർക്കാരുകൾ പരാജയപ്പെട്ടെന്നും കോടതി പറഞ്ഞു.

ഹിമാചലിലെ ഉനയിൽ ഈയിടെ നടന്ന മതസമ്മേളനത്തിലെ വർഗീയ പരാമർശങ്ങളെക്കുറിച്ച് മുതിർന്ന അഭിഭാഷകൻ കപിൽ സിബൽ പരാതിപ്പെടുകയുണ്ടായി. ഹിമാചലിന്റെയും ഉത്തരാഖണ്ഡിന്റെയും അഭിഭാഷകർ അതത് സർക്കാരുകൾ നടപടിയെടുക്കുന്നുണ്ടെന്ന് വിശദീകരിക്കാൻ ശ്രമിച്ചെങ്കിലും വിദ്വേഷപരാമർശങ്ങൾ തടയാനാണ് ശ്രമിക്കേണ്ടതെന്നും ആവർത്തിച്ച് തെറ്റുചെയ്യുന്നവർക്കെതിരെ കർശനനടപടി വേണമെന്നും കോടതി പ്രതികരിക്കുകയുണ്ടായി.

നിയമകൂടങ്ങൾ ഉണർന്നിരിക്കുമ്പോഴും ഭരണകൂടങ്ങൾ ഉറക്കം നടിക്കുന്നു എന്ന ദുരവസ്ഥയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. നടപടിയെടുത്തു എന്ന് തോന്നിപ്പിക്കാൻ എന്തൊക്കെയോ കാട്ടിക്കൂട്ടുന്നു; അധികാരക്കസേരയുടെ നഷ്ടം ഭയന്ന് അക്രമത്തിന് കൂട്ടുപിടിക്കുകയും ചെയ്യുന്നു.

കേരളത്തിന്റെ സ്വന്തം വായാടിയായ പി.സി ജോർജ് തെരഞ്ഞെടുപ്പിൽ തോറ്റതിനുശേഷം വിശേഷബുദ്ധി നഷ്ടപ്പെട്ട രൂപത്തിലാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. വളരെ ഹീനമായ, വൃത്തികെട്ട, മുസ്‌ലിംകളെയും ഹൈന്ദവരെയും കഠിന ശത്രുക്കളാക്കാനും അവർക്കിടയിൽ വിദ്വേഷം വളർത്താനും ഉതകുന്ന സംസാരമാണ് അയാൾ ഹിന്ദു സമ്മേളനത്തിൽവച്ച് നടത്തിയത്. ജനങ്ങളുടെ പ്രതിഷേധം തിളച്ചുപൊന്തിയപ്പോൾ ഗത്യന്തരമില്ലാതെ സർക്കാർ അയാളെ അറസ്റ്റുചെയ്യാൻ നിർബന്ധിതമായെങ്കിലും ഉടനടി ജാമ്യം ലഭിക്കാനുള്ള പഴുതുകൾ ഏർപ്പെടുത്തുകയും ചെയ്തു. വിദ്വേഷത്തിന്റെ വിഷം തുപ്പുന്ന ശശികലയും പ്രതീഷ് വിശ്വനാഥുമൊക്കെ തങ്ങളെ തൊടാൻ ധൈര്യമുള്ളവനാരെടാ എന്ന മട്ടിൽ വാഴുകയാണ്. എന്നാൽ ഒരു മുസ്‌ലിം നാമധാരി വിവേകമില്ലാതെ ഒരു എഫ്ബി പോസ്റ്റിട്ടാൽ അവൻ ജയിലിടയ്ക്കപ്പെടാൻ മണിക്കൂറുകൾ മതി. ഈ വിവേചനം അവസാനിപ്പിച്ചേതീരൂ.




ലേഖനം

# രോഗവും മരുന്നും 2


ഇമാം ഇബ്നുൽ ക്വയ്യിം അൽജൗസിയ്യ
ക്രോഡീകരണം: ഉസ്താദത്ത് ഈമാൻ ഉബൈദ്
വിവർത്തനം: ബിൻത് മുഹമ്മദ്


**പാഠം 3**

**പ്രാർഥന; ഫലപ്രദമായ മറ്റൊരു മരുന്ന്**

പ്രാർഥനയും മറ്റൊരു രോഗപരിഹാര മാർഗമാണ്. രോഗം പിടിപെട്ടാൽ ഒരാൾ ആദ്യം പോയി വൈദ്യ സഹായം തേടും. വൈദ്യർ ചിലപ്പോൾ പറയും; 'ഇതിന് ഫലപ്രദമായ ചികിത്സ ഒന്നുമില്ല' എന്ന്. അപ്പോഴാണ് നമ്മൾ ദുആയെ (പ്രാർഥനയെ) അശ്രയിക്കുക.

രോഗം പിടിപെട്ടാൽ ആദ്യം നാം തേടേണ്ടത് അല്ലാഹുവിന്റെ സഹായമാണ്. എല്ലാത്തിനും മുമ്പ് നാം ദുആയെ ആശ്രയിക്കുക. ദുആ എന്ന മരുന്നിനെ നമ്മൾ വില കുറച്ച് കാണരുത്. സത്യത്തിൽ പരീക്ഷണങ്ങൾക്ക് എതിരെയുള്ള ഒരു വിശ്വാസിയുടെ ആയുധമാണ് ദുആ. ഇത് പരീക്ഷണങ്ങളുടെ ശത്രുവാണ്.

നമുക്ക് മരുന്നിന്റെ അളവ് കൂട്ടുവാൻ സാധിക്കില്ല. അതിന്റെ പാർശ്വഫലങ്ങൾ നമ്മെ ഭയപ്പെടുത്തിക്കൊണ്ടിരിക്കും. പക്ഷേ, ദുആ എന്ന മരുന്നിന് എത്ര അളവ് കൂട്ടിയാലും പാർശ്വഫലങ്ങൾ ഒന്നും ഉണ്ടാകില്ല. എന്ന് മാത്രമല്ല, അതിന്റെ അളവ് കൂടുംതോറും ഗുണം കൂടിക്കൊണ്ടിരിക്കുന്നതാണ്. ദുആ ഒരു ആരാധനാകർമമാണ്. അതിനാൽ ദുആ ചെയ്യുന്നതിന് പ്രത്യേക പ്രതിഫലം കൂടി ലഭിക്കുന്നതാണ്.

പ്രാർഥന രോഗത്തെ ചികിത്സിക്കുക മാത്രമല്ല ചെയ്യുന്നത്; അതിനെ പിന്നീട് വരാത്ത രീതിയിൽ പ്രതിരോധിക്കുക കൂടി ചെയ്യുന്നു.

രോഗലക്ഷണത്തിന്റെ തുടക്കത്തിൽതന്നെ ഒരു പ്രഥമ ചികിത്സയെന്നോണം നമ്മൾ ദുആ ചെയ്യണം. ഇനി രോഗം പിടിപെട്ടാൽതന്നെ അത് നമ്മെ കാര്യമായി ബാധിക്കില്ല. ചില സമയങ്ങളിൽ മരുന്ന് കഴിച്ചാലും രോഗം മൂർച്ഛിക്കും. അല്ലെങ്കിൽ ആ മരുന്ന് നമ്മുടെ ശരീരത്തിന് പിടിക്കില്ല. പക്ഷേ, ദുആ ചെയ്തുകൊണ്ട് നമ്മൾ രോഗത്തിന് ചികിത്സിക്കുകയാണെങ്കിൽ ഈ അവസ്ഥ ഉണ്ടാകില്ല. ഒരു വിശ്വാസിയുടെ ആയുധമാണ് ദുആ.

രോഗവും ദുആയും തമ്മിലുള്ള അവസ്ഥ മൂന്ന് തരത്തിലാണ്.

1. നമ്മുടെ ദുആ നമ്മുടെ രോഗത്തെക്കാളും ശക്തമാണെങ്കിൽ ആ ദുആ നമ്മുടെ രോഗത്തെ ഇല്ലാതാക്കും. അതായത് നാം ഹൃദയ സാന്നിധ്യത്തോടെ എല്ലാ മര്യാദകളും പാലിച്ചുകൊണ്ട് ദുആ ചെയ്താൽ രോഗങ്ങൾ ഇല്ലാതാകുന്നതാണ്.

2. നമ്മുടെ രോഗാവസ്ഥയെക്കാളും ബലഹീനമാണ് നമ്മുടെ ദുആയെങ്കിൽ രോഗാവസ്ഥ ശേഷിക്കും. പക്ഷേ, നമ്മുടെ ദുആയുടെ ഫലംകൊണ്ട് അതിന്റെ കാഠിന്യം കുറയും. ഇത് ശാരീരിക രോഗങ്ങൾക്ക് മാത്രമല്ല, ഹൃദയത്തിന്റെ രോഗങ്ങൾക്കും ബാധകമാണ്.

3. നമ്മുടെ ദുആയും രോഗവും ഒരേ അളവിലാണെങ്കിൽ ഏതെങ്കിലുമൊന്ന് ശക്തി പ്രാപിക്കുന്നവരെക്കും അവർ തമ്മിൽ പൊരുതും. അഅ്റാഫിന്റെ ആളുകളെപ്പോലെയാണ് അവരുടെ അവസ്ഥ. സ്വന്തം സൽകർമങ്ങളും ദുഷ്കർമങ്ങളും ഒരേ അളവിൽ ഉള്ളവരാണവർ. അതിനാൽ ഒരു സൽകർമത്തെയും കുറച്ചുകാണരുത്.

**നമുക്ക് മരുന്നിന്റെ അളവ് കൂട്ടുവാൻ സാധിക്കില്ല. അതിന്റെ പാർശ്വഫലങ്ങൾ നമ്മെ ഭയപ്പെടുത്തിക്കൊണ്ടിരിക്കും. പക്ഷേ, ദുആ എന്ന മരുന്നിന് എത്ര അളവ് കൂട്ടിയാലും പാർശ്വഫലങ്ങൾ ഒന്നും ഉണ്ടാകില്ല. എന്ന് മാത്രമല്ല, അതിന്റെ അളവ് കൂടുംതോറും ഗുണം കൂടിക്കൊണ്ടിരിക്കുന്നതാണ്. ദുആ ഒരു ആരാധനാകർമമാണ്. അതിനാൽ ദുആ ചെയ്യുന്നതിന് പ്രത്യേക പ്രതിഫലം കൂടി ലഭിക്കുന്നതാണ്. പ്രാർഥന രോഗത്തെ ചികിത്സിക്കുക മാത്രമല്ല ചെയ്യുന്നത്; അതിനെ പിന്നീട് വരാത്ത രീതിയിൽ പ്രതിരോധിക്കുക കൂടി ചെയ്യുന്നു.**

ഏറ്റവും ഫലപ്രദമായ ചികിത്സകളിൽ ഒന്ന് ദുആ തുടർന്നുകൊണ്ടേയിരിക്കലാകുന്നു. ആകയാൽ ഫലം കാണുംവരെ നിരാശരാകാതെ ഉറച്ചുനിൽക്കേണ്ടതാണ്.

നമ്മൾ ദുആ തുടർച്ചയായി ചെയ്തുകൊണ്ടേയിരിക്കുന്നത് അല്ലാഹുവിന് വലിയ സന്തോഷമാണ്. നമ്മുടെ താണുകേണുകൊണ്ടുള്ള ശബ്ദം കേൾക്കുന്നത് അല്ലാഹു തആലക്ക് ഇഷ്ടമാണ്. നമ്മുടെ പദവി ഉയർത്താൻ വേണ്ടിയാണ് അല്ലാഹു നമുക്ക് പരീക്ഷണങ്ങൾ നൽകുന്നത്. അത് നമ്മുടെ തക്വവർധിപ്പിക്കും. തക്വ അഥവാ ഭയഭക്തി നമുക്ക് ഗുണം മാത്രമെ ചെയ്യുകയുള്ളൂ. അല്ലാഹുവിനോട് ചോദിക്കുന്നതിന് പകരം മറ്റു സഹായങ്ങൾ തേടിപ്പോയാൽ അല്ലാഹു നമ്മോട് കോപിക്കുന്നതാണ്. അബൂഹുറയ്റ(റ)യിൽനിന്നും നിവേദനം; നബി(സ്വ) അരുളി: "നിശ്ചയം, ആര് അല്ലാഹുവിനോട് ചോദിക്കുന്നില്ലയോ അവനോട് അല്ലാഹു കോപിക്കുന്നതാണ്" (ഇബ്നുമാജ 3827).

ആകയാൽ എന്ത് ആവശ്യമാണെങ്കിലും അല്ലാഹുവിനോട് താണുകേണ് ഇരക്കുക. കുറഞ്ഞത് മൂന്ന് തവണയെങ്കിലും ദുആ ആവർത്തിക്കുക. കൂടുതൽ ആവർത്തിച്ചാൽ ഉത്തമം. ഈ ആവർത്തനം സാധാരണ മരുന്നുകൾകൊണ്ട് നമുക്ക് ചെയ്യാൻ സാധിക്കുകയില്ല.

**പാഠം 4**

**ദുആ സ്വീകരിക്കപ്പെടുന്നതിൽനിന്നും തടയുന്ന കാര്യങ്ങൾ**

എല്ലാ ദുആകളും സ്വീകരിക്കപ്പെടുമെങ്കിലും ചില കാരണങ്ങളുണ്ടായാൽ സ്വീകരണത്തിന് തടസ്സമുണ്ടാകുന്നതാണ്. അവ താഴെ കൊടുക്കുന്നു:

1) ഉത്തരം ലഭിക്കുവാനുള്ള ധൃതി: ദുആ സ്വീകരിക്കപ്പെടുന്നതിൽനിന്ന് തടസ്സം വരുത്തുന്ന ഒരു കാര്യമാണ് ധൃതി. എല്ലാം പെട്ടെന്ന് സാധിക്കണം. ആളുകൾ പെട്ടെന്നുതന്നെ നന്നാകണം എന്ന ചിന്ത ശരിയല്ല. ധൃതി മനുഷ്യസഹജമാണ്. പക്ഷേ, മഹദ്ഗുണങ്ങളിലൂടെ ഈ ദുർഗുണത്തെ പ്രതിരോധിക്കേണ്ടതാണ്. നമ്മോട് ആരെങ്കിലും ഓരോ കാര്യത്തിന് ധൃതികൂട്ടുകയാണെങ്കിൽ നമുക്കത്ഇഷ്ടപ്പെടുമോ? അപ്പോൾ അല്ലാഹുവിനോട് ധൃതികൂട്ടുന്നത് വളരെ മോശമാണ്.

നാം ദുആ തുടർച്ചയായി ചെയ്തുകൊണ്ടിരിക്കുക. ഇത് എന്ന് സംഭവിക്കും, എന്നാണ് ഉത്തരം ലഭിക്കുക... ഇങ്ങനെയൊന്നും പറയാൻ പാടുള്ളതല്ല.

ഒരാൾ ദുആക്ക് ഉത്തരം കിട്ടുവാൻ ധൃതികാണിക്കുകയും അവന്റെ പ്രതീക്ഷ നഷ്ടപ്പെടുകയും ദുആ ചെയ്യുന്നത് ഉപേക്ഷിക്കുകയും ചെയ്യുന്നത് വളരെ മോശമാണ്. ഒരുവൻ വിത്ത് പാകി, വെള്ളമൊഴിച്ച്, അതിനെ പരിപാലിച്ചു. എന്നാൽ അത് വളരുന്നില്ലെന്ന് കാണുമ്പോൾ അയാൾ അത് പരിപാലിക്കുന്നത് നിർത്തിക്കളഞ്ഞു. അങ്ങനെ ചെടി നശിച്ച് പോകുന്നതാണ്. ഇതുപോലെയാണ് ദുആ ചെയ്ത് ഫലത്തിന് ധൃതികൂട്ടുന്നതിന്റെ ഉദാഹരണം. അബൂഹുറയ്റ(റ) നിവേദനം; റസൂലുല്ലാഹി(സ്വ) അരുളി: "അക്ഷമനല്ലാത്ത ഏതൊരാളിന്റെ ദുആയും അല്ലാഹു തആലാ സ്വീകരിക്കുന്നതാണ്. ഞാൻ ദുആ ചെയ്തിട്ടും അല്ലാഹു സ്വീകരിക്കുന്നില്ല എന്ന് മനസ്സിൽ ചിന്തിക്കരുത്" (ബുഖാരി 6340).

**പാഠം 5**

**ദുആ സ്വീകരിക്കപ്പെടാനുള്ള ചില മര്യാദകൾ**

1) ഹൃദയസാന്നിധ്യം: ഇത് ദുആ സ്വീകരിക്കപ്പെടാൻ അത്യാവശ്യമാണ്. അല്ലാഹുവിന് ആവശ്യം നമ്മുടെ ഹൃദയമാണ്; നമ്മുടെ നാവല്ല. അതുകൊണ്ട് ഹൃദയസാന്നിധ്യത്തോടെ ദുആ ചെയ്യേണ്ടതാണ്. ദുആ ചെയ്യുന്ന സമയത്ത് നമ്മുടെ മനസ്സിൽ മറ്റു ചിന്തകളൊന്നും പാടില്ല.

2) ദുആക്ക് ഉത്തരം ലഭിക്കുന്ന സമയങ്ങളിൽ ദുആ ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത സമയങ്ങളിൽ പ്രധാനപ്പെട്ടവ ഇവയാണ്: 1) രാത്രിയുടെ മൂന്നാം യാമത്തിൽ. 2) ബാങ്ക് വിളിക്കുന്ന സമയം. 3) ബാങ്കിനും ഇക്വാമത്തിനും ഇടയിൽ 4) നിർബന്ധ നമസ്കാരത്തിൽ സലാം വീട്ടുന്നതിന് മുമ്പ്. 5) ജുമുഅ ദിവസം ഖുത്വബക്ക് ഇമാം മിമ്പറിലേക്ക് കയറുമ്പോൾ. 6) വെള്ളിയാഴ്ച മഗ്‌രിബിന് മുമ്പുള്ള ഒരു മണിക്കൂർ. ദുആ ഏത് സമയത്തും ചെയ്യാവുന്നതാണ്. പക്ഷേ, ഈ സമയങ്ങളിൽ ചെയ്യുന്നതാണ് കൂടുതൽഉത്തമമാണ്.

3) ദുആ ചെയ്യുന്നത് ഹൃദയം വേദനിച്ചും വിനയത്തോടെയും കേണപേക്ഷിച്ചും കൊണ്ടായിരിക്കണം. അഹങ്കാരിയെപ്പോലെ അല്ലാഹുവിനോട് ചോദിക്കരുത്. ഒരു അടിമ യജമാനനോട് യാചിക്കുന്നതുപോലെയാവകണം.

4) ക്വിബ്‌ലയെ അഭിമുഖീകരിച്ചുകൊണ്ട് ദുആ ചെയ്യുക.

5) വുദൂഅ് ഉണ്ടായിരിക്കുന്നത് ഉത്തമമാണ്.

6) ഇരുകരങ്ങളും അല്ലാഹുവിലേക്ക് ഉയർത്തുക.

സൽമാനുൽ ഫാരിസി(റ) നിവേദനം; അല്ലാഹുവിന്റെ റസൂൽ(സ്വ) അരുളി: "നിശ്ചയം അല്ലാഹു വലിയ ഉദാരമതിയാകുന്നു. ഒരു അടിമ അവനോട് കരങ്ങളുയർത്തി ചോദിച്ചാൽ വെറുംകൈയോടെ അവനെ മടക്കിയയക്കാൻ അല്ലാഹു ലജ്ജിക്കുന്നു" (ഇബ്നുമാജ 3865).

7) ദുആ ആരംഭിക്കേണ്ടത് അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടും അവന് നന്ദി പറഞ്ഞുകൊണ്ടും ആയിരിക്കണം. നമുക്ക് ഉടനടി അല്ലാഹുവിനോട് ചോദിക്കാവുന്നതേയുള്ളൂ. പക്ഷേ, അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടും നന്ദി പറഞ്ഞുകൊണ്ടും ആയിരുന്നാൽ അതാണ് ഉത്തമം. കൂടാതെ, അല്ലാഹുവിനെ സ്തുതിക്കുന്നതുതന്നെ ഏറ്റവും ഉത്തമമായ ദുആയാണെന്ന് ഹദീസിൽ വന്നിട്ടുണ്ട്.

8) അല്ലാഹുവിന്റെ റസൂലിന്റെ മേൽ സ്വലാത്ത് ചൊല്ലേണ്ടതാണ്.

9) നമ്മുടെ ആവശ്യങ്ങൾ പറയും മുമ്പ് അല്ലാഹുവിനോട് പാപമോചനം തേടുകയും അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുക. നമ്മുടെ പ്രശ്നങ്ങളുടെ മുഖ്യകാരണം നമ്മുടെ പാപങ്ങളാണ്.

10) അല്ലാഹുവിനോട് നമ്മുടെ ആവശ്യങ്ങൾ പറയുമ്പോൾ മനസ്സിൽ പ്രതീക്ഷയും ഭയവും വേണം. ദുആക്ക് ഉത്തരം ലഭിക്കും എന്ന പ്രതീക്ഷയും നമ്മുടെ പാപങ്ങൾ നിമിത്തം ദുആ തള്ളപ്പെടുമോ എന്ന ഭയവും നിലനിർത്തുക.

11) അല്ലാഹുവിന്റെ തിരുനാമങ്ങളും മഹദ്ഗുണങ്ങളും മുൻനിർത്തിക്കൊണ്ട് ദുആ ചെയ്യുക.

12) ദുആയുടെ മുമ്പ് ദാനധർമം ചെയ്യുക

13) നമ്മുടെ സ്വന്തം വാക്കുകളെക്കാൾ ഉത്തമം സുന്നത്തായ ദുആകളാകുന്നു. കാരണം ഏറ്റവും ഉത്തമമായ ദുആ ചെയ്തിട്ടുള്ളത് അല്ലാഹുവിന്റെ റസൂലാണ്.

**എന്തുകൊണ്ട് ദുആ സ്വീകരിക്കപ്പെടുന്നില്ല?**

ചില ഘട്ടങ്ങളിൽ ദുആ സ്വീകരിക്കപ്പെടുന്നതല്ല എന്ന കാര്യം നാം മനസ്സിലാക്കേണ്ടതാണ്. പ്രസ്തുത ഘട്ടങ്ങൾ താഴെ കൊടുക്കുന്നു:

1) ദുആ അനുവദനീയമായ കാര്യങ്ങൾക്കല്ലെങ്കിൽ ദുആ സ്വീകരിക്കപ്പെടുന്നതല്ല. ഉദാ: നല്ലവരായ ആരെങ്കിലും നശിക്കാനായി ദുആ ചെയ്യുകയും അവരെ ശപിക്കുകയും ചെയ്താൽ അല്ലാഹു അത് സ്വീകരിക്കുകയില്ല. അതുകൊണ്ട് ഹദീസിൽ വന്നിട്ടുള്ള ദുആകൾ ചെയ്യുക.

2) ഹൃദയവും നാവും പരസ്പരവിരുദ്ധമായ അവസ്ഥയിലാണെങ്കിൽ ദുആ സ്വീകരിക്കപ്പെടില്ല. അതിനാൽ ഹൃദയവും നാവും പരസ്പരം യോജിക്കുന്ന നിലയിൽ ദുആകൾ നടത്തുക.

3) ദുആ സ്വീകരിക്കപ്പെടുന്നതിന് മുന്നിൽ വല്ല തടസ്സങ്ങൾ ഉണ്ടായാലും ദുആ സ്വീകരിക്കപ്പെടുന്നതല്ല. ഉദാ: ദുആ ചെയ്യുന്നവന്റെ പണം, ഭക്ഷണം, പാനീയം എന്നിവ ഹറാം ആയാൽ ദുആ സ്വീകരിക്കപ്പെടുന്നതല്ല.. അതിനാൽ ഹലാൽ ആയത് സമ്പാദിക്കുകയും ഭക്ഷിക്കുകയും ചെയ്യുക.

അറിയുക; നമ്മുടെ മനസ്സിനെ അല്ലാഹുവിലേക്ക് അടുപ്പിക്കുകയും അവന്റെ തൃപ്തി കാംക്ഷിക്കുകയും അവന്റെ സൃഷ്ടികളോട് നല്ലരീതിയിൽ വർത്തിക്കുകയും ചെയ്താൽ അവതന്നെ എല്ലാ നന്മകൾക്കും കാരണമായിത്തീരുന്നതാണ്. ജനങ്ങളുടെ തൃപ്തി മാത്രം കാംക്ഷിച്ചുകൊണ്ട് അവരിലേക്ക് അടുക്കുന്നതും സഹസൃഷ്ടികളോട് മോശമായി വർത്തിക്കുന്നതും സ്വന്തം ജീവിതത്തിൽ നാശം വിതക്കാനുള്ള കാരണങ്ങളാണ്. ഇബ്നു അബ്ബാസ്(റ) വിവരിക്കുന്നു: "ഒരിക്കൽ ഞാൻ അല്ലാഹുവിന്റെ റസൂലിന്റെ പുറകിൽ ഇരുന്ന് സഞ്ചരിക്കുകയായിരുന്നു. അപ്പോൾ അവിടുന്ന് അരുളി: "അല്ലയോ മകനേ, ചില കാര്യങ്ങൾ ഞാൻ നിനക്ക് പഠിപ്പിച്ച് തരട്ടെയോ? അല്ലാഹുവിന്റെ കൽപനകൾ പാലിക്കുക, അല്ലാഹു നിന്നെ കാത്തുരക്ഷിക്കുന്നതാണ്" (രിയാളുസ്സാലിഹീൻ).

**നമ്മുടെ മനസ്സിനെ അല്ലാഹുവിലേക്ക് അടുപ്പിക്കുകയും അവന്റെ തൃപ്തി കാംക്ഷിക്കുകയും അവന്റെ സൃഷ്ടികളോട് നല്ലരീതിയിൽ വർത്തിക്കുകയും ചെയ്താൽ അവതന്നെ എല്ലാ നന്മകൾക്കും കാരണമായിത്തീരുന്നതാണ്. ജനങ്ങളുടെ തൃപ്തി മാത്രം കാംക്ഷിച്ചുകൊണ്ട് അവരിലേക്ക് അടുക്കുന്നതും സഹസൃഷ്ടികളോട് മോശമായി വർത്തിക്കുന്നതും സ്വന്തം ജീവിതത്തിൽ നാശം വിതക്കാനുള്ള കാരണങ്ങളാണ്.**

**പാഠം 6**

## സദ്വിചാരം പുലർത്തുക, ആത്മവഞ്ചന പാടില്ല

അല്ലാഹുവിന്റെ കൽപനകൾ പാലിക്കാതെ അവന്റെ കാരുണ്യവും പൊരുത്തവും തേടുന്ന കുറെ ആളുകളുണ്ട്. അല്ലാഹു അതികഠിനമായി അവരെ ശിക്ഷിക്കുമെന്ന് അവർ മറന്നിരിക്കുന്നു.

"എന്റെ ദാസന്മാർക്ക് ഇപ്രകാരം അറിയിച്ചുകൊടുക്കുക: തീർച്ചയായും ഞാൻ വളരെ പൊറുക്കുന്നവനും വലിയ കാരുണ്യവാനുമാണ്. എന്റെ ശിക്ഷ വേദനാജനകമായ ശിക്ഷയാണ്" (അൽഹിജ്ർ 49-50).

എന്താണ് ഒരാളെ കൂടുതൽ ഉൽസുകനാക്കുന്നത്? ഭയമോ, പ്രതീക്ഷയോ? നിശ്ചയമായും ഭയം തന്നെ. അതായത് നാം വേണ്ടത് ചെയ്തില്ലെങ്കിൽ നമുക്ക് പലതും നഷ്ടപ്പെടും എന്ന ഭയം! ഒരാൾ ലാഭത്തെ പ്രതീക്ഷിക്കുന്നതിനെക്കാൾ നഷ്ടത്തെ ഭയപ്പെടുന്നു.

പാപം ചെയ്തിട്ട്, എനിക്ക് അല്ലാഹു പൊറുത്ത് തന്നുകൊള്ളും എന്ന രീതിയിൽ സമാധാനമായി ഇരിക്കുന്നത് ആത്മവഞ്ചനയാണ്. ഇത്തരം ആളുകളിൽനിന്നും അല്ലാഹുവിന്റെ ശിക്ഷയെ തടുക്കാൻ ആർക്കും സാധ്യമല്ല.

അല്ലാഹുവിന്റെ മാപ്പിനെ ആശ്രയിച്ച് പാപകർമങ്ങളിൽ മുഴുകിക്കഴിയുന്നവൻ ഒരു പിടിവാശിക്കാരനെപ്പോലെയാകുന്നു. കാരുണ്യവാനായ അല്ലാഹുവിനോട്

അനുസരണക്കേട് കാണിച്ചുകൊണ്ട് അവന്റെ കാരുണ്യം പ്രതീക്ഷിക്കുന്നത് വിഡ്ഢിത്തരമാണ്. അവന്റെ കാരുണ്യത്തിനായി ഒന്നും ചെയ്യാതെ വെറുതെ അതിന് ആഗ്രഹിക്കുകയും ഒടുവിൽ അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങാതെ ഇഹലോകത്തുനിന്നും യാത്രയാകുകയും ചെയ്യുന്നത് ആത്മവഞ്ചനയാണ്. പശ്ചാത്താപം സ്വീകരിക്കപ്പെടാൻ വിനയവും അതനുസരിച്ചുള്ള കർമങ്ങളും ആവശ്യമാണ്.

ഞാൻ അല്ലാഹുവിനെക്കുറിച്ച് നല്ലതുമാത്രമെ വിചാരിക്കുന്നുള്ളൂ എന്നു പറഞ്ഞ് നന്മകളൊന്നും ചെയ്യാത്ത ചിലരുണ്ട്. ഇത് വ്യാജമാണ്. അല്ലാഹുവിനെക്കുറിച്ച് നല്ലചിന്തകളുണ്ടെങ്കിൽ അയാൾ സൽകർമങ്ങളിൽ മുഴുകുമായിരുന്നു.

ഉസാമത്തുബ്നു സൈദ്(റ) നിവേദനം; അല്ലാഹുവിന്റെ റസൂൽ (സ്വ) അരുളി: "അന്ത്യനാളിൽ ഒരുവനെ കൊണ്ടുവന്ന് നരകത്തിൽ തള്ളും. അയാളുടെ കുടൽമാല പുറത്തുവരും. അയാൾ അതിനുചുറ്റും ഒരു കഴുത ആട്ടുകല്ലിന് ചുറ്റും തിരിയുന്നതുപോലെ ചുറ്റിത്തിരിയും. മറ്റു നരകവാസികൾ അയാൾക്ക് ചുറ്റും കൂടിക്കൊണ്ട് ചോദിക്കും: 'ഹേ മനുഷ്യാ, നിനക്ക് എന്ത് സംഭവിച്ചു? നീ ഞങ്ങളെ നല്ലത് ചെയ്യാൻ ക്ഷണിക്കുകയും തിന്മയിൽനിന്ന് വിട്ടുനിൽക്കുവാൻ ഉപദേശിക്കുകയും ചെയ്തവനല്ലേ?' അയാൾ പറയും: 'ഞാൻ നിങ്ങളെ നന്മ ചെയ്യുവാൻ ക്ഷണിച്ചു. പക്ഷേ, സ്വയം ചെയ്തില്ല. ഞാൻ നിങ്ങളെ തിന്മയിൽ നിന്നും വിട്ടുനിൽക്കാൻ ഉപദേശിച്ചു. പക്ഷേ, അത് സ്വയം ചെയ്തില്ല" (ബുഖാരി, മുസ്‌ലിം).

അയാൾ ഒരു പ്രബോധകനായിരുന്നു. അയാൾ മറ്റുള്ളവരെ നന്മയിലേക്ക് ക്ഷണിച്ചു. പക്ഷേ, അത് അയാൾ സ്വയം ചെയ്തില്ല. ചില സമയങ്ങളിൽ നമ്മൾ കുട്ടികളെ ഉപദേശിക്കും. സ്വയം ചെയ്യില്ല. ഇത് വലിയ തെറ്റാണ്.

ഇതുപോലെ ചില സ്ത്രീകൾ നോമ്പ് നോൽക്കുകയും രാത്രി നമസ്കാരം നിർവഹിക്കുകയും ചെയ്യുന്നു. പക്ഷേ, അവൾ തന്റെ അയൽക്കാരിയെ സ്വന്തം നാവുകൊണ്ട് ദ്രോഹിക്കുന്നവളായിരിക്കും. അവളുടെ സൽകർമങ്ങൾ അവൾക്ക് നഷ്ടമാകുമെന്ന് മാത്രമല്ല, അവയുടെ പ്രതിഫലം അയൽക്കാർക്ക് ലഭിക്കുകയും അവൾ നരകാവകാശിയായിത്തീരുകയും ചെയ്യും. ഇതെല്ലാം ആത്മവഞ്ചനയുടെ രൂപങ്ങളാണ്.

തന്നോട് അല്ലാഹുവിന് പ്രത്യേക സ്നേഹവും ഇഷ്ടവും ഉള്ളതുകൊണ്ടാണ് ഇഹലോകത്ത് തനിക്ക് അനേകം അനുഗ്രഹങ്ങൾ മറ്റുള്ളവരെക്കാൾ നൽകിയത് എന്ന തെറ്റായ ചിന്ത ആത്മവഞ്ചനയുടെ മറ്റൊരു രൂപമാണ്. ഇതൊക്കെ തന്റെ പക്കൽ സുരക്ഷിതമാണെന്നും പരലോകത്ത് ഇതിനെക്കാൾ മികച്ചത് തനിക്ക് ലഭിക്കുമെന്നും അയാൾ കരുതുന്നു.

അറിയുക; അല്ലാഹു ദുൻയാവ് അവൻ സ്നേഹിക്കുന്നവർക്കും അല്ലാത്തവർക്കും നൽകും. സ്വർഗാവകാശികൾ ഒരിക്കലും നന്മകളിൽ സമാധാനത്തിൽ കഴിയുന്നതല്ല. സ്വന്തം കുടുംബാംഗങ്ങൾക്കൊപ്പം സന്തോഷത്തോടെ ഇരിക്കുമ്പോൾ പോലും അവർ അല്ലാഹുവിന്റെ ശിക്ഷയെ ഭയക്കുന്നു.

"അവർ പറയും: നാം മുമ്പ് നമ്മുടെ കുടുംബത്തിലായിരിക്കെ ഭയപ്പെട്ടുകൊണ്ടിരിക്കുന്നവരായിരുന്നു" (അത്ത്വൂർ 26).

സച്ചരിതരായ ചില മുൻഗാമികൾ പറയുകയുണ്ടായി: 'അനുഗ്രഹങ്ങളുടെമേൽ അനുഗ്രഹങ്ങൾ നിങ്ങളുടെമേൽ ചൊരിയുന്നത് കണ്ടിട്ടും നിങ്ങൾ പാപങ്ങളിൽ അറിഞ്ഞുകൊണ്ട് മുഴുകുകയാണെങ്കിൽ സൂക്ഷിച്ചുകൊള്ളുക: പടിപടിയായിട്ടുള്ള നാശത്തിലേക്കുള്ള പോക്കാണത്.'

അല്ലാഹു ഉദാരമതിയാണ്. അത് നമ്മൾ അർഹിക്കുന്നതുകൊണ്ടല്ല എന്ന് ഓർക്കുക.

'ആത്മവഞ്ചിതൻ ഉള്ളിൽ രോഗമുള്ളവനാകുന്നു. പക്ഷേ, അവൻ അതറിയുന്നില്ല. അവരിൽ പലരുടെയും തിന്മകൾ അല്ലാഹു മറച്ചുവച്ചിരിക്കുകയാണ്. പക്ഷേ, അതിന്റെ പേരിൽ അവർ അഹങ്കരിക്കുന്നു. മറ്റു ചിലർ ജനങ്ങളുടെ പ്രശംസ കേട്ട് സ്വയംമറന്ന് കഴിയുന്നു' എന്ന് ചില മുൻഗാമികൾ പറഞ്ഞതായി കാണാം.

ആകയാൽ എല്ലാ സമയത്തും നമ്മൾ അല്ലാഹുവിനോട് നമ്മുടെ മാനസിക, ശാരീരിക പ്രയാസങ്ങളിൽ സൗഖ്യം ചോദിച്ചുകൊണ്ടിരിക്കുക. കാരണം ചില സമയങ്ങളിൽ നമ്മുടെ രോഗങ്ങൾ നമ്മൾ തന്നെ അറിയില്ല. ആളുകളുടെ സ്തുതി പറച്ചിലുകളിൽ പെട്ട് വഞ്ചിതരായിപ്പോയേക്കാം. നമ്മുടെ കുറവുകൾ അല്ലാഹു മറച്ചുവയ്ക്കുന്നതുകൊണ്ടാണ് ആളുകൾ നമ്മെ സ്തുതിക്കുന്നത്. നമ്മുടെ യാഥാർഥ്യം ആളുകൾ മനസ്സിലാക്കിയാൽ അവർ നമ്മോട് അടുക്കുമായിരുന്നില്ല. അല്ലാഹു നമ്മുടെ തെറ്റുകൾ മൂടിവയ്ക്കുന്നതുകൊണ്ട് നമ്മൾ സ്വയം വഞ്ചിതരാകാതെ സൂക്ഷിക്കണം. നമുക്ക് തെറ്റുകളും കുറവുകളും ഉണ്ടെന്ന് സ്വയം സമ്മതിക്കുകയും വേണം.

**ഏറ്റവുമധികം വഞ്ചിതരായവർ**

ദുൻയാവിന്റെ നിറക്കൂട്ടിൽ പെട്ടുപോയവർ ഏറ്റവുമധികം വഞ്ചിതരായിപ്പോയവരാണ്. പരലോകത്തിനെക്കാൾ അവർ ഇഹലോകത്തിന് വില കൽപിക്കുന്നു. പരലോകത്തിനുവേണ്ടി കാത്തിരിക്കാൻ ക്ഷമയില്ലാത്തതുകൊണ്ടാണ് പലരും ദുൻയാവിൽ മാത്രം തൃപ്തരാകുന്നത്. എന്നാൽ കുറച്ചുകൂടി ക്ഷമിച്ചാൽ കൂടുതൽ ഉത്തമമായത് ലഭിക്കുമെങ്കിൽ ക്ഷമിച്ച് കഴിയുക എന്നത് ഒരു വലിയ ലോകതത്ത്വമാണ്. തീർച്ചയായും പരലോകം ഇഹലോകത്തെക്കാൾ മികച്ചതാണല്ലോ.

അനുഗ്രഹങ്ങൾ ലഭിക്കുമ്പോൾ അവയെ അല്ലാഹു നീക്കംചെയ്യില്ല എന്ന് തെറ്റിദ്ധരിക്കുന്നത് ആത്മ വഞ്ചനയിൽ പെടുന്നു. ഉദാ: അല്ലാഹു നമുക്ക് അറിവ് തന്നു. അത് നമ്മളിൽനിന്ന് നീക്കംചെയ്യില്ല എന്ന് ഒരിക്കലും കരുതരുത്. അല്ലാഹു നമ്മെ അറിവുകൊണ്ട് അനുഗ്രഹിക്കട്ടെ- ആമീൻ.

**(തുടരും)**

ശരീരത്തിലും വസ്ത്രത്തിലും അൽപം പോലും അഴുക്കു പുരളാതെ ജീവിക്കുക എന്നത് അസാധ്യമാണ്; നിസ്സാരമായ തെറ്റു പോലും സംഭവിക്കാതെ ജീവിക്കുക എന്നതും അങ്ങനെ തന്നെ. സാധ്യമാകുന്നത്ര തെറ്റുകളിൽനിന്ന് അകന്നു നിൽക്കാനും ജീവിതത്തെ വിമലീകരിക്കാനും ആവശ്യമായ പ്രായോഗിക മാർഗദർശനം ഇസ്‌ലാം മുന്നോട്ടുവയ്ക്കുന്നുണ്ട്. അത് മനുഷ്യരെ ആത്യന്തിക വിജയത്തിലേക്ക് നയിക്കുന്നതാണ്.

# ജീവിതവിശുദ്ധിയുടെ ഇസ്‌ലാമിക പാഠങ്ങൾ

ഉസ്മാൻ പാലക്കാഴി
: 9656292244

മനുഷ്യമനസ്സ് കാറ്റിലലയുന്ന ചെറുതൂവൽപോലെ -നന്മകൾക്കും തിന്മകൾക്കുമിടയിൽ- നിരന്തരം സഞ്ചരിച്ചുകൊണ്ടിരിക്കുന്നതാണ്. ചില നേരങ്ങളിൽ നന്മയോട് ആഭിമുഖ്യം തോന്നുന്ന ഹൃദയം മറ്റുചില നേരങ്ങൾ തിന്മയിലേക്ക് തിരിയും. പുണ്യ-പാപങ്ങൾ ഇടകലർന്ന ജീവിതമേഖലയിൽ എല്ലാസമയത്തും പുണ്യം മാത്രം ചെയ്യുവാൻ കഴിയുക എന്നത് അപൂർവമായ സൗഭാഗ്യമാണ്. മനുഷ്യജീവിതത്തിന്റെ പ്രവാഹം നന്മയുടെയും പുണ്യത്തിന്റെയും മാർഗത്തിലൂടെ മാത്രമായിരിക്കുക എന്നത് അസംഭവ്യമായിരിക്കുന്നതിന് കാരണം മനുഷ്യമനസ്സിന്റെ അതിസങ്കീർണതകളാണ്. വൈകാരിക വിക്ഷുബ്ധതകളുടെയും ശാരീരിക, മാനസിക താൽപര്യങ്ങളുടെയും അടിമകളായി മനുഷ്യൻ ചെയ്യുന്ന പ്രവർത്തനങ്ങൾ ജീവിതത്തിൽ തീരാകളങ്കങ്ങളും വിലാപഹേതുക്കളുമായി കലാശിക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ തിരുത്തലിന്റെയും വീണ്ടെടുപ്പിന്റെയും മാർഗദർശനം മനുഷ്യർക്ക് ആവശ്യമായിവരുന്നു. ഇസ്‌ലാം അത്തരത്തിലുള്ള മാർഗദർശനങ്ങൾ മാനവരാശിക്ക് നൽകുന്നു. പശ്ചാത്താപം, ദൈവസ്മരണ, ജീവിതവിമലീകരണം തുടങ്ങിയ മാർഗങ്ങളിലൂടെ മനുഷ്യജീവിതത്തിൽ ദൈവികമാർഗദർശനാധിഷ്ഠിതമായ വീണ്ടെടുപ്പിന് ഇസ്‌ലാം സാഹചര്യങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. ക്വുർആൻ പറയുന്നത് കാണുക:



"നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനവും, ആകാശഭൂമിക ളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേ റുക. ധർമനിഷ്ഠ പാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്. (അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമങ്ങൾ ചെയ്യുകയും, കോപം ഒതുക്കിവെക്കുകയും, മനുഷ്യർക്ക് മാപ്പുനൽകുകയും ചെയ്യുന്നവർക്ക് വേണ്ടി. (അത്തരം) സൽകർമകാരികളെ അല്ലാഹു സ്നേഹി ക്കുന്നു. വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോടുതന്നെ വല്ല ദ്രോഹവും ചെയ്തുപോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാ പങ്ങൾക്ക് മാപ്പുതേടുകയും ചെയ്യുന്നവർക്ക് വേണ്ടി. -പാപങ്ങൾ പൊറുക്കു വാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്?- ചെയ്തുപോയ (ദുഷ്)പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ. അത്തരക്കാർക്കു ള്ള പ്രതിഫലം തങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനവും താഴ്ഭാ ഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളുമാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും. പ്രവർത്തിക്കുന്നവർക്ക് ലഭിക്കുന്ന പ്രതിഫലം എത്ര നന്നായിരിക്കുന്നു!" (ഖുർആൻ 3:133-136)

ജീവിത സംസ്കരണത്തിന്റെയും നവീകരണത്തിന്റെയും ഏറ്റവും മിക ച്ച മാർഗങ്ങൾ  മാനവരാശിക്ക് മുന്നിൽ അവതരിപ്പിച്ചുകൊണ്ട് ക്വുർആൻ പറയുന്നത് മനുഷ്യന് പ്രത്യാശയും നന്മയിലേക്ക് മുന്നേറുവാനു ള്ള അഭി നിവേശവും നൽകുന്ന കാര്യങ്ങളാണ്. ഉപരിസൂചിത വചനങ്ങളിൽനിന്നും നമുക്ക് ഇപ്രകാരം ഗ്രഹിക്കാം

"സ്രഷ്ടാവിൽനിന്നുള്ള പാപമോചനം മനുഷ്യൻ ധൃതിപ്പെട്ട് തേടേണ്ടതു ണ്ട്. അത് പിന്നീടാവാം എന്ന മനോഭാവം ഗുണകരമായിരിക്കില്ല. പാപമോ ചനം കാംക്ഷിക്കുന്ന മനുഷ്യന് ലഭിക്കുന്നത് പാപമോചന ത്തോടൊപ്പംത ന്നെ പ്രവിശാലമായ സ്വർഗീയ ജീവിതവും കൂടിയാണ്. പാപമോചനത്തിലൂടെ സംസ്കരിക്കപ്പെടുന്ന മനുഷ്യൻ ധർമനിഷ്ഠ പാലിക്കുന്നവൻ എന്ന രീതി യിൽ പരിഗണിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നു. പരലോകത്ത് അത്തരമൊരു പരിഗണനയ്ക്കും ആദരവിനും അർഹരായിത്തീരുവാൻ എല്ലാ സന്ദർഭങ്ങളിലുമുള്ള ദൈവസ്മരണയും ദാനധർമങ്ങളും വൈകാരിക വിക്ഷു ബ്ധതകളെ നിയന്ത്രിക്കലും മനുഷ്യരോട് ഉദാത്തമായ വിട്ടുവീഴ്ചാ മനോഭാവം പുലർത്തുകയും വേണ്ടതുണ്ട്. തിന്മകൾ പ്രവർത്തിക്കുക എന്നത് മനുഷ്യനെ ദൈവത്തിൽനിന്ന് പൂർണമായി അകറ്റുന്നതല്ല. എന്നാൽ പാപങ്ങളിലും തി ന്മകളിലും അടിയുറച്ച് നിൽക്കാതെ ദൈവസ്മരണയോടുകൂടിയ തിരുത്തൽ ആവശ്യമാണ്. പാപങ്ങളിൽ ഉറച്ചുനിൽക്കുന്നവർ തിരുത്തേണ്ടിടങ്ങളിൽ തിരുത്തുവാൻ തയാറാകാത്തവരാണ്. മനുഷ്യന്റെ തിന്മകളും നീചവൃത്തി കളും തിരുത്തുവാൻ അധികാരവും ഉദാരതയുമുള്ള സ്രഷ്ടാവിൽ അടിയുറച്ച വിശ്വാസം ആവശ്യമാണ്. മനുഷ്യനെ അനന്ത സൗഭാഗ്യങ്ങൾക്ക് അർഹനാ ക്കുന്നത് രക്ഷിതാവിന്റെ കാരുണ്യവും പാപമോചനവുമാണ്. സ്വയം തിരു ത്തുവാനും പശ്ചാത്തപിക്കുവാനും സന്നദ്ധതയുള്ളവർ അതിന് അർഹരാ യിത്തീരുകതന്നെ ചെയ്യും."

ജീവിതത്തിന്റെ നശ്വരതയെ ബോധ്യപ്പെടുത്തുന്ന നിരവധി ദൃഷ്ടാന്തങ്ങൾ പ്രപഞ്ചത്തിലും പ്രകൃതിയിലും ഉൾച്ചേർന്ന് കിടക്കുന്നുണ്ട്. മനുഷ്യജീവിത ത്തെ സംബന്ധിച്ചിടത്തോളം അവൻ ജീവിക്കുന്ന ഈ നിമിഷത്തിന് ശേഷ മുള്ളത് പ്രതീക്ഷ മാത്രമാണ്. ഒരുപക്ഷേ, ചില വ്യക്തികളെ സംബന്ധിച്ച് അടുത്തനിമിഷം ജീവിതത്തിൽ ഉണ്ടായെന്നുവരില്ല. കാലത്തിന്റെ നേർത്ത സൂചികൾ അതിവേഗം കറങ്ങിക്കൊണ്ടിരിക്കുകയാണ്. മിനുട്ടുകൾക്കും സെ ക്കന്റുകൾക്കുമിടയിലെ സൂക്ഷ്മമായ സമയാംഗങ്ങൾക്കിടയിൽ പ്രപഞ്ചത്തിലും പ്രകൃതിയിലും മനുഷ്യജീവിതത്തിലും പല മാറ്റങ്ങളും പരിവർത്തനങ്ങളും സംഭവിക്കുന്നു. ഇത് ചിലപ്പോൾ ദുരന്തങ്ങളാകാം, അവിചാരിതമായ സംഭവ പരമ്പരകൾ ആയിരിക്കാം. മറ്റു ചിലപ്പോൾ പ്രകൃതിയുടെ മാറ്റങ്ങളായിരിക്കാം.

മനുഷ്യൻ എത്രതന്നെ പുരോഗതി പ്രാപിച്ചാലും അവന്റെ ജീവിതത്തെ

**മനുഷ്യമനസ്സ് കാറ്റില ലയുന്ന ചെറുതൂവൽ പോലെ -നന്മകൾക്കും തിന്മകൾക്കുമിടയിൽ- നിരന്തരം സഞ്ചരിച്ചുകൊ ണ്ടിരിക്കുന്നതാണ്. ചില നേരങ്ങളിൽ നന്മയോട് ആഭിമുഖ്യം തോന്നുന്ന ഹൃദയം മറ്റുചില നേരങ്ങൾ തിന്മയിലേക്ക് തിരിയും. പുണ്യ-പാപങ്ങൾ ഇടക ലർന്ന ജീവിതമേഖല യിൽ എല്ലാസമയത്തും പുണ്യം മാത്രം ചെയ്യുവാൻ കഴിയുക എന്നത് അപൂർ വമായ സൗഭാഗ്യമാണ്. മനുഷ്യജീവിതത്തിന്റെ പ്രവാഹം നന്മയുടെയും പുണ്യത്തിന്റെയും മാർ ഗത്തിലൂടെ മാത്രമായി രിക്കുക എന്നത് അസം ഭവ്യമായിരിക്കുന്നതിന് കാരണം മനുഷ്യമനസ്സിന്റെ അതിസങ്കീർണതകളാണ്.**

> **മനുഷ്യൻ എത്രതന്നെ പുരോഗതി പ്രാപിച്ചാലും അവന്റെ ജീവിതത്തെ ചൂഴ്ന്നുനിൽക്കുന്ന അനിശ്ചിതത്വങ്ങളും അനിർണിതാവസ്ഥകളും ധാരാളമാണ്. അതുകൊണ്ടുതന്നെ നാളെ എന്നത് ഒരു ശരാശരി മനുഷ്യന്റെ കാര്യത്തിൽ എപ്രകാരം ഭാവനാത്മകമാണോ അപ്രകാരംതന്നെ അടുത്തനിമിഷം എന്നതും ഭാവനാത്മകമാണ്. ചെയ്യാനുള്ളത് അതിന്റെ സന്ദർഭം വരുമ്പോൾ ശ്രദ്ധയോടെയും ശരിയാംവണ്ണവും ചെയ്യുക എന്നത് മാത്രമാണ് മനുഷ്യന്റെ മുന്നിലുള്ള മാർഗം. ജീവിതതിലെ തെറ്റുശരികൾ പരിശോധിക്കുകയും ആവശ്യമായ തിരുത്തലുകൾ ഉടനടി വരുത്തുകയും ചെയ്യുവാൻ താമസിക്കുന്നത് വിവേകപൂർണമല്ല.**

ചൂഴ്ന്നുനിൽക്കുന്ന അനിശ്ചിതത്വങ്ങളും അനിർണിതാവസ്ഥകളും ധാരാളമാണ്. അതുകൊണ്ടുതന്നെ നാളെ എന്നത് ഒരു ശരാശരി മനുഷ്യന്റെ കാര്യത്തിൽ എപ്രകാരം ഭാവനാത്മകമാണോ അപ്രകാരം തന്നെ അടുത്തനിമിഷം എന്നതും ഭാവനാത്മകമാണ്. ചെയ്യാനുള്ളത് അതിന്റെ സന്ദർഭം വരുമ്പോൾ ശ്രദ്ധയോടെയും ശരിയാംവണ്ണവും ചെയ്യുക എന്നത് മാത്രമാണ് മനുഷ്യന്റെ മുന്നിലുള്ള മാർഗം. ജീവിതതിലെ തെറ്റുശരികൾ പരിശോധിക്കുകയും ആവശ്യമായ തിരുത്തലുകൾ ഉടനടി വരുത്തുകയും ചെയ്യുവാൻ താമസിക്കുന്നത് വിവേകപൂർണമല്ല. സ്വന്തം ഭാവനയും പദ്ധതിയുമനുസരിച്ച് നീങ്ങുന്ന ഒരു പ്രപഞ്ചക്രമത്തിന്റെ ഭാഗമല്ലാത്തതുപോലെ മനുഷ്യൻ സ്വന്തം ഭാവനയനുസരിച്ച് ചലിക്കുന്ന കാലത്തിന്റെ ഉടമസ്ഥനുമല്ല എന്ന പരമാർഥം തിരിച്ചറിയാൻ ശ്രമിക്കുകയും തിന്മകളുടെ മാലിന്യങ്ങളിൽനിന്നുള്ള ശുദ്ധീകരണത്തിന് സത്വരശ്രമങ്ങൾ നടതതുകയും ചെയ്യേണ്ടതുണ്ട്.

ഒരു തോണിയിൽ നദി മുറിച്ചുകടന്ന് അക്കരേക്ക് പോകുന്ന വ്യക്തിക്ക് തന്റെ പാപങ്ങൾക്കും തിന്മകൾക്കുമുള്ള പശ്ചാത്താപം അക്കരെയെത്തിയ ശേഷമാകാമെന്ന് തീരുമാനിച്ചുകൂടാ. കാരണം അയാൾ സഞ്ചരിക്കുന്ന തോണി അക്കരെ എത്തിയെന്നു വരാം, എത്താതിരിക്കുകയും ചെയ്യാം. ഒരു വിമാനത്തിൽ യാത്ര ചെയ്യുന്നവൻ തന്റെ ലക്ഷ്യസ്ഥാനത്ത് ഇറങ്ങിയശേഷം പശ്ചാത്തപിക്കാമെന്ന് ചിന്തിക്കാവതല്ല. കാരണം അവന്റെ വിമാനം ആകാശത്തിന്റെ അനന്തതയിൽ ഒരോർമ മാത്രമായി നശിച്ചുപോയെന്നുവരാം. ഇത്തരത്തിൽ മനുഷ്യജീവിതത്തെ ആഴത്തിൽ വലയംചെയ്തു നിൽക്കുന്ന അനിശ്ചിതത്വം പരിഗണിച്ചുകൊണ്ടാണ് വിശുദ്ധ ക്വുർആൻ 'നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക' എന്ന് (3:133) നിർ ദേശിച്ചിരിക്കുന്നത്.



പാപകൃത്യങ്ങളിൽ അകപ്പെടുകയും തിന്മകൾ പ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യർ പശ്ചാത്തപിക്കുമ്പോൾ അവർ സ്വർഗത്തിന്റെ അവകാശികളായിത്തീരുകയും അതോടൊപ്പംതന്നെ ധർമനിഷ്ഠ പാലിക്കുന്ന സച്ചരിതരോടൊപ്പം പരലോകത്ത് പരിഗണിക്കപ്പെടുകയും ചെയ്യുന്നു. പാപികൾ രണ്ടാംകിടക്കാരാണ് എന്ന ഒരുതരം അപകർഷതാബോധത്തിന് ഇസ്‌ലാം അവസരം സൃഷ്ടിക്കുന്നില്ല. പാപികൾ പാപികളായി തുടരുന്ന കാലത്തോളം അവർ രണ്ടാംകിടക്കാരായിരിക്കുമെങ്കിലും പശ്ചാത്താപ ത്തിലൂടെ സ്രഷ്ടാവിന്റെ പാപമോചനാനുഗ്രഹവും അതിവിശാലമായ പരലോകാനുഗ്രഹങ്ങളും അർഹമാക്കുമ്പോൾ അവർ സദ്വൃത്തരോടൊപ്പം സ്ഥാനം നേടുന്നു. ക്വുർആൻ ഈ സത്യത്തെ അരക്കിട്ടുറപ്പിക്കുകയാണ് 3:133,134 വചനങ്ങളിൽ.

ധർമനിഷ പാലിക്കുന്നവർക്കായി ഒരുക്കപ്പെട്ട അനുഗ്രഹങ്ങൾ പാപികൾക്ക് ലഭ്യമാകണമെങ്കിൽ ധർമനിഷ്ഠ പാവലിക്കുന്നവർക്ക് ക്വുർആൻ ചൂണ്ടിക്കാണിക്കുന്ന ഗുണങ്ങൾ വ്യക്തികളുടെ പശ്ചാത്താപാനന്തര ജീവിതത്തിൽ ഉണ്ടായിരിക്കുകയും വേണ്ടതുണ്ട്. ആ ഗുണങ്ങൾ 3:134ൽ പറയുന്നതിനെ ഇപ്രകാരം സംഗ്രഹിക്കാം:

1. സ്വന്തം സുഖ-ദുഃഖ സാഹചര്യങ്ങൾ പരിഗണിക്കാതെ തങ്ങൾക്ക് കൈവന്നിട്ടുള്ള സാമ്പത്തികവും മറ്റുമായ അനുഗ്രഹങ്ങളിൽനിന്നും അർഹമായ വ്യക്തികൾക്ക് ദാനധർമാദികൾ ചെയ്യും.

2. വൈകാരിക വിക്ഷോഭങ്ങൾ അടക്കുകയും സ്വയം നിയന്ത്രിക്കുകയും ചെയ്യും. കോപവിദ്വേഷാദി വികാരങ്ങൾക്കു വഴങ്ങി കടുത്ത നടപടികളോ പ്രവർത്തനങ്ങളോ അവരിൽനിന്നും ഉണ്ടാവുകയില്ല.

3. വിട്ടുവീഴ്ചയുടെയും ഔദാര്യത്തിന്റെയും ക്ഷമയുടെയും ഉദാത്ത ഗുണങ്ങൾ പ്രകടിപ്പിക്കുകയും അങ്ങനെ സമൂഹത്തിൽ സ്നേഹമസൃണമായ ഒരന്തരീക്ഷത്തിന് കാരണക്കാരായിത്തീരുകയും ചെയ്യും.

4. ഉദാത്തമായ മാനുഷികഗുണങ്ങൾ പ്രകടിപ്പിക്കുന്ന ഇവർ സ്രഷ്ടാവിന്റെ പ്രീതിക്ക് അർഹരും 'സൽകർമകാരികൾ' എന്ന മഹത്തായ വിശേഷണം അർഹിക്കുന്നവരുമായിരിക്കും.

പാപമോചനം ആഗ്രഹിക്കുന്നവർ മേൽപറഞ്ഞ സ്വഭാവഗുണങ്ങളിലേക്ക് പരിവർത്തിതരാകേണ്ടതുണ്ട് എന്നു വ്യക്തം.

തിന്മകൾക്ക് സാമൂഹികവും വൈയക്തികവുമായ സ്വഭാവങ്ങൾ ഉണ്ടായിരിക്കാമെങ്കിലും ഏതൊരു തിന്മയും ആത്യന്തികമായി അത് ചെയ്ത



വ്യക്തിയെയാണ് ബാധിക്കുന്നത്. ആരിൽനിന്ന് തിന്മ ഉത്ഭവിക്കുകയും പ്രവൃത്തികൾ തിന്മക്കിടയാക്കുകയും ചെയ്യുന്നുവോ അവൻ തന്നോടുതന്നെ ദ്രോഹം പ്രവർത്തിക്കുകയാണ് എന്ന് ക്വുർആൻ പറയുന്നു.

സ്രഷ്ടാവിന് വിരുദ്ധമായ സൃഷ്ടിദ്രോഹം വ്യക്തിയിൽനിന്നുണ്ടാകുമ്പോൾ അവൻ തന്റെ സ്രഷ്ടാവിനെ വിസ്മരിക്കുകയും അതുവഴി തന്നോടുതന്നെ അനീതികാട്ടുകയുമാണ് ചെയ്യുന്നത്. ഇതിനെയാണ് ക്വുർആൻ 'സ്വന്തത്തോടുള്ള ദ്രോഹ'മെന്ന് വിശേഷിപ്പിക്കുന്നത്. ഇങ്ങനെ നീചവൃത്തി ചെയ്യുന്നവർ ഏറ്റവും അടുത്ത നിമിഷത്തിൽതന്നെ സ്വന്തം വീഴ്ചകൾ മനസ്സിലാക്കുകയും സ്രഷ്ടാവിനെക്കുറിച്ച് ബോധവാന്മാരാവുകയും ചെയ്തുകൊണ്ട് സൻമാർഗ സരണിയിലേക്ക് തിരിയേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനപ്രേരണ സ്രഷ്ടാവിനെക്കുറിച്ചുള്ള ഓർമയാണ്.

തന്നെ സൃഷ്ടിച്ച് പരിപാലിക്കുന്ന നാഥൻ ഇഷ്ടപ്പെടാത്ത ഒരു കാര്യമാണല്ലോ തന്നിൽനിന്നും ഉണ്ടായിരിക്കുന്നത് എന്ന് ചിന്തിക്കുന്ന മനുഷ്യൻ ചെയ്യുന്ന പശ്ചാത്താപമാണ് അർഥവത്താവുക. സൃഷ്ടികളുടെ മുമ്പിലുള്ള കുമ്പസാരങ്ങളും ഏറ്റുപറച്ചിലുകളും മനുഷ്യജീവിത വിമലീകരണത്തിന് ഫലപ്രദമായിരിക്കുകയില്ല. പശ്ചാത്താപത്തിന്റെ മർമം ദൈവസ്മരണയും തന്നെ ചോദ്യം ചെയ്യുവാനും വിധിക്കാനും അർഹതയും അവകാശവുമുള്ള സ്രഷ്ടാവിന് വിരുദ്ധമായതാണല്ലോ തന്റെ നീചവൃത്തി എന്ന പാപബോധവുമാണ്. ഈ ഘടകങ്ങൾ അവഗണിച്ചുകൊണ്ടുള്ള പശ്ചാത്താപം ഫലപ്രദമാകില്ലെന്നാണ് ക്വുർആൻ മനസ്സിലാക്കിത്തരുന്നത്.

മനുഷ്യനെ സൃഷ്ടിക്കുകയും ജീവിതം നൽകുകയും നന്മതിന്മകളെക്കുറിച്ചുള്ള പാഠങ്ങൾ പഠിപ്പിക്കുകയും പ്രപഞ്ചം, പ്രകൃതി, കാലം, സ്ഥലം എന്നിവയുടെയെല്ലാം നിയന്ത്രണവും അധികാരവും കൈവശം വച്ചിരിക്കുകയും ചെയ്യുന്ന മഹാശക്തിയെ കുറിച്ച് ചിന്തിക്കാത്ത തരത്തിൽ ഒരു നവീകരണം നിഷ്ഫലമാണ്.

പാപങ്ങൾ പൊറുക്കുക എന്ന, സ്രഷ്ടാവിന്റെ ഔദാര്യമില്ലെങ്കിൽ പമോചനം എന്ന അനുഗ്രഹവുമില്ല. എന്നാൽ ഇതിന് മനുഷ്യൻ അർഹനാകുവാൻ വേണ്ട തെരഞ്ഞെടുപ്പ് മനുഷ്യന്റെ വിവേകപൂർണമായ ചിന്താഗതിയിൽനിന്നുണ്ടാവണം. തെറ്റിനെക്കുറിച്ചുള്ള ബോധ്യവും പാപവിമോചനത്തിന്റെ ആവശ്യകതയും മനസ്സിലാക്കി ആത്മാർഥമായ പരിവർത്തനത്തിന് മനുഷ്യൻ സന്നദ്ധനാകുമ്പോൾ സ്രഷ്ടാവിന്റെ അനുഗ്രഹത്തിന് അവൻ അർഹത നേടുന്നു. നിഷേധാത്മക മനോഭാവവും തിന്മകളിൽ നിരന്തരം വ്യാപൃതമാകാനുള്ള താൽപര്യവും ആധിപത്യം ചെലുത്തുമ്പോൾ പുനരാലോചനക്ക് അവസരമുണ്ടാകുന്നില്ല. അത്തരം ഘട്ടങ്ങളിൽ നീണ്ടു നീണ്ടുപോകുന്ന നീചവൃത്തികളുടെ പാതയിലൂടെ മനുഷ്യൻ നീങ്ങുന്നു.

മറ്റൊരു അടിസ്ഥാനപരമായ കാര്യം പാപങ്ങൾ പൊറുക്കുവാനും പാപമോചനം നൽകുവാനും സ്രഷ്ടവിനല്ലാതെ അധികാരവും അവകാശവുമില്ലെന്ന ബോധം ഉണ്ടായിരിക്കണമെന്നതാണ്. ഇത്തരം ഒരവകാശവും അധികാരവും മറ്റാർക്കെങ്കിലും വകവച്ചുകൊടുക്കുന്നിടത്ത് ജീവിത വിമലീകരണത്തിനാവശ്യമായ പശ്ചാത്താപം സാധ്യമല്ല. പ്രപഞ്ചത്തിന്റെയും തന്റെയും സൃഷ്ടികർത്താവായവൻ മനുഷ്യർക്ക് നൽകുന്ന ഔദാര്യവും അനുഗ്രഹവും മറ്റു കേന്ദ്രങ്ങളിൽനിന്ന് പ്രതീക്ഷിക്കുകയെന്നത് അക്രമവും അവിവേകവുമാണ്. വിവേകമതിയായ മനുഷ്യൻ ഇത്തരം തെറ്റായ പ്രതീക്ഷ വച്ചുപുലർത്തുകയില്ല.

നന്മതിന്മകൾ ദൈവികമാർഗദർശനത്തിന്റെ അടിസ്ഥാനത്തിൽ നിർണയിക്കപ്പെട്ടിട്ടുണ്ട്. അവ വേർതിരിച്ചറിയുകയും തദനുസൃതം ജീവിതം ക്രമീകരിക്കുകയുമാണ് മനുഷ്യൻ ചെയ്യേണ്ടത്. അതിന് തയ്യാറുള്ളവർ കുറെ വിധികളും വിലക്കുകളും അനുസരിക്കേണ്ടതുണ്ട്. ദൈവിക മാർഗദർശനത്തിന്റെ പാതയിലൂടെ ലഭിക്കുന്നതാണ്

**തന്നെ സൃഷ്ടിച്ച് പരിപാലിക്കുന്ന നാഥൻ ഇഷ്ടപ്പെടാത്ത ഒരു കാര്യമാണല്ലോ തന്നിൽനിന്നും ഉണ്ടായിരിക്കുന്നത് എന്ന് ചിന്തിക്കുന്ന മനുഷ്യൻ ചെയ്യുന്ന പശ്ചാത്താപമാണ് അർഥവത്താവുക. സൃഷ്ടികളുടെ മുമ്പിലുള്ള കുമ്പസാരങ്ങളും ഏറ്റുപറച്ചിലുകളും മനുഷ്യജീവിത വിമലീകരണത്തിന് ഫലപ്രദമായിരിക്കുകയില്ല. പശ്ചാത്താപത്തിന്റെ മർമം ദൈവസ്മരണയും തന്നെ ചോദ്യം ചെയ്യുവാനും വിധിക്കാനും അർഹതയും അവകാശവുമുള്ള സ്രഷ്ടാവിന് വിരുദ്ധമായതാണല്ലോ തന്റെ നീചവൃത്തി എന്ന പാപബോധവുമാണ്.**

യഥാർഥ സ്വാതന്ത്ര്യം.; മറിച്ചുള്ളത് പാരതന്ത്ര്യവും. ആ പാരതന്ത്ര്യത്തെ ഖുർആൻ വിശേഷിപ്പിക്കുന്നത് 'നഷ്ടം' എന്നാണ്.

"കാലം തന്നെയാണ് സത്യം, തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു; വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ'' (ഖുർആൻ 103:1-3).

മനുഷ്യചരിത്രത്തിന്റെ ഭൂതകാലാനുഭവങ്ങളിൽനിന്നും ഉരുത്തിരിയുന്ന പാഠമാണ് ദുർവൃത്തരുടെ നഷ്ടം അനിവാര്യമാണെന്നത്. അതുകൊണ്ട് കൂടിയാണ് ഖുർആൻ ഇവിടെ കാലത്തെ എടുത്തുപറഞ്ഞ് സത്യം ചെയ്തിരിക്കുന്നത് എന്നു മനസ്സിലാക്കാം. കാലം പഠിപ്പിച്ച പാഠങ്ങൾ ദൈവി



**നന്മതിന്മകൾ ദൈവികമാർഗദർശനത്തിന്റെ അടിസ്ഥാനത്തിൽ നിർണയിക്കപ്പെട്ടിട്ടുണ്ട്. അവ വേർതിരിച്ചറിയുകയും തദനുസൃതം ജീവിതം ക്രമീകരിക്കുകയുമാണ് മനുഷ്യൻ ചെയ്യേണ്ടത്. അതിന് തയ്യാറുള്ളവർ കുറെ വിധികളും വിലക്കുകളും അനുസരിക്കേണ്ടതുണ്ട്. ദൈവിക മാർഗദർശനത്തിന്റെ പാതയിലൂടെ ലഭിക്കുന്നതാണ് യഥാർഥ സ്വാതന്ത്ര്യം.; മറിച്ചുള്ളത് പാരതന്ത്ര്യവും. ആ പാരതന്ത്ര്യത്തെ ഖുർആൻ വിശേഷിപ്പിക്കുന്നത് 'നഷ്ടം' എന്നാണ്.**

മാർഗദർശനാനുസൃതം മനുഷ്യൻ ജീവിതത്തെ തിരുത്തണമെന്നതാണ്. അതുകൊണ്ട് കാലത്തിന്റെ പാഠങ്ങൾ മനുഷ്യനെ ചിന്താപരമായി വളർത്തുന്നതാണ്. അതാണ് ഖുർആൻ 103:1-3 നൽകുന്ന സന്ദേശം.

കാലത്തെക്കൊണ്ട് സത്യം ചെയ്യുന്നതിലൂടെ കാലത്തിന്റെ സംഭാവനകളായി ഗണിക്കപ്പെടുന്ന ചരിത്ര സംഭവങ്ങൾ, ആശയങ്ങൾ, ചിന്താഗതികൾ, വ്യക്തികളുടെ പ്രവർത്തനങ്ങൾ എന്നിവയിലേക്ക് മനുഷ്യരാശിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ് ഖുർആൻ ചെയ്യുന്നത്. കാലത്തിന്റെ പാഠമെന്ന നിലയിൽ അവതരിപ്പിക്കുന്ന രണ്ടു സംഗതികൾ, സത്യവിശ്വാസം സ്വീകരിക്കുകയും സൽപ്രവൃത്തികൾ ചെയ്യുകയും സത്യവും ക്ഷമയും കൈക്കൊള്ളുവാൻ പരസ്പരം ഉപദേശിക്കുകയും ചെയ്തവരൊഴികെ മറ്റെല്ലാവരും പരാജയത്തിലാണ്; എന്നാൽ അത്തരമൊരു ജീവിത സംസ്കാരം അവലംബിച്ചവർ പരാജിതരല്ല എന്നിവയാണ്. സദ്വൃത്തരായ ആളുകളോട് ചേർന്നുനിൽക്കുവാനും അവരിൽ ഉൾപ്പെടുവാനും ശ്രമിച്ചവർ വിജയികളും അല്ലാത്തവർ പരാജിതരുമായതിന്റെ ചിത്രങ്ങൾ എമ്പാടുമുള്ളവയാണ് ചരിത്രപാഠങ്ങൾ. ഇവയെ പാഠാത്മകമായി പരിഗണിക്കേണ്ടുന്ന ബാധ്യത മനുഷ്യരാശിക്കുണ്ട്. വിജയികളും പരാജിതരുമായി വേർതിരിഞ്ഞുനിൽക്കുന്ന ഭൂതകാല മനുഷ്യസഞ്ചയത്തിന്റെ അനുഭവങ്ങളിലേക്ക് വിരൽചൂണ്ടുന്ന എല്ലാ ഖുർആൻ വചനങ്ങളുടെയും മുമ്പോ ശേഷമോ ആയി വരുന്ന പരാമർശങ്ങൾ ചിന്തിക്കുവാനോ പാഠങ്ങൾ ഉൾകൊള്ളുവാനോ സൽകർമങ്ങൾ അനുഷ്ഠിക്കുവാനോണാ ആഹ്വാനം ചെയ്യുന്നവയാണെന്നത് ശ്രദ്ധേയമാണ്. ദുഷ്കൃത്യങ്ങളിൽ നിന്ന് പിന്തിരിയുവാൻ ആഹ്വാനം നൽകുകയും പശ്ചാത്താപത്തിലൂടെ ജീവിത വിമലീകരണത്തിന്റെ പാത സ്വീകരിക്കുവാൻ നിർദേശിക്കുകയും ചെയ്യുന്ന, ആദ്യം ഉദ്ധരിച്ച ഖുർആൻ വചനങ്ങൾ (3:133-136) കഴിഞ്ഞാൽ വരുന്ന വചനങ്ങളും ഇത്തരത്തിൽ ചിന്തിക്കുവാൻ ആഹ്വാനം നൽകുന്നുവെന്നത് കാണുക.

"നിങ്ങൾക്ക് മുമ്പ് പല (ദൈവിക) നടപടികളും കഴിഞ്ഞുപോയിട്ടുണ്ട്. അതിനാൽ നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിച്ചിട്ട് സത്യനിഷേധികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുവിൻ. ഇത് മനുഷ്യർക്കായുള്ള ഒരു വിളംബരവും, ധർമനിഷ്ഠ പാലിക്കുന്നവർക്ക് മാർഗദർശനവും സാരോപദേശവുമാകുന്നു'' (3:137-138).

നന്മയും തിന്മയും അനുസരിച്ചുള്ള രണ്ടു വ്യത്യസ്ത ജീവിതരീതികളിലൂടെ മുന്നോട്ടുപോകുന്ന മാനവരാശിക്ക്, അത്തരം വിഭിന്ന ജീവിതരീതികളെ അടിസ്ഥാനമാക്കിയുള്ള അനുഭവങ്ങളെ അഭിമുഖീകരിക്കേണ്ടിവരിക സ്വാഭാവികം. നന്മയുടെയും തിന്മയുടെയും ഫലങ്ങളും പാഠങ്ങളും വ്യത്യസ്തങ്ങളായിരിക്കും. തിന്മ ചെയ്യേണ്ടിവരിക എന്നതും തിന്മയെ ജീവിതചര്യയാക്കുക എന്നതും വേറിട്ട കാര്യങ്ങളാണ്. തിന്മ ചെയ്യേണ്ടിവരികയും, എന്നാൽ പിന്നീട് നന്മയിലേക്ക് എത്തിച്ചേർന്ന്, നന്മയിൽ അധിഷ്ഠിതമായ വ്യക്തമായ ജീവിതരീതി അവലംബിക്കുക



**നന്മയും തിന്മയും അനുസരിച്ചുള്ള രണ്ടു വ്യത്യസ്ത ജീവിതരീതികളിലൂടെ മുന്നോട്ടുപോകുന്ന മാനവരാശിക്ക്, അത്തരം വിഭിന്ന ജീവിതരീതികളെ അടിസ്ഥാനമാക്കിയുള്ള അനുഭവങ്ങളെ അഭിമുഖീകരിക്കേണ്ടിവരിക സ്വാഭാവികം. നന്മയുടെയും തിന്മയുടെയും ഫലങ്ങളും പാഠങ്ങളും വ്യത്യസ്തങ്ങളായിരിക്കും. തിന്മ ചെയ്യേണ്ടിവരിക എന്നതും തിന്മയെ ജീവിതചര്യയാക്കുക എന്നതും വേറിട്ട കാര്യങ്ങളാണ്. തിന്മ ചെയ്യേണ്ടിവരികയും, എന്നാൽ പിന്നീട് നന്മയിലേക്ക് എത്തിച്ചേർന്ന്, നന്മയിൽ അധിഷ്ഠിതമായ വ്യക്തമായ ജീവിതരീതി അവലംബിക്കുകയും ചെയ്താൽ ചരിത്രത്തിലെ ദുർവൃത്തരുടെ പട്ടികയിൽനിന്ന് മോചനം നേടാൻ കഴിയുമെന്ന അടിസ്ഥാനപരമായ വിമോചനത്തിന്റെ സന്ദേശം എല്ലാ ദൂതന്മാരുടെയും പ്രബോധനങ്ങളിൽ ഉണ്ടായിരുന്നു.**

യും ചെയ്താൽ ചരിത്രത്തിലെ ദുർവൃത്തരുടെ പട്ടികയിൽനിന്ന് മോചനം നേടാൻ കഴിയുമെന്ന അടിസ്ഥാനപരമായ വിമോചനത്തിന്റെ സന്ദേശം എല്ലാ ദൂതന്മാരുടെയും പ്രബോധനങ്ങളിൽ ഉണ്ടായിരുന്നു. ഈ സന്ദേശം പ്രാവർത്തികമാക്കിയവർ സത്യത്തെ പാലിച്ചവരും അല്ലാത്തവർ സത്യനിഷേധികളുമായി വേർതിരിഞ്ഞുനിൽക്കുന്നു. പൂർവകാലത്തെ കുറിച്ചുള്ള ചരിത്രാനുഭവങ്ങൾ ഓർമിക്കുവാൻ ക്വുർആൻ ആഹ്വാനം ചെയുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്.

ദൈവിക മാർഗദർശനപ്രകാരമുള്ള പരിവർത്തനത്തെ വിജയത്തിന്റെയും പരിവർത്തനമില്ലായ്മയെ പരാജയത്തിന്റെയും അടിസ്ഥാനമായി ക്വുർആൻ കാണുന്നു. സ്രഷ്ടാവിനെ അനുസരിക്കുന്നവരും അനുസരിക്കാത്തവരുമായി ജനത വേർതിരിയുന്നു. വ്യക്തികളും ഒരു വിഭാഗംതന്നെയും സ്വന്തം തെറ്റുകളും പരിമിതികളും തിരിച്ചറിഞ്ഞ് തിരുത്തുവാൻ തയ്യാറാകുന്ന മാനസികാവസ്ഥ സ്രഷ്ടാവിനോടുള്ള വിധേയത്വത്തിന്റെ അടയാളമായി പരിഗണിക്കപ്പെടുന്നു. ഈ ആശയം വരുന്ന നിരവധി വചനങ്ങൾ ക്വുർആനിൽ കാണാവുന്നതാണ്.

"എന്നാൽ ഒരാൾ തന്റെ രക്ഷിതാവിങ്കൽനിന്ന് ലഭിച്ച വ്യക്തമായ തെളിവിനെ അവലംബിക്കുന്നു. അവങ്കൽനിന്നുള്ള ഒരു സാക്ഷി (ക്വുർആൻ) അതിനെ തുടർന്ന് വരുകയും ചെയ്യുന്നു. അതിനുമുമ്പ് മാതൃകയും കാരുണ്യവുമായിക്കൊണ്ട് മൂസായുടെ ഗ്രന്ഥം വന്നിട്ടുമുണ്ട്. (അങ്ങനെയുള്ള ഒരാൾ ആ ദുൻയാ പ്രേമികളെ പോലെ ക്വുർആൻ നിഷേധിക്കുമോ? ഇല്ല.) അത്തരക്കാർ അതിൽ വിശ്വസിക്കും. വിവിധ സംഘങ്ങളിൽനിന്ന് അതിൽ അവിശ്വസിക്കുന്നവരാരോ അവരുടെ വാഗ്ദത്തസ്ഥാനം നരകമാകുന്നു. ആകയാൽ നീ അതിനെപ്പറ്റി സംശയത്തിലാവരുത്. തീർച്ചയായും അത് നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള സത്യമാകുന്നു. പക്ഷേ, ജനങ്ങളിൽ അധികപേരും വിശ്വസിക്കുന്നില്ല" (ക്വുർആൻ 11:17).

"അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചവനെക്കാൾ അക്രമിയായി ആരുണ്ട്? അവർ അവരുടെ രക്ഷിതാവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുന്നതാണ്. സാക്ഷികൾ പറയും: ഇവരാകുന്നു തങ്ങളുടെ രക്ഷിതാവിന്റെ പേരിൽ കള്ളം പറഞ്ഞവർ. ശ്രദ്ധിക്കുക: അല്ലാഹുവിന്റെ ശാപം ആ അക്രമികളുടെമേലുണ്ടായിരിക്കും. അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് തടയുകയും, അതിന് വക്രത വരുത്താൻ ആഗ്രഹിക്കുകയുംചെയ്യുന്നവരത്രെ അവർ. അവരാകട്ടെ പരലോകത്തിൽ വിശ്വാസമില്ലാത്തവരുമാണ്. അക്കൂട്ടർ ഭൂമിയിൽ (അല്ലാഹുവെ) തോൽപിക്കാൻ കഴിയുന്നവരായിട്ടില്ല. അല്ലാഹുവിന് പുറമെ അവർക്ക് രക്ഷാധികാരികളാരും ഉണ്ടായിട്ടുമില്ല. അവർക്ക് ശിക്ഷ ഇരട്ടിപ്പിക്കപ്പെടുന്നതാണ്. അവർ കേൾക്കാൻ കഴിയുന്നവരായില്ല. അവർ കണ്ടറിയുന്നവരുമായില്ല" (ക്വുർആൻ 11:18-20).

"അത്തരക്കാരാകുന്നു ആത്മനഷ്ടം പറ്റിയവർ. അവർ കെട്ടിച്ചമച്ചിരുന്നതെല്ലാം അവരെവിട്ടു മാറിക്കളയുകയും ചെയ്തു. നിസ്സംശയം, അവർ തന്നെയാണ് പരലോകത്തിൽ ഏറ്റവും നഷ്ടം പറ്റിയവർ. തീർച്ചയായും വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും, തങ്ങളുടെ രക്ഷിതാവിങ്കലേക്ക് വിനയപൂർവം മടങ്ങുകയും ചെയ്തവരാരോ അവരാകുന്നു സ്വർഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും. ഈ രണ്ട് വിഭാഗങ്ങളുടെയും ഉപമ അന്ധനും ബധിരനുമായ ഒരാളെപ്പോലെയും, കാഴ്ചയും കേൾവിയുമുള്ള മറ്റൊരാളെപ്പോലെയുമാകുന്നു. ഇവർ ഇരുവരും ഉപമയിൽ തുല്യരാകുമോ? അപ്പോൾ നിങ്ങൾ ചിന്തിച്ചുനോക്കുന്നില്ലേ?" (ക്വുർആൻ 11: 21-24).

പൂർവകാല സമുദായങ്ങളിലെ വിശ്വാസ-അവിശ്വാസ പ്രവണതകളുടെയും അവയുടെ തുടർച്ചയായ പരിവർത്തനങ്ങളുടെയും വിലയിരുത്തലാണ് മേൽപറഞ്ഞ വചനങ്ങൾ ഉൾകൊള്ളുന്നത്.

**(അവസാനിച്ചില്ല)**



# ഇസ്‌ലാം പഠിപ്പിക്കുന്ന ആതിഥ്യമര്യാദകൾ

ഡോ. ടി. കെ യൂസുഫ്
:9349798262

മുഹമ്മദ് നബി(സ്വ)യുടെ നിയോഗമനത്തിനു മുമ്പുതന്നെ അറബികൾ അതിഥികളുടെ ആഗമനത്തിൽ സന്തോഷിക്കുകയും അവർക്ക് വേണ്ട സേവനം ചെയ്യുന്ന കാര്യത്തിൽ അങ്ങേയറ്റം ഉത്സാഹം കാണിക്കുകയും ചെയ്തിരുന്നു. മനുഷ്യപ്രകൃതിയിൽ രൂഢമൂലമായിട്ടുള്ളതും സകല മതങ്ങളും പ്രത്യയശാസ്ത്രങ്ങളും വാഴ്ത്തുകയും ചെയ്തിട്ടുള്ള ആതിഥ്യത്തിന് ഇസ്‌ലാം അത്യധികം പ്രാധാന്യം നൽകുന്നുണ്ട്.

‘ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുണ്ടെങ്കിൽ അവൻ തന്റെ അതിഥിയെ ആദരിക്കട്ടെ’ എന്നാണ് നബി(സ്വ) പഠിപ്പിച്ചിട്ടുള്ളത്.

**‘ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുണ്ടെങ്കിൽ അവൻ തന്റെ അതിഥിയെ ആദരിക്കട്ടെ’ നബി(സ്വ)**

ഒരു ഖുദ്സിയായ ഹദീസിൽ ഇപ്രകാരം വന്നിട്ടുണ്ട്: “അല്ലാഹു പറയുന്നു: എന്റെ പേരിൽ പരസ്പരം സന്ദർശിക്കുന്നവർക്ക് എന്റെ സ്നേഹം അർഹതപ്പെട്ടതായിത്തീരും.”

ഹദീസ് ഗ്രന്ഥങ്ങൾ പരതുകയാണെങ്കിൽ ഈ വിഷയത്തിൽ വേറെയും ഹദീസുകൾ കാണാൻ കഴിയും. നമ്മുടെ സൗഹൃദ സന്ദർശനങ്ങൾ പുണ്യകരമായിത്തീരാൻ അതിഥിയും ആതിഥേയനും ശ്രദ്ധിക്കേണ്ട ചില നിർദേശങ്ങളാണ് ഇവിടെ ചുരുക്കി വിവരിക്കുന്നത്.

1. അതിഥികളെ സ്വീകരിക്കുന്നതിന് വേണ്ടി അൽപം ആകർഷകമായി അണിഞ്ഞൊരുങ്ങുന്നത് പ്രവാചക മാതൃകയിൽ പെട്ടതാണ്. നബി(സ)ക്ക് നിവേദക സംഘങ്ങളെ സ്വീകരിക്കാനും വെള്ളിയാഴ്ചയിൽ ധരിക്കാനും പ്രത്യേക വസ്ത്രങ്ങളുണ്ടായിരുന്നു. നാം അതിഥികളായി പോകുമ്പോഴും ഈ ചര്യ പാലിക്കാവുന്നതാണ്. അവിചാരിതമായി ആരെങ്കിലും വീട്ടിലേക്ക് കയറിവരുമ്പോൾ അണിഞ്ഞൊരുങ്ങുക എന്ന നിർദേശം പാലിക്കാൻ കഴിയുകയില്ലല്ലോ. അത്തരം സന്ദർഭങ്ങളിൽ സാധിക്കും പ്രകാരം ചെയ്യുക. അവരുടെ വരവിൽ നമുക്ക് സന്തോഷമാണുള്ളത് എന്ന് അവർ മനസ്സിലാക്കണം.

2. അതിഥികൾക്ക് വിശിഷ്ടമായ ആഹാര വസ്തുക്കൾ കഴിക്കാൻ നൽകുന്നതും പുണ്യകരമാണ്. ഇബ്‌റാഹീം നബി(അ)യുടെ അടുക്കൽ മലക്കുകൾ അതിഥികളായി വന്നപ്പോൾ അദ്ദേഹം ധൃതിയിൽ ഭാര്യയുടെ അടുത്തേക്ക് ചെന്നതും ഒരു തടിച്ച കാളക്കുട്ടിയെ അറുത്ത് വേവിച്ച് കൊണ്ടുവന്നതുമൊക്കെ ക്വുർആൻ എടുത്തു പറയുന്നുണ്ട്. (ഹൂദ് 69).

ആതിഥ്യമര്യാദയുടെ ഒട്ടേറെ പാഠങ്ങൾ ഈ സംഭവത്തിൽനിന്നും ഗ്രഹിക്കാൻ കഴിയും. ഇബ്‌റാഹീം നബി(അ) തന്റെ അതിഥികൾക്ക് മതിയായ അത്രയും ഭക്ഷണം തയ്യാറാക്കി. അത് അവർക്ക് കൊണ്ടുവന്ന് വെച്ചുകൊടുക്കുക എന്ന ജോലി സ്വയംതന്നെ നിർവഹിച്ചു.

**മുഹമ്മദ് നബി(സ്വ)യുടെ നിയോഗമനത്തിനു മുമ്പുതന്നെ അറബികൾ അതിഥികളുടെ ആഗമനത്തിൽ സന്തോഷിക്കുകയും അവർക്ക് വേണ്ട സേവനം ചെയ്യുന്ന കാര്യത്തിൽ അങ്ങേയറ്റം ഉത്സാഹം കാണിക്കുകയും ചെയ്തിരുന്നു. മനുഷ്യപ്രകൃതിയിൽ രൂഢമൂലമായിട്ടുള്ളതും സകല മതങ്ങളും പ്രത്യയശാസ്ത്രങ്ങളും വാഴ്ത്തുകയും ചെയ്തിട്ടുള്ള ആതിഥ്യത്തിന് ഇസ്‌ലാം അത്യധികം പ്രാധാന്യം നൽകുന്നുണ്ട്.**

അതിഥികളുടെ ഇഷ്ടാനിഷ്ടങ്ങൾ അന്വേഷിക്കാതെയാണ് അദ്ദേഹം കാളക്കുട്ടിയെ പൊരിച്ച് നൽകിയത്. എന്നാൽ ഇന്ന് നമ്മുടെ അതിഥികളിൽ അധികപേരും ഭക്ഷ്യജന്യ രോഗങ്ങൾ കാരണം ഭക്ഷണത്തിന്റെ കാര്യത്തിൽ അതീവ ചിട്ട പാലിക്കാൻ ബാധ്യസ്ഥരായവരായിരിക്കും, അതുകൊണ്ട് തന്നെ ഔചിത്യപൂർവം അതിഥികളുടെ താൽപര്യം ആരാഞ്ഞ് ഭക്ഷണം തയ്യാറാക്കുന്നതായിരിക്കും അഭികാമ്യം.

3. അതിഥികൾക്ക് വലിയ പ്രയാസമില്ലെങ്കിൽ ആതിഥേയൻ കൊണ്ടുവന്ന ഭക്ഷണം കഴിക്കുന്നതാണ് ഉത്തമം. കാരണം വീട്ടുകാർ പണിപ്പെട്ടുണ്ടാക്കിയ വിഭവങ്ങൾ തിരസ്കരിക്കുന്നത് അവർക്ക് വിഷമമുണ്ടാക്കും. ആതിഥേയർക്ക് പ്രയാസമുണ്ടാക്കുന്നവിധം കൊണ്ടുവന്ന ഭക്ഷണത്തിൽ ഭേദഗതി ആവശ്യപ്പെടുന്നതും ഒഴിവാക്കേണ്ടതാണ്.




4. അതിഥി സന്ദർശനത്തിന് അനുയോജ്യമായ സമയം തെരഞ്ഞെടുക്കുന്നത് വളരെ അനിവാര്യമായ ഒന്നാണ്. രാത്രി വളരെ വൈകിയോ ഭക്ഷണ സമയത്തോ, ഉച്ചയുറക്കത്തിന്റെ സമയത്തോ കയറിച്ചെല്ലുന്നത് ഒഴിവാക്കേണ്ടതാണ്.

5. മറ്റുള്ളവരുടെ വീടുകൾ സന്ദർശിക്കുന്നത് അനിവാര്യമാകുന്ന ചില സന്ദർഭങ്ങളുണ്ട്. രോഗം, അപകടം പോലുള്ള വിഷമഘട്ടങ്ങളും, ജനനം, വിവാഹം പോലുള്ള സന്തോഷവേളകളും അതിൽ പെട്ടതാണ്. നബി(സ) പറഞ്ഞു: 'ആരെങ്കിലും ഒരു രോഗിയെ സന്ദർശിച്ചാൽ അല്ലെങ്കിൽ അല്ലാഹുവിന്റെ പേരിൽ ഒരു സഹോദരനെ സന്ദർശിച്ചാൽ അല്ലാഹു അവന്റെ വഴിയിൽ ഒരു മലക്കിനെ നിയോഗിക്കും. നീയും നിന്റെ നടത്തവും നന്നാകട്ടെ എന്ന് ആ മലക്ക് പറഞ്ഞുകൊണ്ടിരിക്കും.'

6. അതിഥിയായി പോകുന്നവൻ ആതിഥേയർക്ക് മറ്റു ജോലികളിൽ തടസ്സമുണ്ടാകുന്നവിധം വളരെ കൂടുതൽ സമയം അവിടെ ചെലവഴിക്കരുത്. എന്നുവെച്ച് ഒന്നും പറയാനും ഇരിക്കാനും എടുക്കാനും കുടിക്കാനും കൂട്ടാക്കാതെ വന്ന കാലിൽതന്നെ തിരിച്ചുപോകുന്നതും ഉചിതമല്ല.

7. വീട്ടിലേക്ക് കയറിച്ചെല്ലുന്നവൻ വാതിലിന് അഭിമുഖമായി നിൽക്കാതെ അൽപം മാറി നിൽക്കണമെന്നാണ് നബി(സ) നിർദേശിച്ചിട്ടുള്ളത്. അകത്ത് കയറിയതിന് ശേഷം വീടിന്റെ എല്ലാ മുക്കുമൂലകളിലും കണ്ണ് പായിക്കുന്നതും, ആകർഷകമായ വസ്തുക്കളിൽ കണ്ണ് വെക്കുന്നതും അഭിലഷണീയമല്ല. സന്ദർശനം കഴിഞ്ഞ് വീട്ടുകാരോട് വിടപറയുമ്പോൾ സന്തോഷവും മുഖപ്രസന്നതയും കാത്തുസൂക്ഷിക്കുകയും വേണം.



2008ൽ ചങ്ങരംകുളത്തു വെച്ച് നടന്ന മുജാഹിദ് സംസ്ഥാന സമ്മേളന സുവനീറിൽ പ്രസിദ്ധീകരിച്ച ലേഖനം.

# നമസ്കാര സമയത്തിന്റെ കണക്കും മാസപ്പിറവിയുടെ കണക്കും

4

പി. ഒ. ഉമർഫാറൂഖ്, തിരൂരങ്ങാടി

'നമസ്കാര സമയം നിശ്ചയിക്കുന്നതിന് നിങ്ങൾ കണക്കുപയോഗിക്കുന്നു, എന്നാൽ മാസപ്പിറവിയുടെ കാര്യത്തിൽ കണക്കിനെ നിഷേധിക്കുകയും ചെയ്യുന്നു. ഇത് ഇരട്ടത്താപ്പല്ലേ?'മാസപ്പിറവി നിർണയിക്കുന്നതിൽ കേരള ഹിലാൽ കമ്മിറ്റി സ്വീകരിക്കുന്ന നിലപാടുകളെ എതിർക്കുന്നവർ പലപ്പോഴും ഇങ്ങനെയൊരു ചോദ്യമുന്നയിക്കാറുണ്ട്. മാസപ്പിറവിയുടെ കാര്യത്തിൽ തങ്ങളുടെ ആശയപാപ്പരത്തം മറച്ചു വയ്ക്കുന്നതിനുള്ള ഒരു പുകമറ സൃഷ്ടിക്കുക എന്നതു മാത്രമാണ് ഹിജ്റ കലണ്ടറുകാർ ഈ ചോദ്യത്തിലൂടെ ലക്ഷ്യമാക്കുന്നത്.  നമസ്കാര സമയനിർണയത്തിന് കണക്ക് എങ്ങനെ പ്രയോഗിക്കുന്നുവെന്നും മാസപ്പിറവിയുടെ കാര്യത്തിൽ കണക്കു പ്രയോജനപ്പെടുത്തുന്നതിലുള്ള പരിമിതികളെന്തെന്നും മനസ്സിലാക്കിയാൽ ഈ ചോദ്യത്തിന്റെ അനർഥം ബോധ്യപ്പെടും.

നമസ്കാര സമയത്തിന്റെ കാര്യത്തിലും മാസപ്പിറവിയുടെ കാര്യത്തിലും നബി(സ)യുടെ നിർദേശങ്ങൾ നൂറുശതമാനവും ഉൾക്കൊള്ളുകയും അവിടുന്ന് നിർണയിച്ച മാനദണ്ഡങ്ങൾ കൃത്യവും കണിശവുമായി മനസ്സിലാക്കുന്നതിൽ ശാസ്ത്രം ഖണ്ഡിതമായി നൽകുന്ന എല്ലാ ഫോർമുലകളും ഉപയോഗപ്പെടുത്തുകയും ചെയ്യുക എന്നതാണ് മുജാഹിദ് പ്രസ്ഥാനം നാളിതുവരെ സ്വീകരിച്ച നിലപാട്. സുന്നത്തിനെ ധിക്കരിക്കുകയോ ശാസ്ത്രയാഥാർഥ്യങ്ങളെ തിരസ്കരിക്കുകയോ ചെയ്യാത്ത സമീപനമത്രെ അത്. ഏതെങ്കിലും കാര്യത്തിൽ ശാസ്ത്രസത്യങ്ങളെ നിരാകരിക്കുന്ന നിലപാട് ഒരിക്കൽപോലും കേരള ഹിലാൽ കമ്മിറ്റി സ്വീകരിച്ചിട്ടില്ല. നമസ്കാരസമയത്തിന്റെ കണക്കും മാസപ്പിറവിയുടെ കണക്കും വ്യവച്ഛേദിച്ചു മനസ്സിലാക്കിയാൽ മുകളിൽ ഉന്നയിച്ച ചോദ്യത്തിന് ഉത്തരം കാണുക പ്രയാസകരമാവില്ല.

**നമസ്കാര സമയത്തിന്റെ കാര്യത്തിലും മാസപ്പിറവിയുടെ കാര്യത്തിലും നബി(സ)യുടെ നിർദേശങ്ങൾ നൂറുശതമാനവും ഉൾക്കൊള്ളുകയും അവിടുന്ന് നിർണയിച്ച മാനദണ്ഡങ്ങൾ കൃത്യവും കണിശവുമായി മനസ്സിലാക്കുന്നതിൽ ശാസ്ത്രം ഖണ്ഡിതമായി നൽകുന്ന എല്ലാ ഫോർമുലകളും ഉപയോഗപ്പെടുത്തുകയും ചെയ്യുക എന്നതാണ് മുജാഹിദ് പ്രസ്ഥാനം നാളിതുവരെ സ്വീകരിച്ച നിലപാട്. സുന്നത്തിനെ ധിക്കരിക്കുകയോ ശാസ്ത്രയാഥാർഥ്യങ്ങളെ തിരസ്കരിക്കുകയോ ചെയ്യാത്ത സമീപനമത്രെ അത്. ഏതെങ്കിലും കാര്യത്തിൽ ശാസ്ത്ര സത്യങ്ങളെ നിരാകരിക്കുന്ന നിലപാട് ഒരിക്കൽപോലും കേരള ഹിലാൽ കമ്മിറ്റി സ്വീകരിച്ചിട്ടില്ല.**



**നമസ്കാരസമയത്തിന്റെ കണക്ക്**

ഒരു ഉദാഹരണത്തിൽനിന്നും നമുക്കീ ചർച്ച തുടങ്ങാം: സൂര്യൻ അസ്തമിച്ചു കഴിഞ്ഞാൽ മഗ്‌രിബ് നമസ്കാര സമയമായി എന്നാണല്ലോ റസൂൽ(സ്വ) പഠിപ്പിച്ചിട്ടുള്ളത്. അക്കാര്യം അക്ഷരംപ്രതി സ്വീകരിക്കുക എന്നതാണ് മുസ്‌ലിമിന്റെ ബാധ്യത. സൂര്യൻ ചക്രവാളത്തിൽനിന്നും മറയുന്ന സമയം കണ്ടെത്താൻ എന്തുണ്ട് മാർഗം? രണ്ടു വഴികളാണ് നമുക്കു മുന്നിലുള്ളത്:

1. ചക്രവാളത്തിലേക്കു നോക്കി സൂര്യന്റെ അസ്തമയം ദർശിച്ച് മഗ്‌രിബ് നമസ്കാരസമയം നിർണയിക്കാം.

2. സൂര്യൻ ചക്രവാളത്തിൽനിന്നും മറയുന്ന സമയം ഗോളശാസ്ത്ര ഫോർമുലകൾ ഉപയോഗപ്പെടുത്തി കണ്ടെത്തുകയോ അത്തരം ഫോർമുലകൾ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ കലണ്ടറുകൾ പ്രയോജനപ്പെടുത്തുകയോ ചെയ്യാം.

മുകളിൽ കൊടുത്ത രണ്ടു മാർഗങ്ങളിൽ ഏതു സ്വീകരിച്ചാലും റസൂൽ(സ്വ) മഗ്‌രിബ് നമസ്കാര സമയത്തിനായി നിർണയിച്ച സമയത്തിൽ മാറ്റം വരുന്നില്ല. ശാസ്ത്രീയ മാർഗമുപയോഗിച്ച് മഗ്‌രിബ് നമസ്കാര സമയം നിർണയിക്കുന്നതിൽ അപാകതയില്ല എന്ന് ഇത് വ്യക്തമാക്കുന്നു. മറ്റു നമസ്കാര സമയങ്ങൾ നിർണയിക്കുന്നതിലും ഇതേപോലെ കൃത്യത കൈവരിക്കാൻ ശാസ്ത്രം നമ്മെ സഹായിക്കുന്നു. നബി(സ്വ) നിശ്ചയിച്ചതു പ്രകാരം സുബ്ഹി നമസ്കാരത്തിനു വേണ്ടി കിഴക്കൻ ചക്രവാളത്തിൽ വെള്ളകീറുന്ന സമയം (Morning twilight), ദുഹറിന് സൂര്യൻ മധ്യാഹ്നത്തിൽനിന്നു തെറ്റുന്ന സമയം, അസ്വ്‌റിനു നിശ്ചയിച്ച ഒരു വസ്തുവിന്റെ നിഴൽ ആ വസ്തുവിന്റെ വലിപ്പം ആർജിക്കുന്ന സമയം, ഇശാഇന്റെ അസ്തമയശോഭ (Evening twilight) മായുന്നസമയം തുടങ്ങിയവയെല്ലാം സൂര്യനെയോ ചക്രവാളത്തെയോ നിഴലിനെയോ നിരീക്ഷിച്ച് ഏതൊരാൾക്കും തീരുമാനിക്കാവുന്നതാണ്. അതല്ലെങ്കിൽ ഈ സമയങ്ങൾ എപ്പോഴെന്ന് കണ്ടെത്തുന്നതിന് കണിശമായ ഗണിതശാസ്ത്ര ഫോർമുലകൾ പ്രയോഗിക്കുകയും ചെയ്യാം. ഇത്തരം ഫോർമുലകൾ ഉപയോഗിക്കുമ്പോൾ ഓരോ നമസ്കാരത്തിനും റസൂൽ(സ്വ) നിശ്ചയിച്ച സമയക്രമങ്ങളിൽ ലവലേശം പോലും മാറ്റം വരുന്നില്ല. അതിനാൽ ഇങ്ങനെയുള്ള ഗോളശാസ്ത്ര ഫോർമുലകളുടെ പ്രയോഗം സുന്നത്തിന് എതിരാകുന്നില്ല എന്നുമാത്രമല്ല സുന്നത്തനുസരിച്ചുള്ള സമയക്രമങ്ങൾ സ്വീകരിക്കുന്നതിൽ കൂടുതൽ കൃത്യത ഉറപ്പുവരുത്താൻ സഹായിക്കുകയും ചെയ്യുന്നു.

**കണക്ക് മാസപ്പിറവിക്ക്**

നമസ്കാര സമയങ്ങൾക്ക് സമയം നിശ്ചയിച്ചതുപോലെ ഇസ്‌ലാമിക മാസം ആരംഭിക്കുന്നതിനുള്ള മാനദണ്ഡവും റസൂൽ(സ്വ) നിശ്ചയിച്ചുതന്നിട്ടുണ്ട്. റമദാൻ, ശവ്വാൽ, ദുൽഹിജ്ജ മാസങ്ങളുടെ ആദ്യദിനം റസൂൽ(സ്വ) നിശ്ചയിച്ചത് എങ്ങനെയെന്നു കാണിക്കുന്ന ധാരാളം ഹദീസുകൾ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ചക്രവാളത്തിൽ പുതിയ മാസത്തെക്കുറിക്കുന്ന ഹിലാൽ പ്രത്യക്ഷപ്പെടുന്നത് എന്നു മുതലാണോ അപ്പോൾ മുതൽ പുതിയമാസം പിറക്കുന്നുവെന്നതാണ് പ്രവാചകാധ്യാപനം. നോമ്പ്, പെരുന്നാൾ തു

ടങ്ങിയ ആരാധനകളുടെ സമയം നിശ്ചയിക്കുന്നതിന് റസൂൽ(സ്വ) നിശ്ചയിച്ച ഒരു മാർഗം എന്ന നിലയിൽ മാസപ്പിറവി കാണാൻ ശ്രമിക്കുന്നതും പിറവി കണ്ടാൽ റസൂൽ(സ്വ) പഠിപ്പിച്ച പ്രാർഥന ഉരുവിടുന്നതും പുണ്യകർമമാണ്. ഇവ പുണ്യകർമങ്ങളല്ല എന്നു വരുത്തിത്തീർക്കാനുള്ള ഹിജ്‌റ കലണ്ടറുകാരുടെ ശ്രമം ദുരുദ്ദേശ്യപരമാണ് എന്നുമാത്രം പറഞ്ഞുകൊള്ളട്ടെ.

മാസപ്പിറവി കാണാതെ നോമ്പ് ആരംഭിക്കുന്നതിനെ റസൂൽ(സ്വ) കർശനമായി വിലക്കിയിട്ടുണ്ട്. 'ലാ തസ്വൂമൂ ഹത്താ തറൗ അൽഹിലാല' എന്ന നബി(സ്വ)യുടെ കൽപന അതാണ് വ്യക്തമാക്കുന്നത്. ശഅ്ബാൻ ഇരുപത്തിഒമ്പതിന് മാസം കാണാൻ ശ്രമിക്കുകയും കണ്ടില്ല എങ്കിൽ ആ മാസം 30 പൂർത്തിയാക്കി അടുത്തദിവസം മുതൽ റമദാൻ ആരംഭിക്കുകയും ചെയ്യുക എന്നതാണ് നബി(സ) യും സ്വഹാബത്തും സ്വീകരിച്ച രീതി. ശഅ്ബാൻ 29ന് സന്ധ്യാസമയത്ത് പിറവി കാണാനാവാത്ത പക്ഷം അന്ന് റമദാൻ ആരംഭിക്കുന്നത് റസൂൽ(സ്വ) വിലക്കിയിട്ടുണ്ട് എന്നാണ് ഹദീസിൽനിന്നും നമുക്കു മനസ്സിലാകുന്നത്. മാസപ്പിറവി കാണുക' എന്ന നിയമം ഇസ്‌ലാമിക മാസം ആരംഭിക്കുന്നതിന് റസൂൽ(സ്വ) എല്ലാ കാലത്തെയും മുസ്‌ലിംകൾക്കുമേൽ നിശ്ചയിച്ചിട്ടുള്ള നിയമമാണ്. ശാസ്ത്ര പുരോഗതി ആർജിച്ച സമൂഹത്തിലും ശാസ്ത്രീയനേട്ടങ്ങൾ കൈവരിക്കാത്ത സമൂഹത്തിലും ഈ നിയമം ഒരുപോലെ ബാധകമാണ്. സാർവകാലികം എന്ന നിലയിൽ റസൂൽ(സ്വ) നിർദേശിച്ച ഈ നിയമം കാലഘട്ടത്തിനനുസരിച്ച് മാറ്റാൻ ഒരാൾക്കും അവകാശമില്ലതന്നെ.

നമസ്കാരസമയം നിശ്ചയിക്കുന്നതിന് നാം ചെയ്തതുപോലെ മാസപ്പിറവിയുടെ കാര്യത്തിലും കണക്ക് ഉപയോഗിക്കാനാവുമെന്ന ധാരണ പരത്താൻ ഹിജ്‌റ കലണ്ടറുകാർ ശ്രമിക്കാറുണ്ട്. മാസമാരംഭിക്കാൻ നബി(സ്വ) നിർദേശിച്ച 'ഹിലാൽ പ്രത്യക്ഷപ്പെടുക" എന്ന മാനദണ്ഡം എങ്ങനെയാണ് ഗണിത ശാസ്ത്ര ഫോർമുലകൾ പ്രയോജനപ്പെടുത്തി കണ്ടുപിടിക്കുക? ഏതുദിവസം ഏതുസമയത്ത് ഹിലാൽ ദൃശ്യയോഗ്യമാകും എന്ന് കണ്ടുപിടിക്കുന്നതിന് എന്തെങ്കിലും ഗോളശാസ്ത്ര നിയമങ്ങളോഫോർമുലകളോ ഇങ്ങനെ വാദിക്കുന്നവരുടെ പക്കലുണ്ടോ? ഹിലാലിന്റെ ദൃശ്യസാധ്യത കൃത്യമായി പ്രവചിക്കാൻ സഹായകമായ ഗോളശാസ്ത്ര ഫോർമുലകളില്ല എന്ന സത്യം മറച്ചുവച്ച് ഹിലാൽ രൂപപ്പെടുന്നതിനു മുമ്പു സംഭവിക്കുന്ന ന്യൂമൂണിനെ ഹിലാൽ ആണെന്ന് തെറ്റുധരിപ്പിക്കുകയാണ് ഹിജ്‌റ കലണ്ടറുകാർ ചെയ്യുന്നത്.

പ്രാചീനകാലം മുതൽക്കുതന്നെ പല ഗോളശാസ്ത്രജ്ഞരും ഹിലാൽ പ്രത്യക്ഷപ്പെടുന്നത് എപ്പോഴെന്നു നിർണയിക്കാൻ സഹായകമായ ഗോളശാസ്ത്ര സമവാക്യങ്ങൾ കണ്ടെത്താൻ ശ്രമിച്ചിരുന്നു. ബാബിലോണിയ, ഗ്രീസ് എന്നിവിടങ്ങളിലുള്ള ശാസ്ത്രകാരന്മാർ ഇതിനായി നിരവധി ഗവേഷണങ്ങൾ നടത്തിയതായി കാണാൻ കഴിയും. ഗ്രീസിൽ ബിസി 640 നും 546 നും ഇടയിൽ ജീവിച്ചിരുന്ന താലെസ് എന്ന ഗോളശാസ്ത്രജ്ഞൻ ബിസി 585 ൽ വരാനിരിക്കുന്ന ഒരു സൂര്യഗ്രഹണം കൃത്യമായി പ്രവചിച്ചിരുന്നു എന്ന് ചരിത്രത്തിൽ കാണാം. ഇത് വ്യക്തമാക്കുന്നത് അക്കാലത്തുതന്നെ ന്യൂമൂണിനെക്കുറിച്ചുള്ള ധാരണ ഗോളശാസ്ത്രജ്ഞർക്കുണ്ടായിരുന്നു എന്നതാണല്ലോ. ന്യൂമൂണിനെക്കുറിച്ച് കൃത്യമായി പ്രവചിക്കാൻ കഴിഞ്ഞ ഗ്രീക്കുകാർക്കോ ബാബിലോണിയക്കാർക്കോ ഹിലാൽ പ്രത്യക്ഷമാകുന്നതെപ്പോൾ എന്നു കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. ബാബിലോണിയക്കാർ ന്യൂമൂണിനെ അടിസ്ഥാനപ്പെടുത്തിയുള്ള കലണ്ടറുകൾ ഉപയോഗിച്ചിരുന്നുവെന്നതും ശ്രദ്ധേയമാണ്.

നബി(സ്വ)യുടെ കാലശേഷം ജീവിച്ച പല മുസ്‌ലിം ഗോളശാസ്ത്രജ്ഞരും ഇക്കാര്യത്തിൽ തുടർച്ചയായ ഗവേഷണങ്ങൾ നടത്തിയിരുന്നതായും ചരിത്രം വ്യക്തമാക്കുന്നു. അൽബിറൂനി, ഇബ്‌നു ത്വാരിഖ്, അൽഖവാരിസ്മി, അൽബഥനി, ഹബാഷ് തുടങ്ങിയവർ അവരിൽ പ്രമുഖരായിരുന്നു. എന്നാൽ മാസപ്പിറവിയുടെ ദൃശ്യസാധ്യത പ്രവചിക്കാൻ സഹായകമായ ഗോളശാസ്ത്ര സമവാക്യങ്ങൾ നിർധാരണം ചെയ്തെടുക്കുന്നതിൽ അവരെല്ലാം ഒരുപോലെ പരാജയപ്പെടുകയാണുണ്ടായത്. ആധുനിക ഗോളശാസ്ത്രജ്ഞരും ഇക്കാര്യത്തിൽ പൂർണമായും നിസ്സഹായരാണ് എന്നതാണ് യാഥാർഥ്യം.

ഇന്ന പ്രദേശത്ത് ഇന്ന സമയത്ത് മാസപ്പിറവി കാണും എന്ന് ഖണിതമായി പറയാൻ ശാസ്ത്ര

**പ്രാചീനകാലം മുതൽക്കുതന്നെ പല ഗോളശാസ്ത്രജ്ഞരും ഹിലാൽ പ്രത്യക്ഷപ്പെടുന്നത് എപ്പോഴെന്നു നിർണയിക്കാൻ സഹായകമായ ഗോളശാസ്ത്ര സമവാക്യങ്ങൾ കണ്ടെത്താൻ ശ്രമിച്ചിരുന്നു. ബാബിലോണിയ, ഗ്രീസ് എന്നിവിടങ്ങളിലുള്ള ശാസ്ത്രകാരന്മാർ ഇതിനായി നിരവധി ഗവേഷണങ്ങൾ നടത്തിയതായി കാണാൻ കഴിയും. ഗ്രീസിൽ ബിസി 640 നും 546 നും ഇടയിൽ ജീവിച്ചിരുന്ന താലെസ് എന്ന ഗോളശാസ്ത്രജ്ഞൻ ബിസി 585 ൽ വരാനിരിക്കുന്ന ഒരു സൂര്യഗ്രഹണം കൃത്യമായി പ്രവചിച്ചിരുന്നു എന്ന് ചരിത്രത്തിൽ കാണാം. ഇത് വ്യക്തമാക്കുന്നത് അക്കാലത്തുതന്നെ ന്യൂമൂണിനെക്കുറിച്ചുള്ള ധാരണ ഗോളശാസ്ത്രജ്ഞർക്കുണ്ടായിരുന്നു എന്നതാണല്ലോ**

**നബി(സ്വ)യുടെ കാലശേഷം ജീവിച്ച പല മുസ്‌ലിം ഗോളശാസ്ത്രജ്ഞരും ഇക്കാര്യത്തിൽ തുടർച്ചയായ ഗവേഷണങ്ങൾ നടത്തിയിരുന്നതായും ചരിത്രം വ്യക്തമാക്കുന്നു. അൽബിറൂനി, ഇബ്നു ത്വാരിഖ്, അൽഖവാരിസ്മി, അൽബഥനി, ഹബാഷ് തുടങ്ങിയവർ അവരിൽ പ്രമുഖരായിരുന്നു. എന്നാൽ മാസപ്പിറവിയുടെ ദൃശ്യസാധ്യത പ്രവചിക്കാൻ സഹായകമായ ഗോളശാസ്ത്ര സമവാക്യങ്ങൾ നിർധാരണം ചെയ്തെടുക്കുന്നതിൽ അവരെല്ലാം ഒരുപോലെ പരാജയപ്പെടുകയാണുണ്ടായത്. ആധുനിക ഗോള ശാസ്ത്രജ്ഞരും ഇക്കാര്യത്തിൽ പൂർണമായും നിസ്സഹായരാണ് എന്നതാണ് യാഥാർഥ്യം.**


ലോകം പരാജയപ്പെട്ടിരിക്കുന്നു എന്നിരിക്കെ, മാസപ്പിറവി പ്രത്യക്ഷമാവുക'എന്ന നിബന്ധന പാലിക്കപ്പെടും വിധം പുതിയമാസം പിറക്കുന്നത് മുൻകൂട്ടി പ്രവചിക്കാനാവുന്നതെങ്ങനെ? ഇക്കാര്യത്തിൽ ശാസ്ത്രത്തെ പ്രയോജനപ്പെടുത്താൻ സാധിക്കാത്ത അവസ്ഥയാണ് നമുക്കുള്ളത്. നമസ്കാര സമയങ്ങൾക്ക് റസൂൽ(സ്വ) നിശ്ചയിച്ച നിബന്ധനകൾ കണ്ടെത്താൻ ഗോളശാസ്ത്ര ഫോർമുലകൾ ഉള്ളതുപോലെ മാസം പിറക്കാൻ റസൂൽ(സ്വ) നിശ്ചയിച്ച നിബന്ധന കണ്ടുപിടിക്കാൻ ആവശ്യമായ ഫോർമുലകൾ നിർധാരണം ചെയ്യാൻ ശാസ്ത്രത്തിനു കഴിഞ്ഞിട്ടില്ല. ഈ പരിമിതി ഉൾക്കൊണ്ടുകൊണ്ടാണ് മുജാഹിദ് പ്രസ്ഥാനം മാസപ്പിറവിയുടെ കാര്യത്തിൽ കാഴ്ച അവലംബമാക്കണമെന്ന് നിർബന്ധം പിടിക്കുന്നത്. മാസപ്പിറവി കാണും എന്ന് ഖണ്ഡിതമായി പറയാൻ കഴിയുംവിധം ഗോളശാസ്ത്രം പുരോഗമിക്കുകയാണെങ്കിൽ നോമ്പ് പെരുന്നാളുകളുടെ ആരംഭദിനം മുൻകൂട്ടി നിർണയിക്കുന്നതിന് കേരള ഹിലാൽ കമ്മിറ്റി ഒരിക്കലും എതിരു നിൽക്കുകയില്ല. മാസാരംഭത്തിനു പ്രവാചകൻ(സ്വ) നിശ്ചയിച്ച മാനദണ്ഡം അപ്പടി സ്വീകരിക്കുക എന്നതാണ് ഹിലാൽ കമ്മിറ്റിയെ സംബന്ധിച്ചേടത്തോളം പരമപ്രധാനം.

മാസപ്പിറവിയുടെ കാഴ്ച എപ്പോൾ എന്നു കൃത്യമായി പ്രവചിക്കാൻ ശാസ്ത്രത്തിനാവില്ല എന്നു നാം മനസ്സിലാക്കി. എന്നാൽ മാസപ്പിറവിയുടെ കാര്യത്തിൽ ശാസ്ത്രത്തിനു ഖണ്ഡിതമായി പറയാൻ കഴിയുന്ന കാര്യങ്ങളെന്തെല്ലാമുണ്ടോ അവയെല്ലാം നമുക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. അത്തരം നിയമങ്ങൾ ഉപയോഗപ്പെടുത്തി മാസപ്പിറവിയുടെ കാര്യത്തിൽ കൃത്യത ഉറപ്പുവരുത്തൽ അനിവാര്യമാണ്. മാസപ്പിറവി എപ്പോൾ കാണും എന്ന് ശാസ്ത്രത്തിനു പറയാനാവില്ലെങ്കിലും, ഹിലാൽ കാണാനാവാത്ത ഘട്ടങ്ങൾ കൃത്യമായി പ്രവചിക്കാൻ ശാസ്ത്രത്തിനു കഴിയും. സൂര്യാസ്തമയ സമയത്ത് ചന്ദ്രൻ ചക്രവാളത്തിലുണ്ടോ ഇല്ലേ എന്ന് പരിശോധിക്കുകയാണ് ഇതിനുള്ള ശാസ്ത്രീയമാർഗം. സൂര്യാസ്തമയ ശേഷം ചന്ദ്രൻ ചക്രവാളത്തിൽ ഇല്ല എങ്കിൽ ഹിലാൽ കാണുകയില്ല എന്ന ഖണ്ഡിതമായ ശാസ്ത്ര സത്യം മനസ്സിലാക്കി അവാസ്തവമായ പിറവി വാർത്തകളെ തള്ളിക്കളയാനും സത്യസന്ധത ഉറപ്പുവരുത്താനും കഴിയും. ശാസ്ത്രം ഖണ്ഡിതമായി പ്രഖ്യാപിക്കുന്ന കാര്യം അംഗീകരിക്കുകയും അതനുസരിച്ച് മാസപ്പിറവി നിർണയത്തിന്റെ കാര്യത്തിൽ കൃത്യത കൈവരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിൽ എന്തുണ്ട് തെറ്റ്? നമസ്കാര സമയത്തിലെന്ന പോലെ മാസപ്പിറവിയുടെ കാര്യത്തിലും ലഭ്യമായ കണക്കുകൾ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ശാസ്ത്രം നിസ്സംശയം പ്രഖ്യാപിക്കുന്ന കാര്യങ്ങൾ പൂർണമായും അംഗീകരിക്കുകയും അതോടൊപ്പം ശാസ്ത്രത്തിന്റെ പരിമിതികൾ ഉൾക്കൊള്ളുകയും ചെയ്യുക എന്നതാണ് മാസപ്പിറവിയുടെ കാര്യത്തിൽ നമുക്കു ചെയ്യാനുള്ളത്. ഈ ചർച്ചയിൽനിന്നും രണ്ടു കാര്യങ്ങളാണ് നമുക്കു മനസ്സിലാക്കാൻ കഴിയുന്നത്.

1. ഹിലാൽ കാണും എന്ന് ഖണ്ഡിതമായി പ്രഖ്യാപിക്കാൻ ശാസ്ത്രത്തിനു സാധ്യമല്ല.

2. ഇന്നദിവസം ഹിലാൽ കാണില്ല എന്നു ഖണ്ഡിതമായി പറയാൻ ശാസ്ത്രത്തിനു കഴിയും.


ഈ തത്വത്തിന്റെ അടിസ്ഥാനത്തിലാണ് കേരള ഹിലാൽ കമ്മിറ്റി മാസപ്പിറവി നിർണയ സമീപനം രൂപപ്പെടുത്തിയിട്ടുള്ളത്. ഹിലാൽ കാണും എന്ന് ശാസ്ത്രത്തിനു ഖണ്ഡിതമായി പ്രഖ്യപിക്കാനാവാത്തതിനാൽ സാധ്യത നിലനിൽക്കുന്ന ദിവസങ്ങളിൽ കാണാൻ ശ്രമിക്കുകയും കാണില്ല എന്നു ഖണ്ഡിതമായി പ്രഖ്യാപിക്കുന്ന സന്ദർഭങ്ങളിൽ




കണ്ടു എന്ന വാർത്ത തള്ളിക്കളയുകയും ചെയ്യുക എന്ന യുക്തിപൂർവകമായ നിലപാടാണത്. ഇസ്‌ലാമിക കൽപനകളെയും ശാസ്ത്ര യാഥാർഥ്യങ്ങളെയും പൂർണമായും ഉൾക്കൊള്ളുക എന്നതാണ് മുജാഹിദ് പ്രസ്ഥാനത്തിന്റെ എക്കാലത്തെയും നിലപാട്. അക്കാര്യത്തിൽ എന്തെങ്കിലും വിട്ടുവീഴ്ച ചെയ്യാൻ പ്രസ്ഥാനം ഒരുക്കമല്ല. നമസ്കാര സമയത്തിന് ഖണ്ഡിതമായി പ്രഖ്യാപിക്കപ്പെട്ട കണക്കുകൾ ഉപയോഗപ്പെടുത്തുന്നതുപോലെ നബി(സ്വ) നിശ്ചയിച്ച നിബന്ധനകളിൽ മാറ്റം വരുത്താതെ മാസപ്പിറവിയുടെ കാര്യത്തിലും ഖണ്ഡിതമായ കണക്കുകൾ ഉപയോഗിക്കാം. സുര്യാസ്തമയത്തിനു മുമ്പ് ചന്ദ്രൻ അസ്തമിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് നബിചര്യയിൽ മാതൃകയുണ്ടോ, ഹദീസുണ്ടോ, ആയത്തുണ്ടോ എന്നെല്ലാം ചോദിക്കുന്നത് സത്യത്തിനു നേരെയുള്ള കൊഞ്ഞനംകാട്ടലായി മാത്രമെ കാണാനാവൂ. തങ്ങളുടെ പരാജയം മൂടിവയ്ക്കാനുള്ള ഹിജ്റ കലണ്ടറുകാരുടെ വിഫലശ്രമം മാത്രമാണത്. സുന്നത്തിനെ അവഗണിക്കാത്ത രൂപത്തിൽ ശാസ്ത്രം സുവ്യക്തമായി പ്രഖ്യാപിക്കുന്ന നിയമങ്ങൾ പ്രയോജനപ്പെടുത്താൻ മുജാഹിദുകൾക്ക് ഹദീസ് തേടിപ്പോകേണ്ടതില്ല. സുന്നത്ത് പൂർണമായും അനുധാവനം ചെയ്യുകയും ശാസ്ത്രയാഥാർഥ്യങ്ങളെ അവഗണിക്കാതിരിക്കുകയും ചെയ്യുന്ന ഒരു നിലപാട് കേരള ഹിലാൽ കമ്മിറ്റിക്കല്ലാതെ മറ്റാർക്കാണുള്ളത് എന്ന് തുറന്ന മനസ്സോടെ വിലയിരുത്താൻ വിമർശകർ തയ്യാറാകേണ്ടതുണ്ട്.

ഹിലാൽ കാണും എന്ന് ഖണ്ഡിതമായി പ്രവചിക്കാൻ കഴിയുംവിധം ഒരു ഫോർമുല കൊണ്ടുവരാൻ ഹിജ്റ കലണ്ടറുകാർക്ക് സാധിക്കുന്നപക്ഷം തദടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന കണക്കും കലണ്ടറും സ്വീകരിക്കാൻ കേരള ഹിലാൽ കമ്മിറ്റി സന്നദ്ധമായിരിക്കും. അത്തരത്തിലുള്ള ഗോളശാസ്ത്ര നിയമങ്ങളോ ഗണിതശാസ്ത്ര ഫോർമുലകളോ കൊണ്ടുവരാൻ ഹിജ്റ കലണ്ടറുകാർക്കു സാധിക്കുമെങ്കിൽ അവരത് കൊണ്ടുവരട്ടെ. അല്ലാതെ കണക്ക് എന്ന പേരിൽ ഹിലാൽ പ്രത്യക്ഷപ്പെടുന്നതിന് ഒന്നോ രണ്ടോ ദിവസം മുമ്പുണ്ടാകുന്ന ന്യൂമൂൺ അഥവാ ദൃശ്യയോഗ്യമല്ലാത്ത ഇരുണ്ട ചന്ദ്രനെ' അടിസ്ഥാനപ്പെടുത്തി നോമ്പും പെരുന്നാളും ആചരിക്കുകയല്ല വേണ്ടത്. ഹിലാലിനു പകരം അത് രൂപപ്പെടുന്നതിനുമുമ്പ് സംഭവിക്കുന്ന ന്യൂമൂണിനെ പ്രതിഷ്ഠിക്കാൻ ആരാണ് നമുക്ക് അനുവാദം നൽകിയത്? റസൂൽ(സ്വ) നിശ്ചയിച്ച മാനദണ്ഡത്തിൽ മാറ്റത്തിരുത്തൽ വരുത്താൻ എന്ത് അധികാരമാണ് നമുക്കുള്ളത്? നമസ്കാര സമയത്തിൽ നബി(സ്വ) നിശ്ചയിച്ച നിബന്ധനകൾ ഒത്തുവരുന്ന സമയം ശാസ്ത്ര സമവാക്യങ്ങളുപയോഗിച്ച് നിർണയിക്കാൻ കഴിയുന്നതുപോലെ മാസാരംഭത്തിന് നബി(സ്വ) നിശ്ചയിച്ച മാനദണ്ഡമെത്തുന്ന സമയം കണ്ടെത്താൻ സഹായകമായ ഗോളശാസ്ത്ര നിയമങ്ങളോ സമവാക്യങ്ങളോ ഇല്ല എന്ന യാഥാർഥ്യം നാം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. ശാസ്ത്രത്തിന്റെ ഈ പരിമിതിയാണ് നമസ്കാര സമയം നിശ്ചയിക്കുന്നതുപോലെ ഇസ്‌ലാമിക മാസം നിശ്ചയിക്കാൻ മുൻകൂട്ടി തയ്യാറാക്കിയ ഒരു കലണ്ടർ ഉപയോഗപ്പെടുത്താൻ തടസ്സമായി നിൽക്കുന്നത്. ഹിലാലിനു പകരം മറ്റെന്തെങ്കിലും അടിസ്ഥാനപ്പെടുത്തി ആരെങ്കിലും ഒരു കലണ്ടർ തയ്യാറാക്കി മതാനുഷ്ഠാനങ്ങൾക്ക് ഉപയോഗിക്കുന്നുവെങ്കിൽ അത് സുന്നത്തിനോടുള്ള അവഹേളനവും പ്രവാചക തിരുമേനി(സ)യോടുള്ള അനാദരവുമായിരിക്കുമെന്നതിൽ സംശയമില്ല. ■

**സൂര്യാസ്തമയ സമയത്ത് ചന്ദ്രൻ ചക്രവാളത്തിലുണ്ടോ ഇല്ലേ എന്ന് പരിശോധിക്കുകയാണ് ഇതിനുള്ള ശാസ്ത്രീയമാർഗം. സൂര്യാസ്തമയ ശേഷം ചന്ദ്രൻ ചക്രവാളത്തിൽ ഇല്ല എങ്കിൽ ഹിലാൽ കാണുകയില്ല എന്ന ഖണ്ഡിതമായ ശാസ്ത്ര സത്യം മനസ്സിലാക്കി അവാസ്തവമായ പിറവി വാർത്തകളെ തള്ളിക്കളയാനും സത്യസന്ധത ഉറപ്പുവരുത്താനും കഴിയും. ശാസ്ത്രം ഖണ്ഡിതമായി പ്രഖ്യാപിക്കുന്ന കാര്യം അംഗീകരിക്കുകയും അതനുസരിച്ച് മാസപ്പിറവി നിർണയത്തിന്റെ കാര്യത്തിൽ കൃത്യത കൈവരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിൽ എന്തുണ്ട് തെറ്റ്? നമസ്കാര സമയത്തിലെന്ന പോലെ മാസപ്പിറവിയുടെ കാര്യത്തിലും ലഭ്യമായ കണക്കുകൾ ഉപയോഗപ്പെടുത്തേണ്ടതുണ്ട്.**






# ഇനിയും നാം മുന്നോട്ട്...

## ദുൽക്കർഷാൻ അലനല്ലൂർ

പുണ്യങ്ങളുടെ പൂക്കാലമായ വിശുദ്ധ റമദാൻ വിടഞ്ഞപറഞ്ഞ സന്ദർഭത്തിലാണ് നാം. ജീവിതത്തിൽ ആയുസ്സ് നീട്ടിക്കിട്ടുകയും നന്മ പ്രവർത്തിക്കുകയും ചെയ്തവർ മനുഷ്യരുടെ കൂട്ടത്തിലെ നല്ലവരാണ് എന്നാണ് നബി(സ്വ) അറിയിച്ചിട്ടുള്ളത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷവും നന്മ നിറഞ്ഞ റമദാനിന് സാക്ഷികളാവാൻ നമുക്ക് സാധിച്ചു.

റമദാനിനുശേഷമുള്ള നമ്മുടെ ജീവിതത്തെക്കുറിച്ച് ഇനി നാം ചിന്തിക്കേണ്ടതുണ്ട്. പലരെയും അടിമുടി മാറ്റിയ മാസമാണ് റമദാൻ. തന്റെ ജീവിതത്തിൽ ഉണ്ടായിരുന്ന തിന്മകളോട് വിടപറയുകയും നന്മകളുടെ കൂടെ യാത്ര ചെയ്യുകയും ചെയ്തവർ അനേകമാണ്. നന്മക്ക് തുടക്കംകുറിച്ചവരും നന്മയിൽ മത്സരിച്ചവരും കുറച്ചൊന്നുമല്ല. അതിനാണല്ലോ അല്ലാഹുവിന്റെ കൽപനയുള്ളതും.

“നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമനിഷ്ഠ പാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്” (ക്വുർആൻ 3:133).

“നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനത്തിലേക്കും സ്വർഗത്തിലേക്കും നിങ്ങൾ മുൻകടന്നുവരുവിൻ. അതിന്റെ വിസ്താരം ആകാശത്തിന്റെയും ഭൂമിയുടെയും വിസ്താരം പോലെയാണ്. അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിച്ചവർക്കു വേണ്ടി അത് സജ്ജീകരിക്കപ്പെട്ടിരിക്കുന്നു. അത് അല്ലാഹുവിന്റെ അനുഗ്രഹമത്രെ. അവൻ ഉദ്ദേശിക്കുന്നവർക്ക് അതവൻ നൽകുന്നു. അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാകുന്നു” (ക്വുർആൻ 57:21).

സ്വർഗീയജീവിതം ലഭിക്കുവാനും, അതിൽ പ്രവേശനം ലഭിക്കേണ്ടതിന് അല്ലാഹുവിങ്കൽനിന്നുള്ള പാപമോചനംവഴി അർഹത നേടുവാനും ഓരോരുത്തരും ഞാൻ മുമ്പിലാവണമെന്ന ആവേശത്തോടെ മുന്നോട്ടുവരണം എന്ന് അല്ലാഹു ഉപദേശിക്കുന്നു. അഥവാ അതിനായി അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ചുകൊണ്ട് സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ദുഷ്കർമങ്ങൾ വെടിയുകയും ചെയ്യുന്നതിൽ അമാന്തം വരുത്താതെ സദാ ഉത്സുകരായിരിക്കണം. ഈ താൽപര്യം വിശ്വാസികളിൽ ഏറ്റവും കൂടുതൽ കാണുന്നതും റമദാനിലാണ്.

എന്നാൽ അല്ലാഹുവിനോടുള്ള ഭയഭക്തിയും ആരാധനാകർമങ്ങളിലുള്ള താൽപര്യവും ശ്രദ്ധയും സൂക്ഷ്മതയും കണിശതയും റമദാനിൽ മാത്രം ഒതുങ്ങിനിൽക്കേണ്ട ഒന്നാണോ? അല്ലല്ലോ! ‘നിങ്ങൾ റബ്ബിന്റെ ആളുകളാവുക, റമദാനിന്റെ ആളുകളാകരുത്’ എന്നാണ് മഹാന്മാരായ ചില മുൻഗാമികൾ പറഞ്ഞിട്ടുള്ളത്. അഥവാ റമദാനിൽ മാത്രം ഒതുങ്ങിനിൽക്കുന്നതാകരുത് ഒരു വിശ്വാസിയുടെ ഭക്തിയും ആരാധനാ കർമങ്ങളും. അത് എല്ലാ കാലത്തും എല്ലാ സന്ദർഭത്തിലും കൈവിടാതെ കാത്തുസൂക്ഷിക്കേണ്ടതാണ്.

റമദാനിൽ നാം നേടിയെടുത്ത ആത്മചൈതന്യം ശേഷംവരുന്ന മാസങ്ങളിൽ നശിപ്പിച്ചുകളയുന്ന സ്വഭാവം ഒരു വിശ്വാസിക്ക് ഭൂഷണമല്ല. കർമങ്ങൾ നിലനിർത്തുന്നേടത്താണ് വിശ്വാസിയുടെ വിജയം. അത് ചെറുതാണെങ്കിലും വലുതാണെങ്കിലും.

ആഇശ(റ)യിൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: “കുറച്ചാണെങ്കിലും പതിവായി ചെയ്യുന്ന സൽകർമങ്ങളാണ് അല്ലാഹുവിന് ഏറെ ഇഷ്ടം” (മുസ്‌ലിം).

അത് ജീവിതാന്ത്യം വരെ നിലനിർത്തുകയും വേണം. അല്ലാഹു പറയുന്നു: “ഉറപ്പായ കാര്യം (മരണം) നിനക്ക് വന്നെത്തുന്നതുവരെ നീ നിന്റെ രക്ഷിതാവിനെ ആരാധിക്കുകയും ചെയ്യുക” (ക്വുർആൻ 15:99).

മരണം വന്നെത്തുന്നതുവരെ അല്ലാഹുവിനെ ആരാധിച്ചുകൊണ്ടേയിരിക്കുക. അവനുവേണ്ടി സൽകർമങ്ങൾ നിരന്തരമായി ചെയ്തുകൊണ്ടേയിരിക്കുക. അതിൽ യാതൊരു വിട്ടുവീഴ്ചയും അലസതയും കാണിക്കാനും പാടില്ല. കാരണം മരണം ഏതു സമയത്തും കടന്നുവരാം. മരണം സംഭവിക്കുന്ന നേരത്ത് നിങ്ങൾ മുസ്‌ലിംകളായിരിക്കണം എന്നും അല്ലാഹു നിർദ്ദേശിക്കുന്നുണ്ട്.

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറ പ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്" (ഖുർആൻ 3:102).

മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരണപ്പെടരുത് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മരണപ്പെടുമ്പോൾ ഇസ്ലാമിൽനിന്ന് അകന്നുപോയ അവസ്ഥയുണ്ടാകരുത് എന്നാണ്. ഒരാൾ ദീർഘകാലം മുസ്ലിമായി ജീവിച്ചശേഷം അവസാന നിമിഷത്തിൽ അവിശ്വാസിയായിക്കൊണ്ട് മരണപ്പെട്ടാൽ ആ ഇസ്‌ലാംകൊണ്ട് യാതൊരു പ്രയോജനവുമില്ലല്ലോ. മുസ്ലിമാകുകയെന്നതുകൊണ്ടുള്ള വിവക്ഷ നാമമാത്ര മുസ്ലിമാകുകയെന്നല്ല; അല്ലാഹുവിന്റെയും പ്രവാചകന്റെയും വിധിവിലക്കുകൾ അനുസരിച്ചുകൊണ്ട് അല്ലാഹുവിന്ന് പൂർണമായും കീഴൊതുങ്ങി ജീവിക്കുക എന്നതാകുന്നു.

പരിപൂർണ മുസ്‌ലിംകളായും വിശ്വാസികളായും മരിക്കാൻ അല്ലാഹുവിന്റെ വിധിവിലക്കുകൾ കാത്തുസൂക്ഷിക്കുകയും പ്രവാചക സുന്നത്തുകളെ മുറുകെപിടിച്ച് ജീവിക്കുകയും വേണം. അതിന് റമദാൻ നമ്മെ ഏറെ സഹാച്ചിട്ടുണ്ടെന്നുമാത്രം. ഇനിയങ്ങോട്ടുള്ള മാസങ്ങളിലും റമദാനിൽ നാം ശീലിച്ച നന്മകളെ നിലനിർത്തേണ്ടതുണ്ട്. അഞ്ചുനേരത്തെ നിർബന്ധ നമസ്കാരങ്ങൾ ജമാഅത്തായി നിർവഹിച്ചതും, അതിന്റെ കൂടെയുള്ള റവാത്തിബ് സുന്നത്തുകൾ നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിച്ചതും, നോമ്പ് മുഴുവൻ നഷ്ടപ്പെടാതിരിക്കാൻ കാണിച്ച സൂക്ഷ്മതയും, പ്രാർഥനകളും, ദാനധർമ്മങ്ങളും അടക്കമുള്ള നിരവധി നന്മകൾ... ഇതെല്ലാം തുടർന്നും വേണം.

റമദാനിൽ ഒരു മാസക്കാലം ജനനിബിഢമായിരുന്ന പള്ളികൾ പെരുന്നാൾ കഴിഞ്ഞാൽ ശൂന്യമാകുന്ന അവസ്ഥയിലേക്ക് പോകുന്ന ദുരവസ്ഥ മിക്കയിടങ്ങളിലും നമുക്ക് കാണാൻ സാധിക്കും. ഇത് അതാത് പ്രദേശങ്ങളിലെ മുസ്‌ലിംകളുടെ വലിയ ന്യൂനതയാണ്. ബാങ്കുവിളി കേൾക്കുമ്പോൾ ജമാഅത്തിന് പള്ളിയിലെത്താൻ ഇനിയും നാം ശ്രദ്ധിക്കണം. കാരണം ഒറ്റക്ക് നമസ്കരിക്കുന്നതിനേക്കാൾ 27 ഇരട്ടി പ്രതിഫലം ജമാഅത്തായി നിസ്കരിക്കുന്നതിനാണെന്ന് നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്.

**സ്വർഗീയജീവിതം ലഭിക്കുവാനും, അതിൽ പ്രവേശനം ലഭിക്കേണ്ടതിന് അല്ലാഹുവിങ്കൽനിന്നുള്ള പാപ മോചനംവഴി അർഹത നേടുവാനും ഓരോരുത്തരും ഞാൻ മുമ്പിലാവണമെന്ന ആവേശത്തോടെ മുന്നോട്ടുവരണം എന്ന് അല്ലാഹു ഉപദേശിക്കുന്നു. അഥവാ അതിനായി അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ചുകൊണ്ട് സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ദുഷ്കർമങ്ങൾ വെടിയുകയും ചെയ്യുന്നതിൽ അമാന്തം വരുത്താതെ സദാ ഉത്സുകരായിരിക്കണം.**

അബ്ദുല്ലാഹിബ്നു ഉമർ(റ) നിവേദനം; നബി(സ്വ) പറഞ്ഞു: "ജമാഅത്ത് നിസ്കാരത്തിന്റെ ശ്രേഷ്ഠത ഒറ്റക്ക് നമസ്കരിക്കുന്നതിനെക്കാൾ ഇരുപത്തിയേഴ് ഇരട്ടി പദവിയുള്ളതാണ്" (ബുഖാരി).

നിർബന്ധ നമസ്കാരങ്ങൾക്ക് പുറമെ നാം നിർവഹിക്കുന്ന റവാത്തിബ് സുന്നത്തുകൾ അല്ലാഹുവിലേക്ക് അടുക്കാൻ ഏറെ സഹായകരമാകും.

ആഇശ(റ) നിവേദനം; നബി(സ്വ) പറഞ്ഞു: "ആരെങ്കിലും പന്ത്രണ്ട് റക്അത്ത് സുന്നത്ത് നമസ്കാരത്തിൽ കണിശത കാണിച്ചാൽ അവന് സ്വർഗത്തിൽ അല്ലാഹു ഒരു ഭവനം പണിതുനൽകും. ദുഹ്റിന് മുമ്പ് നാലും ശേഷം രണ്ടും, മഗ്‌രിബിന് ശേഷം രണ്ട്, ഇശാഇന് ശേഷം രണ്ട്, സുബ്ഹിക്ക് മുമ്പ് രണ്ട്" (തിർമുദി, ഇബ്നുമാജ).

റമദാനിൽ നാം നിർവഹിച്ച ഒന്നാണ് തറാവീഹ് നമസ്കാരം. റമദാൻ കഴിഞ്ഞാലും ഇത് നിർവഹിക്കേണ്ടതുണ്ട്. റമദാനിൽ മാത്രം നിർവഹിച്ച് അവസാനിപ്പിക്കാനുള്ളതല്ല രാത്രിനമസ്കാരം. ഇത്രയും കാലം രാത്രിനമസ്കാരം ചര്യയാക്കാത്തവർക്ക് അതിന് തുടക്കം കുറിക്കാനാണ് റമദാൻ അവസരം നൽകിയിരിക്കുന്നത്.

അബൂഹുറയ്റ(റ) പറഞ്ഞു: "എന്റെ കൂട്ടുകാരൻ (മുഹമ്മദ് നബി(സ)) മൂന്ന് കാര്യങ്ങൾകൊണ്ട് എന്നെ ഉപദേശിച്ചു. മരിക്കുന്നതുവരെ ഞാനതിൽ ഉപേക്ഷ വരുത്തിയിട്ടില്ല; എല്ലാ മാസവും മൂന്ന് നോമ്പനുഷ്ഠിക്കാനും (13,14,15 ദിവസങ്ങൾ) ദ്വുഹാ നമസ്കരിക്കാനും ഉറങ്ങുന്നതിനുമുമ്പ് വിത്റ് നമസ്കരിക്കാനും (ആയിരുന്നു ആ ഉപദേശം)" (ബുഖാരി).

രാത്രിയിൽ നിർവഹിക്കുന്നതിനാൽ അതിന് 'ഖിയാമുല്ലൈൽ' എന്നു പറയുന്നു. റമദാനിൽ അത് നിർവഹിക്കുമ്പോൾ 'ഖിയാമുറമദാൻ' എന്ന് പറയുന്നു. ഖിയാമുറമദാൻ പിന്നീട് 'തറാവീഹ്' എന്ന പേരിൽ അറിയപ്പെട്ടു. അതിനു കാരണം നമസ്കാരത്തിനിടയിൽ വിശ്രമമെടുക്കുന്നു എന്നതാണ്. നമസ്കാരംതന്നെ ഉറങ്ങിയെഴുന്നേറ്റ് നിർവഹിക്കുകയാണെങ്കിൽ അതിന് 'തഹജ്ജുദ്' എന്ന് പറയുന്നു. ഒറ്റയിൽ അവസാനിപ്പിക്കുന്നതിനാൽ 'വിത്ർ' എന്നും പറയുന്നു.

അലി(റ) പറഞ്ഞു: "നബി(സ്വ) ഒറ്റയായി നമസ്കരിച്ചു. ശേഷം അവിടുന്ന് പറഞ്ഞു: 'ഖുർആനിന്റെ ആളുകളേ, നിങ്ങൾ ഒറ്റയാക്കുവിൻ. തീർച്ചയായും അല്ലാഹു ഒറ്റയാണ്. അവൻ ഒറ്റയെ ഇഷ്ടപ്പെടുന്നു" (അബൂദാവൂദ്).

വിശുദ്ധ റമദാനിൽ മുഴുവൻ നോമ്പും ലഭിക്കാൻ നാം എത്ര ശ്രദ്ധിച്ചിരുന്നുവോ അതുപോലെ ഇനിയുള്ള കാലം സുന്നത്ത് നോമ്പുകളുടെ കാര്യത്തിലും നമുക്ക് ശ്രദ്ധിക്കാം.

അബൂസഈദിൽ ഖുദ്‌രിയ്യ്(റ) നിവേദനം; നബി(സ്വ) പറഞ്ഞു: "അല്ലാഹുവിന്റെ മാർഗത്തിൽ ഒരു ദിനം ഒരു ദാസൻ നോമ്പനുഷ്ഠിച്ചാൽ അതുമുഖേന അല്ലാഹു അവന്റെ മുഖത്തെ എഴുപത് വർഷത്തെ വഴിദൂരം നരകത്തിൽ നിന്നും അകറ്റാതിരിക്കുകയില്ല" (മുസ്‌ലിം).

ശിക്ഷ കഠിനമായിരിക്കും എന്ന് നിങ്ങളുടെ രക്ഷിതാവ് പ്രഖ്യാപിച്ച സന്ദർഭം (ശ്രദ്ധേയമത്രെ)'' (ക്വുർആൻ 14:7).

റമദാനിലെ നോമ്പുകൊണ്ട് നാം നേടിയെടുക്കേണ്ടത് തക്വ യാണ്. അഥവാ ഭയഭക്തിയോടെയും സൂക്ഷ്മതയോടെയും ജീവിതം നയിക്കാനുള്ള ഉൾക്കരുത്താണ്. നോമ്പ് നിർബന്ധമാക്കിയെന്നു പറഞ്ഞപ്പോൾ അല്ലാഹു സൂചിപ്പിച്ചത് 'നിങ്ങൾ തക്വയുള്ളവരാകാൻ' എന്നാണ്:

കഴിഞ്ഞ റമദാൻകൊണ്ട് നമ്മുടെ ജീവിതത്തിലെ പാപക്കറകളെല്ലാം കഴുകിക്കളഞ്ഞ് ആത്മാവിനെ ശുദ്ധീകരിക്കാൻ നമുക്ക് സാധിച്ചുവോ? എങ്കിൽ നമുക്ക് സന്തോഷിക്കാം. റമദാനിൽ കൈവരിച്ച തക്വ നിലനിർത്താനുള്ള പരിശ്രമം നടത്തുകയും ചെയ്യാം. റമദാനിലെ രാപകലുകളിൽ കണ്ണിനെയും കാതിനെയും നാവിനെയും നിയന്ത്രിച്ചതുപോലെ ഇനിയുള്ള കാലവും അവയെ നാം നിയന്ത്രിക്കേണ്ടതുണ്ട് കാരണം അവയെക്കുറിച്ചെല്ലാം നാളെ പരലോകത്ത് നാം ചോദിക്കപ്പെടുന്നതാണ്.

അല്ലാഹു പറഞ്ഞു: "നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്.'' (ക്വുർആൻ 17:36).

സഹ്ലുബ്നു സഅ്ദ്(റ) നിവേദനം; നബി(സ്വ) പറഞ്ഞു: "രണ്ട് കാലുകൾക്കിടയിലുള്ളതുകൊണ്ടും താടിയെല്ലുകൾക്കിടയിലുള്ളതുകൊണ്ടും (പാപം ചെയ്യില്ലെന്ന്) എനിക്ക് ജാമ്യം നൽകിയാൽ നിങ്ങൾക്ക് സ്വർഗം ലഭിക്കുന്ന കാര്യത്തിൽ ഞാനും ജാമ്യം നിൽക്കാം'' (ബുഖാരി).

നാവിനെയും കണ്ണിനെയും കാതിനെയും മനസ്സിനെയും എല്ലാ തിന്മകളിൽനിന്നും സുരക്ഷിതമാക്കേണ്ടതുണ്ട്. ജീവിതാന്ത്യം വരെ നന്മയിൽ മുന്നേറാനാണ് നാം പരിശ്രമിക്കേണ്ടത്.

യും രേഖപ്പെടുത്തും. ഇനി അത് അപൂർണമാണെങ്കിൽ അല്ലാഹു മലക്കുകളോട് പറയും: 'നിങ്ങൾ എന്റെ അടിമയുടെ സുന്നത്ത് നമസ്കാരങ്ങളിലേക്ക് നോക്കുക. എന്നിട്ട് നിർബന്ധ നമസ്കാരങ്ങളിലെ കുറവുകൾ സുന്നത്ത് നമസ്കാരങ്ങളിൽനിന്ന് പൂർത്തിയാക്കുക.' മറ്റു സൽകർമങ്ങളുടെ കാര്യത്തിലും അപ്രകാരമായിരിക്കും'' (നസാഈ).

അല്ലാഹുവിന്റെ മാർഗത്തിലുള്ള ധനവിനിയോഗത്തിന് ലഭിക്കുന്ന പ്രതിഫലം മഹത്തായതാണ്. അല്ലാഹു പറയുന്നു: "അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴ് കതിരുകൾ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറ് ധാന്യമണിയും. അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് ഇരട്ടിയായി നൽകുന്നു. അല്ലാഹു വിപുലമായ കഴിവുകളുള്ളവനും (എല്ലാം) അറിയുന്നവനുമാണ്'' (ക്വുർആൻ 2:261).

"അല്ലാഹുവിന്റെ പ്രീതി തേടിക്കൊണ്ടും തങ്ങളുടെ മനസ്സുകളിൽ (സത്യവിശ്വാസം) ഉറപ്പിച്ചുകൊണ്ടും ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ഉയർന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന തോട്ടത്തോടാകുന്നു. അതിന്നൊരു കനത്ത മഴ ലഭിച്ചപ്പോൾ അത് രണ്ടിരട്ടി കായ്കനികൾ നൽകി. ഇനി അതിന്ന് കനത്ത മഴയൊന്നും കിട്ടിയില്ല, ഒരു ചാറൽ മഴയേ ലഭിച്ചുള്ളൂ എങ്കിൽ അതും മതിയാകുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം കണ്ടറിയുന്നവനാകുന്നു'' (ക്വുർആൻ 2:265).

അല്ലാഹു നൽകിയ സമ്പത്ത് അവൻ ഇഷ്ടപ്പെടുന്ന മാർഗത്തിൽ ചെലവഴിക്കുക എന്നത് അവനോട് കാണിക്കുന്ന നന്ദിയാണ്. അല്ലാഹു പറയുന്നു: "നിങ്ങൾ നന്ദികാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർധിപ്പിച്ചു തരുന്നതാണ്. എന്നാൽ, നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ

ഇത് റമദാനിലാകട്ടെ അല്ലാത്ത മാസങ്ങളിലാകട്ടെ നോമ്പുകാരനു ലഭിക്കുന്ന നേട്ടമാണ്. അതിനാൽ ഇനിയുള്ള മാസങ്ങളിൽ സുന്നത്ത് നോമ്പുകൾ നഷ്ടപ്പെടുത്താതിരിക്കാം. നബി(സ്വ) പറഞ്ഞു: 'ഞാൻ ഇഷ്ടപ്പെടുന്നത് ദാവൂദ് നബി(അ)യുടെ നിസ്കാരവും നോമ്പുമാണ്.'

എന്തായിരുന്നു ദാവൂദ് നബി (അ)യുടെ നോമ്പിന്റെയും നമസ്കാരത്തിന്റേയും പ്രത്യേകത? അദ്ദേഹം ഒന്നിടവിട്ട് നോമ്പനുഷ്ഠിക്കുകയും രാത്രി നമസ്കരിക്കുകയും ചെയ്യുന്ന അല്ലാഹുവിന്റെ നന്ദിയുള്ള ദാസനായിരുന്നു.

എല്ലാ തിങ്കളാഴ്ചയും വ്യാഴാഴ്ചയും നബി(സ്വ) നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നു.

അബൂഹുറയ്റ(റ) നിവേദനം; നബി(സ്വ) പറഞ്ഞു: "എല്ലാ തിങ്കളാഴ്ചയും വ്യാഴാഴ്ചയും കർമങ്ങൾ അല്ലാഹുവിലേക്ക് ഉയർത്തപ്പെടും. അതിനാൽ കർമങ്ങൾ ഉയർത്തപ്പെടുന്ന വേളയിൽ നോമ്പുകാരനായിരിക്കാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്'' (തിർമുദി).

റമദാനിൽ വിശ്വാസികൾ വലിയ താൽപര്യത്തോടെ നിർവഹിച്ച മറ്റൊന്നാണ് സകാത്തും ദാനധർമങ്ങളും. ആ വാതിലുകളും അടക്കപ്പെടേണ്ടതല്ല. അത് എന്നും പരക്കെ തുറന്നുവെക്കേണ്ടതാണ്. സകാത്ത് എന്നത് സമ്പത്ത് നിർണിത കണക്കെത്തുമ്പോൾ നൽകേണ്ടതാണെങ്കിൽ സ്വദക്വ (ദാനധർമം) എല്ലാ സമയത്തും നിർവഹിക്കാവുന്ന ഒന്നാണ്. നാം നിർവഹിക്കുന്ന നിർബന്ധമായ ആരാധനാകർമങ്ങളിൽ വരുന്ന പാകപ്പിഴവുകളും കുറവുകളും സുന്നത്തായ കർമങ്ങളിലൂടെ പരിഹരിക്കപ്പെടുന്നതാണ്.

തമീമുദ്ദാരി(റ)യിൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: "ഒരു അടിമ അന്ത്യദിനത്തിൽ ആദ്യമായി വിചാരണ ചെയ്യപ്പെടുക അവന്റെ നമസ്കാരത്തിന്റെ കാര്യത്തിലായിരിക്കും. അത് പൂർണമാണെങ്കിൽ അവന് പൂർണമാ



# പ്രവാചകന്റെ വിവാഹങ്ങൾ

മുഹമ്മദ് നബി (സ്വ) 71

ഹുസൈൻ സലഫി
: +971 50 634 6963

**നബി(സ്വ)യുടെ വിവാഹങ്ങൾക്കുള്ള പൊതുവായ കാരണങ്ങൾ**

*ഒന്ന്:* ഇസ്‌ലാം മനുഷ്യജീവിതത്തിന്റെ എല്ലാ വശങ്ങളെയും പ്രതിപാദിക്കുന്ന മതമാണ്. വിപുലമായ ഒരു നിയമസംഹിതയാണ് ഇസ്‌ലാം. അതിന്റെ പ്രായോഗികമായ മാതൃക ലോകർക്ക് കാണിച്ചുതരേണ്ടത് മുഹമ്മദ് നബി(സ്വ) തന്നെയാണ്. അതിനാൽ സ്ത്രീകളുമായി ബന്ധപ്പെട്ട നിയമങ്ങളും ഇസ്‌ലാമിൽ ഉണ്ടാകുക എന്നത് സ്വാഭാവികം. സ്വകാര്യജീവിതത്തിൽ പാലിക്കേണ്ട പല കാര്യങ്ങളും ഉണ്ടാകുമല്ലോ. ഒരു സ്ത്രീ ഋതുമതിയാകുമ്പോൾ ഭർത്താവുമായുള്ള അടുപ്പം ഏതുവരെയാകാം, ഋതുമതിയായ ഒരു പെണ്ണ് അതിൽനിന്നും എങ്ങനെയാണ് ശുദ്ധിയാകേണ്ടത് തുടങ്ങിയ അനേകം സ്വകാര്യമായ കാര്യങ്ങൾ സ്ത്രീകളുമായി ബന്ധപ്പെട്ട് ഉണ്ടല്ലോ. ഇത്തരം കാര്യങ്ങളും ലോകത്തെ സ്ത്രീകൾക്ക് എത്തിക്കുക എന്നതും നബി(സ്വ)യുടെ കർത്തവ്യത്തിൽ പെട്ടതാണ്. ഈ കാര്യങ്ങൾ സ്ത്രീകൾവഴി മാത്രമെ എത്തിക്കാൻ സാധിക്കൂ. ഇതെല്ലാം നബി(സ്വ)യുടെ ഭാര്യമാരിലൂടെയാണ് നാം മനസ്സിലാക്കുന്നത്. അതുപോലെ ഇസ്‌ലാമിലെ ശാഖാപരമായ പല കാര്യങ്ങളും നമുക്ക് ലഭിച്ചതും നബി(സ്വ)യുടെ ഭാര്യമാരിലൂടെ തന്നെയാണ്.

*രണ്ട്:* ഇസ്‌ലാമിക പ്രബോധനത്തിന് പുരുഷന്മാർ അന്ന് ധാരാളം ഉണ്ടായിരുന്നു. നബി(സ്വ)യിൽനിന്ന് ലഭിക്കുന്ന സന്ദേശങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ അത്യുത്സാഹം കാണിച്ചവരായിരുന്നു അവർ. അതുപോലെ സ്ത്രീകൾക്കായി മതവിഷയങ്ങൾ പഠിപ്പിക്കുന്നതിനുവേണ്ടി സ്വകാര്യഭവനങ്ങൾ പോലും ഉണ്ടായിരുന്നു. നബി(സ്വ)യുടെ ഭാര്യമാർ അദ്ദേഹത്തിന്റെ കൂടെ ജീവിക്കുന്ന മഹതികളായിരുന്നല്ലോ. അതിനാൽ നബി(സ്വ)യെ കൂടുതൽസമയം കാണാനും കേൾക്കാനും അറിയാനും അവർക്ക് ധാരാളം അവസരമുണ്ടായിരുന്നു. അവരുടെ ഭവനങ്ങളിൽവച്ചും യാത്രകളിൽവച്ചും മറ്റു സന്ദർഭങ്ങളിലുമെല്ലാം അവർക്ക് അതിനുള്ള സാഹചര്യങ്ങൾ ലഭിച്ചു. അങ്ങനെ അവിടുത്തെ ഭാര്യമാരിൽ പലരും പ്രഗത്ഭരായ പണ്ഡിതകളായി മാറി. സ്വഹാബിമാരായ പുരുഷന്മാർപോലും പല കാര്യങ്ങളിലും സംശയം ചോദിക്കാൻ നബി(സ്വ)യുടെ ഭാര്യമാരെ സമീപിച്ചിരുന്നതായി നമുക്ക് ചരിത്ര

ത്തിൽ കാണാൻ സാധിക്കും. ഈ മഹതികൾക്ക് മറ്റു സ്ത്രീകളിലേക്ക് ഇസ്‌ലാമിക സന്ദേശം എത്തിക്കുവാനും സാധിച്ചു. ഇങ്ങനെ സ്ത്രീകൾക്ക് മതവിജ്ഞാനം എത്തിക്കുന്നതിനും ഒന്നിലധികം ഭാര്യമാർ ഉണ്ടായത് നബി(സ്വ)ക്ക് കൂടുതൽ സഹായകരമായി.

*മൂന്ന്:* ഇസ്‌ലാമിനുനേരെയും പ്രവാചകനുനേരെയും അറബികളുടെയും യഹൂദികളുടെയും ശത്രുത അതിശക്തമായിരുന്നു. അവരുടെ ശത്രുതയും അക്രമവും ഇല്ലാതാക്കാൻ നബി(സ്വ) അവരുടെ ഗോത്രങ്ങളിൽനിന്ന് വിവാഹം ചെയ്തു. ഇങ്ങനെ വിവാഹം ചെയ്യുന്നതുവഴി ആ ഗോത്രക്കാർ മുഴുവനും ശത്രുത ഒഴിവാക്കി സ്നേഹം പങ്കിടാൻ നിമിത്തമാകുമായിരുന്നു. ഇന്നത്തെ പോലെയായിരുന്നില്ല അക്കാലത്തെ അവസ്ഥ. വൈവാഹിക ബന്ധസ്ഥാപനത്തിലൂടെ ആയിരക്കണക്കിനാളുകൾ സ്നേഹബന്ധത്തിലാകുമായിരുന്നു. ഈ ലക്ഷ്യം മുൻനിർത്തിയും പല അറബി ഗോത്രങ്ങളുമായും നബി(സ്വ) വിവാഹ ബന്ധത്തിലേർപ്പെട്ടു. അതുകാരണത്താൽ ശത്രുത കുറയുകയും ചെയ്തു. അങ്ങനെ ഇസ്‌ലാമിക പ്രബോധനം അവരിൽ സുഗമമാകുകയും ചെയ്തു.

*നാല്:* വിവാഹബന്ധത്തിന് വലിയ സ്ഥാനം അക്കാലത്ത് നിലവിലുണ്ടായിരുന്നു. മുസ്‌ലിം കുടുംബങ്ങളെത്തന്നെ കൂടുതൽ അടുപ്പിക്കുന്നതിന് വേണ്ടിയും, നബി(സ്വ)യോടുള്ള ബന്ധം നിലനിൽക്കുന്നതിനാൽ നബി(സ്വ)ക്ക് വേണ്ടിയും മുസ്‌ലിംകൾക്ക് വേണ്ടിയും കൂടുതൽ ത്യാഗസന്നദ്ധരാകുന്നതിന് വേണ്ടിയും നബി(സ്വ) വിവാഹം ചെയ്തു.

*അഞ്ച്:* നബി(സ്വ)യുടെ ഭാര്യാപദം മോഹിച്ച് പലരും നബി(സ്വ)യോട് വിവാഹാലോചന നടത്തിയിരുന്നു. അവരിൽ കിഴവികളായവർ പോലും ഉണ്ടായിരുന്നു. നബി(സ്വ)യുടെ കൂടെ സുഖം പങ്കിടാൻ മോഹിച്ചായിരുന്നില്ല അവരുടെ വിവാഹാലോചനകൾ. വൃദ്ധകളായ അവർ അവരുടെ ദിവസങ്ങൾ മറ്റു ഭാര്യമാർക്ക് നൽകാൻ പോലും സന്നദ്ധത പ്രകടിപ്പിച്ചാണ് അതിനു തയ്യാറായത്. ഇത്തരം സന്ദർഭത്തിലും നബി(സ്വ) വിവാഹം ചെയ്തു.

മുകളിൽ സൂചിപ്പിച്ച കാരണങ്ങളാൽ നബി(സ്വ) വിവാഹം ചെയ്തു എന്ന് പറയുമ്പോൾ എണ്ണിക്കണക്കാക്കാൻ പറ്റാത്തത്ര വിവാഹങ്ങൾ നബി(സ്വ) ചെയ്തിരുന്നു എന്ന് ആരും വിചാരിക്കരുത്. അല്ലാഹു നബി(സ്വ)ക്ക് വ്യക്തമായി അനുവദിച്ച പരിധിയിലൊതുങ്ങിക്കൊണ്ടല്ലാത്ത ഒരു വിവാഹവും നബി(സ്വ) നടത്തിയിട്ടുമില്ല. ഒരു പുരുഷന് നാല് വിവാഹംവരെ ഇസ്‌ലാം അനുവദിച്ചിട്ടുണ്ട്. എന്നാൽ നബി(സ്വ)യുടെ പത്നിമാരുടെ എണ്ണം നാലിൽ കൂടുതലായതിനെപ്പറ്റി ഒരു മുസ്‌ലിമും സംശയിച്ചുകൂടാ. അല്ലാഹു നബി(സ്വ)ക്ക് നൽകിയ പ്രത്യേകമായ അനുവാദമാണ് ഇതെന്ന് നാം ഉറച്ച് വിശ്വസിക്കേണ്ടതുണ്ട്. മറ്റുള്ളവരെ അളക്കുന്ന മാനദണ്ഡം കൊണ്ടാകരുത് നബി(സ്വ)യെ നാം അളക്കേണ്ടത്. നബി(സ്വ)ക്ക് അല്ലാഹു പല കാര്യങ്ങളിലും പ്രത്യേകത നൽകിയിട്ടുണ്ട്. അങ്ങനെ നൽകിയ പ്രത്യേകതകളിൽ പെട്ടതാണ് നബി(സ്വ)യുടെ വിവാഹങ്ങളും.

നബി(സ്വ)യുടെ ഭാര്യമാർ ആരൊക്കെയാണ് എന്ന് ചുരുക്കി വിവരിക്കാം:

**ഖദീജ(റ)**

നബി(സ്വ)യുടെ ജീവിതത്തിലേക്ക് ആദ്യമായി കടന്നുവന്ന ജീവിത സഖിയാണ് ഖദീജ ബിൻത് ഖുവയ്‌ലിദ്(റ). അവർ എ.ഡി 566ൽ ജനിക്കുകയും എ.ഡി 629ൽ മരണപ്പെടുകയും ചെയ്തു.

ത്വാഹിറ, സയ്യിദതു ക്വുറയ്ശ്, ഉമ്മുക്വാസിം എന്നീ പേരുകളിൽ മഹതി അറിയപ്പെട്ടിരുന്നു. ഖദീജ(റ)യുടെ കുടുംബം മക്കയിൽ പേരും പ്രശസ്തിയുമുള്ള കുടുംബമായിരുന്നു. അവരുടെ പിതാവിന്റെയും മാതാവിന്റെയും പിതൃപരമ്പര നബി(സ്വ)യുടെ പിതൃപരമ്പരയിൽ സന്ധിക്കു

**നബി(സ്വ)യുടെ ഭാര്യമാർ അദ്ദേഹത്തിന്റെ കൂടെ ജീവിക്കുന്ന മഹതികളായിരുന്നല്ലോ. അതിനാൽ നബി(സ്വ)യെ കൂടുതൽസമയം കാണാനും കേൾക്കാനും അറിയാനും അവർക്ക് ധാരാളം അവസരമുണ്ടായിരുന്നു. അവരുടെ ഭവനങ്ങളിൽവച്ചും യാത്രകളിൽവച്ചും മറ്റു സന്ദർഭങ്ങളിലുമെല്ലാം അവർക്ക് അതിനുള്ള സാഹചര്യങ്ങൾ ലഭിച്ചു. അങ്ങനെ അവിടുത്തെ ഭാര്യമാരിൽ പലരും പ്രഗത്ഭരായ പണ്ഡിതകളായി മാറി. സ്വഹാബിമാരായ പുരുഷന്മാർപോലും പല കാര്യങ്ങളിലും സംശയം ചോദിക്കാൻ നബി(സ്വ)യുടെ ഭാര്യമാരെ സമീപിച്ചിരുന്നതായി നമുക്ക് ചരിത്രത്തിൽ കാണാൻ സാധിക്കും. ഈ മഹതികൾക്ക് മറ്റു സ്ത്രീകളിലേക്ക് ഇസ്‌ലാമിക സന്ദേശം എത്തിക്കുവാനും സാധിച്ചു. ഇങ്ങനെ സ്ത്രീകൾക്ക് മതവിജ്ഞാനം എത്തിക്കുന്നതിനും ഒന്നിലധികം ഭാര്യമാർ ഉണ്ടായത് നബി(സ്വ)ക്ക് കൂടുതൽ സഹായകരമായി.**

**അല്ലാഹു നബി(സ്വ)ക്ക് വ്യക്തമായി അനുവദിച്ച പരിധിയിലൊതുങ്ങിക്കൊണ്ടല്ലാത്ത ഒരു വിവാഹവും നബി(സ്വ) നടത്തിയിട്ടുമില്ല. ഒരു പുരുഷന് നാല് വിവാഹംവരെ ഇസ്‌ലാം അനുവദിച്ചിട്ടുണ്ട്. എന്നാൽ നബി(സ്വ)യുടെ പത്നിമാരുടെ എണ്ണം നാലിൽ കൂടുതലായതിനെപ്പറ്റി ഒരു മുസ്‌ലിമും സംശയിച്ചുകൂടാ. അല്ലാഹു നബി(സ്വ)ക്ക് നൽകിയ പ്രത്യേകമായ അനുവാദമാണ് ഇതെന്ന് നാം ഉറച്ച് വിശ്വസിക്കേണ്ടതുണ്ട്. മറ്റുള്ളവരെ അളക്കുന്ന മാനദണ്ഡം കൊണ്ടാകരുത് നബി(സ്വ)യെ നാം അളക്കേണ്ടത്. നബി(സ്വ)ക്ക് അല്ലാഹു പല കാര്യങ്ങളിലും പ്രത്യേകത നൽകിയിട്ടുണ്ട്. അങ്ങനെ നൽകിയ പ്രത്യേകതകളിൽ പെട്ടതാണ് നബി(സ്വ)യുടെ വിവാഹങ്ങളും.**



ന്നതായി കാണാൻ സാധിക്കും. മാതാവ് ഫാത്വിമ സുന്ദരിയായ ഒരു മഹതിയായിരുന്നു. അവരുടെ സൗന്ദര്യം ഖദീജ(റ)ക്കും ലഭിച്ചിരുന്നു. പിതാവ് ബുദ്ധികൂർമതയുള്ള, മാനസികമായ ധൈര്യമുള്ളയാളായിരുന്നു. പിതാവിന്റെ ഈ ഗുണങ്ങളും അവരിൽ ഉണ്ടായിരുന്നു. പിതൃസഹോദരനായിരുന്നു വറക്വതുബ്നു നൗഫൽ. അദ്ദേഹം നല്ല പണ്ഡിതനായിരുന്നു. അദ്ദേഹത്തിന്റെ അറിവും വിവേകവും ഖദീജ(റ)ക്ക് ലഭിച്ചിരുന്നു. അഥവാ സൗന്ദര്യം, ബുദ്ധി, മാനസികധൈര്യം, അറിവ് തുടങ്ങിയവയുള്ള സദ്ഗുണ സമ്പന്നയായിരുന്നു മഹതി ഖദീജ(റ). അതിനാൽത്തന്നെ ഖദീജയെ ഇണയായി ലഭിച്ചാൽ നന്നായിരുന്നു എന്ന് ആഗ്രഹിച്ചിരുന്ന പലരും അവിടെയുണ്ടായിരുന്നു. പലരും വിവാഹാന്വേഷണവുമായി സമീപിക്കുകയും ചെയ്തിരുന്നു.

നബി(സ്വ) വിവാഹം ചെയ്യുന്നതിനു മുമ്പ് രണ്ടുതവണ മഹതി വിവാഹിതയായിട്ടുണ്ടായിരുന്നു. അവരിൽ അവർക്ക് മക്കളും ഉണ്ടായിരുന്നു. ആദ്യത്തെ ഭർത്താവ് തമീം ഗോത്രക്കാരനായ അബൂഹാലയായിരുന്നു. ഹാല, ഹിന്ദ് എന്നീ രണ്ട് ആൺകുട്ടികൾ ആ ഭർത്താവിൽ അവർക്ക് ജനിച്ചിരുന്നു. ഈ രണ്ടുപേരുകളും ആണിനും പെണ്ണിനും ഉപയോഗിക്കുന്ന പേരുകളാണ്. ഈ ഹിന്ദ് ഉഹ്ദ് യുദ്ധത്തിൽ നബി(സ്വ)യുടെ കൂടെ പങ്കെടുത്തിരുന്നു എന്നും നമുക്ക് കാണാവുന്നതാണ്. അബൂഹാല മരണപ്പെട്ടതിന് ശേഷം അടുത്ത വിവാഹവും നടന്നു. അതീക് എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. ബനൂമഖ്സൂം ഗോത്രക്കാരനായിരുന്നു അദ്ദേഹം. അദ്ദേഹം ഖദീജ(റ)യെ വിവാഹമോചനം നടത്തിയെന്നാണ് പറയപ്പെടുന്നത്.

പിന്നീട് ധാരാളം വിവാഹാലോചനകൾ വന്നെങ്കിലും എല്ലാം മഹതി നിരസിക്കുകയാണ് ചെയ്തത്. മക്കളെ നോക്കി കഴിച്ചുകൂട്ടാനാണ് ഞാൻ ആഗ്രഹിക്കുന്നതെന്നും മറ്റൊരു വിവാഹത്തിന് ഇപ്പോൾ ആലോചനയില്ലെന്നും തന്റെ സമ്പത്ത് നോക്കി, കച്ചവ

**നബി(സ്വ) വിവാഹം ചെയ്യുന്നതിനു മുമ്പ് രണ്ടുതവണ മഹതി വിവാഹിതയായിട്ടുണ്ടായിരുന്നു. അവരിൽ അവർക്ക് മക്കളും ഉണ്ടായിരുന്നു. ആദ്യത്തെ ഭർത്താവ് തമീമ് ഗോത്രക്കാരനായ അബൂഹാലയായിരുന്നു. ഹാല, ഹിന്ദ് എന്നീ രണ്ട് ആൺകുട്ടികൾ ആ ഭർത്താവിൽ അവർക്ക് ജനിച്ചിരുന്നു. ഈ രണ്ടുപേരുകളും ആണിനും പെണ്ണിനും ഉപയോഗിക്കുന്ന പേരുകളാണ്. ഈ ഹിന്ദ് ഉഹ്ദ് യുദ്ധത്തിൽ നബി(സ്വ) യുടെ കൂടെ പങ്കെടുത്തിരുന്നു എന്നും നമുക്ക് കാണാവുന്നതാണ്. അബൂഹാല മരണപ്പെട്ടതിന് ശേഷം അടുത്ത വിവാഹവും നടന്നു. അതീക്വ് എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. ബനൂമഖ്സൂം ഗോത്രക്കാരനായിരുന്നു അദ്ദേഹം.**

ടം നടത്തി മുന്നോട്ടു പോകാനാണ് ആഗ്രഹിക്കുന്നതെന്നും അവർ അവർക്കെല്ലാം ഉത്തരം നൽകി.

ഖദീജ(റ) സമ്പന്നയായ ഒരു സ്ത്രീയായിരുന്നു. അക്കാലത്ത് മക്കക്കാരുടെ ഏക വരുമാനമാർഗം കച്ചവടമായിരുന്നല്ലോ. ഖദീജ(റ)യും കച്ചവടക്കാരിയായിരുന്നു. ഭൃത്യൻ മയ്സറത്തിനെയായിരുന്നു മഹതി തന്റെ കച്ചവടം ഏൽപിച്ചിരുന്നത്. പിന്നീട് മക്കയിലെ മുഹമ്മദിനെ (സ്വ) പറ്റി വിവരം ലഭിക്കുകയും മയ്സറത്തിന്റെ കൂടെ പ്രവാചകനെയും കച്ചവടത്തിന് അയക്കുകയും ചെയ്തു. ആ കച്ചവടത്തിലെ അത്ഭുതങ്ങളും നബിയുടെ സ്വഭാവ ഗുണങ്ങളും ഭൃത്യൻ മയ്സറത് ഖദീജയുമായി പങ്കുവെച്ചു. അത് ഖദീജ(റ)യിൽ നബി(സ്വ)യെക്കുറിച്ച് മതിപ്പും ആഗ്രഹവും ജനിക്കുവാൻ ഇടയാക്കി. പക്ഷേ, എങ്ങനെ തന്റെ ആഗ്രഹം പ്രകടമാക്കും? പലരും വിവാഹാലോചനയുമായി തന്നെ സമീപിച്ചപ്പോൾ നിരസിക്കുകയാണല്ലോ ചെയ്തത്! അങ്ങനെ തന്റെ ആഗ്രഹം മനസ്സിൽ കൊണ്ടുനടക്കുന്ന സമയത്താണ് കൂട്ടുകാരി നഫീസ ഖദീജ(റ)യുടെ അരികിൽ വരുന്നത്. മഹതിയുടെ മുഖത്തെ മ്ലാനതയും വിഷമവും കൂട്ടുകാരി ചോദിച്ചറിഞ്ഞു. നഫീസ മഹതിയെ ആശ്വസിപ്പിച്ചു: "ഖദീജാ, നീ കുലീനതയും പാതിവ്യത്യവും സൗന്ദര്യവും സമ്പത്തുമുള്ള, ഉന്നത കുടുംബക്കാരിയായ, മക്കയിൽ പേരും പ്രശസ്തിയുമുള്ളവളാണല്ലോ. രണ്ട് വിവാഹം കഴിഞ്ഞവളാണെങ്കിലും മക്കളുള്ളവളാണെങ്കിലും മുഹമ്മദ് ഈ വിവാഹം നിരസിക്കുകയില്ല. ഞാൻ അദ്ദേഹത്തിന്റെ കുടുംബവുമായി സംസാരിക്കാം." അങ്ങനെ നഫീസ നബി(സ്വ)യുടെ വീട്ടിലേക്ക് പോയി. നബി(സ്വ)യോട് അവർ ചോദിച്ചു: 'വിവാഹപ്രായം എത്തിയല്ലോ. വിവാഹത്തിന് താങ്കൾക്ക് എന്താണ് തടസ്സം?' നബി(സ്വ) പറഞ്ഞു: 'എന്റെ കൈവശം ഒന്നുമില്ല. വിവാഹത്തിന് മഹ്ർ നൽകണമല്ലോ, ഇണയെ പോറ്റി വളർത്തുകയും വേണം. അതിനുള്ള സാമ്പത്തികമായ യാതൊന്നും എനിക്കില്ല.' നഫീസ ചോദിച്ചു: 'ശരി, കുലീനയായ, സമ്പന്നയായ, സൗന്ദര്യമുള്ള, ചേർച്ചയുള്ള ഒരു പെണ്ണ് താങ്കളെ ഏറ്റെടുക്കാൻ തയ്യാറാണെന്ന് അറിയിച്ചാൽ താങ്കൾ അത് സമ്മതിക്കുമോ?' നബി(സ്വ) ചോദിച്ചു: 'അത് ആരാണ്?' നഫീസ പറഞ്ഞു: 'ഖദീജ ബിൻത് ഖുവയ്ലിദ്.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'അവർ അതിന് യോജിക്കുന്നുവെങ്കിൽ ഞാൻ ആ വിവാഹാഭ്യർഥന സ്വീകരിക്കാൻ തയ്യാറാണ്.'

നഫീസ നബി(സ്വ)യുമായി നടത്തിയ സംസാരം ഖദീജ(റ)യെ അറിയിക്കാനായി സന്തോഷത്താൽ പോകുന്നു. തുടർന്ന് നബി(സ്വ)യുടെ കുടുംബത്തിൽനിന്ന് അബ്ബാസ്(റ), ഹംസ(റ) തുടങ്ങിയവർ ഖദീജ(റ)യുടെ വീട്ടുകാരുമായി സംസാരിച്ചു. ഖദീജ(റ)യുടെ പിതൃസഹോദരൻ അംറിനോടായിരുന്നു അവർ അന്വേഷണം നടത്തിയിരുന്നത്. അങ്ങനെ വിവാഹം നടന്നു. അബൂത്വാലിബ് ആ വിവാഹച്ചടങ്ങിൽ ഒരു പ്രസംഗം നടത്തുകയും ചെയ്തു എന്നും ചരിത്രത്തിൽ കാണാം.

ഖദീജ(റ)യുടെ പിതാവിന് ആ വിവാഹം ഇഷ്ടമില്ലായിരുന്നെന്നും മറ്റും പറയുന്ന ചില റിപ്പോർട്ടുകൾ കാണാം. അത് സ്വീകാര്യമല്ല. ഈ വിവാഹത്തിന് മുമ്പുതന്നെ ഖദീജ(റ)യുടെ പിതാവ് മരണപ്പെട്ടിരുന്നെന്നും പിതൃസഹോദരനാണ് വിവാഹം ചെയ്തുകൊടുത്തതെന്നതുമാണ് വാസ്തവം.

നബി(സ്വ)ക്ക് നുബുവ്വത്ത് (പ്രവാചകത്വം) ലഭിക്കുന്നത് നാൽപതാമത്തെ വയസ്സിലായിരുന്നു. നുബുവ്വത്ത് ലഭിക്കുന്നതിന് മുമ്പ് നബി(സ്വ)ക്ക് ഉണ്ടായ ഏക വിവാഹമായിരുന്നു ഖദീജ(റ)യുമായുള്ള വിവാഹം. നുബുവ്വത്ത് ലഭിക്കുന്നതിന്റെ പതിനഞ്ച് വർഷങ്ങൾക്ക് മുമ്പായിരുന്നു നബി(സ്വ)യുടെ ഈ പ്രഥമ വിവാഹം നടന്നത്. വധുവായ ഖദീജ(റ)ക്ക് അന്ന് നാൽപത് വയസ്സായിരുന്നു എന്നാണ് ചരിത്രത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇതിനോട് ആധുനികരും പൂർവികരുമായ പല പണ്ഡിതന്മാരും വിയോജിപ്പ് പ്രകടിപ്പിച്ചതായും നമുക്ക് കാണാൻ സാധിക്കും. ഖദീജ(റ)ക്ക് അന്ന് ഇരുപത്തി എട്ട് വയസ്സായിരുന്നു എന്നാണ് ഈ പണ്ഡിതന്മാരുടെ അഭിപ്രായം. ഈ അഭിപ്രായങ്ങളെ കൂടുതൽ വിശകലനം ചെയ്യാൻ ഇവടെ ഉദ്ദേശിക്കുന്നില്ല. രണ്ട് അഭിപ്രായങ്ങളും നാം മനസ്സിലാക്കണം എന്ന് അറിയാൻ വേണ്ടിയാണ് ഇവിടെ ഇത് സൂചിപ്പിച്ചത്. പല കാരണങ്ങളാലും പ്രബലമായ അഭിപ്രായമായി നമുക്ക് ഇതിനെയും കാണാം. രണ്ടായിരുന്നാലും നബി(സ്വ)യെക്കാൾ പ്രായമുള്ള ഒരു സ്ത്രീയെയാണ് ചെറുപ്പക്കാരനായിരുന്ന പ്രവാചകൻ ആദ്യമായി വിവാഹം ചെയ്തത് എന്നത് നാം മനസ്സിലാക്കേണ്ടതുണ്ട്. ഇരുപത്തിയഞ്ച് കൊല്ലം ഈ ബന്ധം നിലനിന്നു. സന്തോഷവും ആനന്ദവും നിറഞ്ഞ ആ ജീവിതം നബി(സ്വ)യുടെ അമ്പതാമത്തെ വയസ്സിലാണ്



**ഖദീജ(റ) സമ്പന്നയായ ഒരു സ്ത്രീയായിരുന്നു. അക്കാലത്ത് മക്കക്കാരുടെ ഏക വരുമാനമാർഗം കച്ചവടമായിരുന്നല്ലോ. ഖദീജ(റ)യും കച്ചവടക്കാരിയായിരുന്നു. ഭൃത്യൻ മയ്സറത്തിനെയായിരുന്നു മഹതി തന്റെ കച്ചവടം ഏൽപിച്ചിരുന്നത്. പിന്നീട് മക്കയിലെ മുഹമ്മദിനെ (സ്വ) പറ്റി വിവരം ലഭിക്കുകയും മയ്സറത്തിന്റെ കൂടെ പ്രവാചകനെയും കച്ചവടത്തിന് അയക്കുകയും ചെയ്തു. ആ കച്ചവടത്തിലെ അത്ഭുതങ്ങളും നബിയുടെ സ്വഭാവ ഗുണങ്ങളും ഭൃത്യൻ മയ്സറത് ഖദീജയുമായി പങ്കുവെച്ചു. അത് ഖദീജ(റ)യിൽ നബി(സ്വ)യെക്കുറിച്ച് മതിപ്പും ആഗ്രഹവും ജനിക്കുവാൻ ഇടയാക്കി.**

അവസാനിക്കുന്നത്. അഥവാ, നബി(സ്വ)ക്ക് പ്രായം അമ്പത് ആയപ്പോഴായിരുന്നു ഖദീജ(റ) മരണപ്പെടുന്നത്. ഖദീജ(റ)യുടെ മരണംവരെ നബി(സ്വ) മറ്റൊരു വിവാഹത്തെ സംബന്ധിച്ച് ആലോചിച്ചിട്ടുപോലുമില്ലായിരുന്നു.

നബി(സ്വ)ക്ക് ഏഴ് മക്കളായിരുന്നു ഉണ്ടായിരുന്നത്. മൂന്ന് ആൺമക്കളും നാല് പെൺമക്കളും. ഇതിൽ ഇബ്റാഹീം എന്ന ആൺകുട്ടി ഒഴികെ ക്വാസിം, അബ്ദുല്ലാഹ്, സയ്നബ്, റുക്വിയ്യ, ഉമ്മു കുൽസൂം, ഫാത്വിമ(റ) തുടങ്ങിയവരെല്ലാം ഖദീജ(റ)യിലാണ് നബി(സ്വ)ക്ക് പിറന്നത്. നാൽപതാമത്തെ വയസ്സിലാണ് ഖദീജ(റ)യെ നബി(സ്വ) വിവാഹം ചെയ്തതെങ്കിൽ ഇത്രയും മക്കളെ ഒരു നാൽപതു വയസ്സിനുശേഷം പ്രസവിക്കുന്നതിൽ അസാംഗത്യമുണ്ടെന്നതാണ് ഖദീജ(റ)യെ നബി(സ്വ) വിവാഹം ചെയ്യുന്ന സമയത്ത് നാൽപത് വയസ്സായിരുന്നു എന്ന അഭിപ്രായത്തോട് ആധുനികരും പൂർവികരുമായ ഒട്ടേറെ പണ്ഡിതന്മാർ വിയോജിക്കാൻ കാരണം.

ഖദീജ(റ)യുടെ കൂടെയുള്ള ജീവിതം നബി(സ്വ)ക്ക് വലിയ സന്തോഷകരമായിരുന്നു. ഇരുവരും തങ്ങളുടെ കടമകളും കടപ്പാടുകളും നിറവേറ്റി മുന്നോട്ടുപോയി. മക്കയിൽ നടമാടിയിരുന്ന എല്ലാ നീചവൃത്തികളോടും നബി(സ്വ) വെറുപ്പ് കാണിച്ചിരുന്നു. നബി(സ്വ) നാൽപത് വയസ്സാകുന്നതിന് മുമ്പ് ഹിറാഗുഹയിൽ ഏകാന്തനായി പ്രാർഥനയിലും മറ്റും കഴിച്ചുകൂട്ടുന്നത് ഇഷ്ടപ്പെട്ടു. ആ ഗുഹയിൽ പല രാത്രികളും കഴിച്ചുകൂട്ടുകയും ചെയ്തിരുന്നു. ഭക്ഷണ സൗകര്യങ്ങൾ തയ്യാറാക്കിക്കൊടുത്ത് മഹതി അദ്ദേഹത്തെ അവിടേക്ക് സന്തോഷത്തോടെ യാത്രയാക്കുകയും ചെയ്തിരുന്നു. അങ്ങനെയിരിക്കെയാണ് നബി(സ്വ)ക്ക് ആദ്യമായി നുബുവ്വത്ത് ലഭിക്കുന്നത്. ആദ്യമായി നുബുവ്വത്ത് ലഭിച്ചതിനെ സംബന്ധിച്ചുള്ള വിവരണം നാം മനസ്സിലാക്കിയിട്ടുണ്ടല്ലോ.

നബി(സ്വ)ക്ക് നുബുവ്വത്ത് ലഭിച്ചയുടനെ ഖദീജ(റ) നബി(സ്വ)യിൽ വിശ്വസിച്ചു. തന്റെ ഭർത്താവിന്റെ ദൗത്യം വിജയിപ്പിക്കുന്നതിനാവശ്യമായ എല്ലാവിധത്തിലുമുള്ള സഹായ സഹകരണങ്ങളും നൽകി പാറപോലെ ഭർത്താവിന്റെ കൂടെ മഹതി ഉറച്ചുനിന്നു. നബി(സ്വ) മല പോലെ വലിയ വിഷമങ്ങൾ പറയുമ്പോൾ ആശ്വസിപ്പിച്ച് മഞ്ഞുപോലെ അതെല്ലാം ഉരുക്കിക്കളഞ്ഞ് ഭർത്താവിന് ആശ്വാസം പകർന്നിരുന്ന മഹതിയായിരുന്നു ഖദീജ(റ). അങ്ങനെ ധൈര്യവും ആശ്വാസവും നൽകുന്ന വാക്കുകൾ നൽകി നബി(സ്വ)ക്ക് താങ്ങും തണലുമായി ഖദീജ(റ) കഴിച്ചുകൂട്ടി.

**ഖദീജ(റ)യെ ഇത്രയധികം നബി(സ്വ) സ്മരിക്കാനുള്ള കാരണം അവിടുന്ന് ആഇശ(റ) യോട് പറയുന്നത് മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെ കാണാം: “അല്ലാഹു അവരെക്കാൾ ഉത്തമയായ ഒരാളെ എനിക്ക് പകരം നൽകിയിട്ടില്ല. ആളുകൾ എന്നിൽ അവിശ്വസിച്ചപ്പോൾ അവർ എന്നിൽ വിശ്വസിച്ചു. ആളുകൾ എന്നെ കളവാക്കിയപ്പോൾ അവർ എന്നെ സത്യപ്പെടുത്തി. ആളുകൾ എന്നെ ബഹിഷ്കരിച്ചപ്പോൾ ധനംകൊണ്ട് അവർ എന്നെ സഹായിച്ചു. മറ്റു സ്ത്രീകളിൽ എനിക്ക് മക്കളില്ലാത്ത സന്ദർഭത്തിൽ അല്ലാഹു അവരിലൂടെയാണ് എനിക്ക് മക്കളെ നൽകിയത്’ (അഹ്മദ്).**

നബി(സ്വ)യുടെ സന്തോഷ, സന്താപ വേളകളിൽ ഖദീജ(റ) ഏറെ തുണയായിട്ടുണ്ട്. നബി(സ്വ)യുടെ കൂടെ ഉറച്ചുനിന്നതിനാൽ പലവിധത്തിലുള്ള പരീക്ഷണങ്ങൾക്കും വിധേയമായി. തങ്ങൾക്ക് ആദ്യമായി പിറന്ന രണ്ട് ആൺകുട്ടികൾ മരണപ്പെട്ടു. റുകിയ്യ(റ), ഉമ്മുകുൽസൂം(റ) എന്നീ രണ്ടു പെൺമക്കളെ വിവാഹം ചെയ്തിരുന്നത് കടുത്ത ശത്രുക്കളായ അബൂലഹബിന്റെ മക്കളായ ഉത്ബയും ഉതയ്ബയും ആയിരുന്നു. മുഹമ്മദ്(സ്വ) നബിയാകുകയും ‘ലാ ഇലാഹ ഇല്ലല്ലാഹു’ പ്രബോധനം നടത്തുകയും ചെയ്തപ്പോൾ അബൂലഹബിനും ഭാര്യ ഉമ്മുജമീലിനും നബി(സ്വ)യുടെ മക്കളെ തങ്ങളുടെ വീട്ടിൽ നിർത്തുന്നത് ഇഷ്ടമായില്ല. മുഹമ്മദിന്റെ രണ്ട് മക്കളെയും അവരുടെ വീട്ടിലേക്ക് അയക്കാൻ അവർ ഉത്ബയോടും ഉതയ്ബയോടും കൽപിച്ചു. അവരെ ത്വലാക്വ് ചെയ്യാൻ കൽപിച്ചു. അങ്ങനെ നബി(സ്വ)യുടെ രണ്ട് പെൺമക്കളുടെയും വിവാഹമോചനം നടന്നു. മാതാപിതാക്കൾ ഇരുവരെയും സ്വീകരിച്ചു. ‘നിങ്ങൾക്ക് അവരെക്കാളും ഉത്തമരായ ഇണകളെ അല്ലാഹു നൽകുന്നതാണ്, ക്ഷമിക്കുക’ എന്നെല്ലാം പറഞ്ഞ് ഇരുവരും മക്കളെ ആശ്വസിപ്പിച്ചു. ഇതായിരുന്നു മറ്റൊരു പരീക്ഷണം. ഇരുവരെയും പിന്നീട് ഉസ്മാൻ(റ) വിവാഹം ചെയ്യുകയും ചെയ്തു. ആദ്യം റുകിയ്യ(റ)യെ വിവാഹം ചെയ്തു. അവർ മരണപ്പെട്ടപ്പോൾ ഉമ്മുകുൽസൂമിനെയും വിവാഹം ചെയ്തു. ഖദീജ(റ)ക്ക് നബി(സ്വ)യിൽ വിശ്വസിച്ചതിന്റെ പേരിൽ ഇതുപോലുള്ള മറ്റു പല പരീക്ഷണങ്ങൾക്കും വിധേയയാകേണ്ടി വന്നിരുന്നു. ശഅ്ബു അബൂത്വാലിബ് മലയിൽ ശത്രുക്കളാൽ ഉപരോധിക്കപ്പെട്ട നേരത്തും ഖദീജ(റ) നബി(സ്വ)യുടെ കൂടെയുണ്ടായിരുന്നു. ഇങ്ങനെ ഏതു രംഗത്തും നബി(സ്വ)യുടെ കൂടെ അവർ നിലകൊണ്ടു. അതിനാൽതന്നെ അവരുടെ മരണം നബി(സ്വ)യെ ഏറെ വേദനിപ്പിക്കുകയും ദുഃഖത്തിലാഴ്ത്തുകയും ചെയ്തു. ഖദീജ(റ)യുടെ കൂടെയുള്ള തന്റെ ജീവിതം നബി(സ്വ) പല സന്ദർഭങ്ങളിലും സ്മരിക്കാറുണ്ടായിരുന്നു. നബി(സ്വ) മൂന്നാമത് വിവാഹം ചെയ്ത ആഇശ(റ) അക്കാര്യം പറയുന്നത് കാണുക:

ആഇശ(റ)യിൽനിന്ന് നിവേദനം; അവർ പറഞ്ഞു: “ഖദീജയോട് ഞാൻ ഈർഷ്യത കാണിച്ചതുപോലെ നബി(സ്വ)യുടെ ഒരു ഭാര്യയോടും എനിക്ക് ഈർഷ്യത ഉണ്ടായിട്ടില്ല-എന്നെ അവിടുന്ന് വിവാഹം ചെയ്യുന്നതിന് മുമ്പ് (തന്നെ) അവർ മരണപ്പെട്ടിരുന്നു-അവിടുന്ന് അവരെ സ്മരിക്കുന്നത് ഞാൻ കേൾക്കാറുള്ളത് കാരണമായിരുന്നു അത്. അല്ലാഹു അദ്ദേഹത്തോട് അവരെക്കുറിച്ച് സന്തോഷിക്കാൻ കൽപിച്ചതിനാലും (ഖദീജയോട് എനിക്ക് ഈർഷ്യതയുണ്ടായി). അവിടുന്ന് ഒരു ആടിനെ അറുത്താൽ അവരുടെ കൂട്ടുകാരികൾക്ക് (അത്) സമ്മാനമായി നൽകുന്നതിനാലും (ഖദീജയോട് എനിക്ക് ഈർഷ്യതയുണ്ടായി)” (ബുഖാരി).

ഖദീജ(റ)യെ നബി(സ്വ) ഇടക്കിടെ പ്രശംസിച്ച് പറയുന്നത് കേൾക്കുമ്പോൾ ആഇശ(റ) പറയും: ‘...ഖദീജയല്ലാത്ത മറ്റൊരു പെണ്ണും നിങ്ങൾക്ക് ദുൻയാവിൽ ഇല്ലാത്തതുപോലെയുണ്ടല്ലോ...’ അപ്പോൾ അവിടുന്ന് പറയും: ‘അവർ അങ്ങനെയായിരുന്നു...ഇങ്ങനെയായിരുന്നു, അവരിൽനിന്നാണ് എനിക്ക് സന്താനം ഉണ്ടായതും’ (ബുഖാരി).

ഖദീജ(റ)യെ ഇത്രയധികം നബി(സ്വ) സ്മരിക്കാനുള്ള കാരണം അവിടുന്ന് ആഇശ(റ) യോട് പറയുന്നത് മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെ കാണാം: “അല്ലാഹു അവരെക്കാൾ ഉത്തമയായ ഒരാളെ എനിക്ക് പകരം നൽകിയിട്ടില്ല. ആളുകൾ എന്നിൽ അവിശ്വസിച്ചപ്പോൾ അവർ എന്നിൽ വിശ്വസിച്ചു. ആളുകൾ എന്നെ കളവാക്കിയപ്പോൾ അവർ എന്നെ സത്യപ്പെടുത്തി. ആളുകൾ എന്നെ ബഹിഷ്കരിച്ചപ്പോൾ ധനംകൊണ്ട് അവർ എന്നെ സഹായിച്ചു. മറ്റു സ്ത്രീകളിൽ എനിക്ക് മക്കളില്ലാത്ത സന്ദർഭത്തിൽ അല്ലാഹു അവരിലൂടെയാണ് എനിക്ക് മക്കളെ നൽകിയത്’ (അഹ്മദ്).

അല്ലാഹു സലാം പറഞ്ഞിട്ടുള്ള മഹതി, ജിബ്രീൽ(അ) സലാം പറഞ്ഞവർ, സർഗത്തിൽ മണിമാളിക പണിയപ്പെട്ടവർ, സ്വർഗസ്ത്രീകളുടെ നേതാവ്... ഇതൊക്കെ ഖദീജ(റ)യുടെ പ്രത്യേകതകളാണ്.

ഖദീജ(റ)യെ നബി(സ്വ) വിവാഹം ചെയ്തതും, നബി(സ്വ)ക്ക് അമ്പത് വയസ്സാകുന്നതുവരെ മറ്റൊരു വിവാഹം കഴിക്കാതെ ജീവിച്ചതും, അമ്പത് വയസ്സിനുശേഷം മാത്രം മറ്റു വിവാഹങ്ങൾ നടത്തിയതുമായ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നപക്ഷം ലൈംഗിക സുഖം അനുഭവിക്കുക എന്നതായിരുന്നില്ല നബി(സ്വ)യുടെ വിവാഹങ്ങളുടെ ലക്ഷ്യം എന്ന് മനസ്സിലാക്കുവാൻ സാധിക്കും.

**(തുടരും)**



കാഴ്ച

# ഏലസ്സ് പൊട്ടിച്ചെറിഞ്ഞവർ

2

സഹ്റ സുല്ലമിയ്യ

2018 മെയ് 31ന് സർക്കാർ സർവീസിൽനിന്നു വിരമിച്ചു. വിരമിക്കുന്നതിനു മുമ്പുതന്നെ അടുത്ത വർഷം മുതൽ ചുങ്കത്തറ നജാത്തുൽഅനാം കോളേജ് വിമൻസ് കോളേജ് ആക്കുകയാണെന്നും പ്രിൻസിപ്പലായി ചാർജെടുക്കണമെന്നും പറഞ്ഞിരുന്നു. ഒരു വർഷം വിശ്രമിച്ചാലോ എന്നാലോചിച്ചു... പിന്നെ തീരുമാനിച്ചു; വേണ്ട. ഈ തിരക്കിട്ട ജീവിതം തന്നെയാണ് ഹരം.

ജൂൺ ഒന്നിനുതന്നെ കോളേജിൽ പ്രിൻസിപ്പലായി ചാർജെടുത്തു. ദീർഘകാലം എൽപി, യുപി ക്ലാസ്സുകളിൽ അറബിക് മാത്രം പഠിപ്പിച്ചു. അധികം റഫർ ചെയ്യേണ്ടതോ മറ്റോ ആവശ്യമില്ലാത്തതിനാൽ കൂടുതലൊന്നും ഭാഷ പുരോഗതിപ്പെടുത്താനുള്ള മാർഗം സ്വീകരിച്ചില്ല. ധാരാളമായി കിതാബുകൾ വായിച്ചിട്ടില്ല. എന്നാലും പല പ്രോഗ്രാമുകളിലും പങ്കെടുക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നതുകൊണ്ട് പറ്റെ അറിവു മുരടിച്ചിട്ടില്ല. കോളേജിൽ പോയാൽ ക്വുർആൻ, ഹദീസ് എന്നിവ പഠിപ്പിക്കാൻ അവസരം ലഭിക്കും, അതിലൂടെ എനിക്കും പഠിക്കാം, അറബി ഗ്രന്ഥങ്ങളുമായി ബന്ധം സ്ഥാപിക്കാം എന്നൊക്കെ ചിന്തിച്ചു.

കോളേജ് ആരംഭിച്ചു. പ്രിലിമിനറി ഒന്നാംവർഷത്തിന് ചേരാൻ ധാരാളം കുട്ടികൾ വന്നു. ചില കുട്ടികൾ അറബി ഭാഷയിൽ വളരെ പിന്നിലാണ്. ഖുർആൻ പാരായണവും നന്നായി വശമില്ല. മതകാര്യങ്ങളിലും വളരെ പിന്നിലാണ്. കാര്യങ്ങൾ അവരെ ബോധ്യപ്പെടുത്തി. പ്രിലിമിനറിക്ക് മുമ്പ് ഒരു വർഷം അറബിഭാഷയും ഖുർആൻ പാരായണവും മറ്റും പഠിപ്പിക്കാൻ പ്രത്യേക ക്ലാസ്സ് കൊടുക്കാൻ തീരുമാനിച്ചു. കുട്ടികൾക്കും രക്ഷിതാക്കൾക്കും സമ്മതം. അതിനായി പ്രത്യേകം ക്ലാസ്സും സിലബസ്സും തയ്യാറാക്കി. ഖുർആൻ സൂറത്തുൽ അഅ്‌ലമുതൽ അന്നാസ്‌വരെ അർഥസഹിതം മനഃപാഠമാക്കണം.

ഖുർആൻ ഞാൻ ഏറ്റെടുത്തു. ആദ്യദിവസങ്ങളിൽ സൂറതുന്നാസ് അവർക്ക് വിശദമായി പഠിപ്പിച്ചു. പിന്നെ സൂറത്തുൽ ഫലക് എടുത്തു തുടങ്ങി. ഓരോ വചനവും വിശദമായി പഠിപ്പിച്ചു കൊടുത്തു. 'കെട്ടുകളിൽ ഊതുന്ന സ്ത്രീകളുടെ കെടുതിയിൽനിന്നും' എന്ന സൂക്തം ഓതി അർഥം പറഞ്ഞ് വിശദീകരിച്ചുകൊടുത്തു. കെട്ടുകളിൽ ഊതുന്നതിന്റെയും ഊതിക്കെട്ടിയ ഏലസ്സ് ധരിക്കുന്നതിന്റെയും ഗൗരവം വിവരിച്ചുകൊടുത്തു.

ആരെങ്കിലും ഏലസ്സ് കെട്ടിയാൽ അവൻ ശിർക്കാണ് ചെയ്തത്. എന്താണ് ശിർക്ക്, എങ്ങനെയാണ് ശിർക്കാവുന്നത് എന്നെല്ലാം വിവരിച്ചുകൊടുത്തു. നബി(സ്വ)യുടെ സദസ്സിൽ വന്ന എല്ലാവരോടും നബി സംസാരിച്ചതും ബൈഅത്ത് ചെയ്തതും ഒരാളോട് മാത്രം സംസാരിക്കാത്തതും... അതിനെക്കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ കയ്യിൽ ഏലസ്സ് ഉള്ളതും അതിനെക്കുറിച്ച് ചോദിച്ചപ്പോൾ ഒരു അസുഖം വന്നപ്പോൾ കെട്ടിയതാണെന്ന് അദ്ദേഹം നബിയോട് പറഞ്ഞതും 'അത് അഴിച്ചുവെക്കുക, അത് ശരീരത്തിലുള്ള കാലത്തോളം ബലഹീനത വർധിക്കുകയല്ലാതെ ഇല്ല' എന്ന് പറഞ്ഞതുമായ സംഭവം വിവരിച്ചുകൊടുത്തു.

**ആരെങ്കിലും ഏലസ്സ് കെട്ടിയാൽ അവൻ ശിർക്കാണ് ചെയ്തത്. എന്താണ് ശിർക്ക്, എങ്ങനെയാണ് ശിർക്കാവുന്നത് എന്നെല്ലാം വിവരിച്ചുകൊടുത്തു. നബി(സ്വ)യുടെ സദസ്സിൽ വന്ന എല്ലാവരോടും നബി സംസാരിച്ചതും ബൈഅത്ത് ചെയ്തതും ഒരാളോട് മാത്രം സംസാരിക്കാത്തതും... അതിനെക്കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ കയ്യിൽ ഏലസ്സ് ഉള്ളതും അതിനെക്കുറിച്ച് ചോദിച്ചപ്പോൾ ഒരു അസുഖം വന്നപ്പോൾ കെട്ടിയതാണെന്ന് അദ്ദേഹം നബിയോട് പറഞ്ഞതും 'അത് അഴിച്ചുവെക്കുക, അത് ശരീരത്തിലുള്ള കാലത്തോളം ബലഹീനത വർധിക്കുകയല്ലാതെ ഇല്ല' എന്ന് പറഞ്ഞതുമായ സംഭവം വിവരിച്ചുകൊടുത്തു.**

രണ്ടാം ബെഞ്ചിൽ അടുത്തടുത്തിരിക്കുന്ന മൂന്നു കുട്ടികൾ. അവർക്ക് വല്ലാത്ത ബേജാറ്! ഒരു പാട് സംശയം. എല്ലാത്തിനും മറുപടി പറഞ്ഞുകൊണ്ടേയിരുന്നു. അപ്പോഴൊക്കെ എനിക്കു തോന്നിയത് അവരുടെ കുടുംബത്തിലും വീട്ടിലും ഏലസ്സ് കെട്ടിയവർ ഉണ്ടാവുമെന്നാണ്. അവർ വീണ്ടും വീണ്ടും ചോദിച്ചു മനസ്സിലാക്കിക്കൊണ്ടിരുന്നു.

അവസാനം 'ഒരിക്കലും സ്വർഗത്തിൽ പ്രവേശിക്കില്ലേ' എന്ന് ഒരു കുട്ടി എന്ന് ചോദിച്ചു.

'ഇല്ല! ഏലസ്സ് കെട്ടിയവൻ ശിർക്കാണ് ചെയ്തത്. ശിർക്ക് ചെയ്തയാൾ സ്വർഗത്തിൽ പ്രവേശിക്കില്ല' എന്ന് പറഞ്ഞുകൊടുത്തു.

അവർ വീണ്ടും ചോദിച്ചു: 'കെട്ടിയാൽ എന്തു ചെയ്യണം?'

'കാര്യങ്ങൾ ബോധ്യപ്പെട്ടാൽ, സത്യം മനസ്സിലായാൽ പിന്നെ അത് പൊട്ടിക്കണം' എന്ന് പറഞ്ഞു.

അപ്പോൾ അതിൽ ഒരു കുട്ടി പറഞ്ഞു: 'എന്റെ അരയിൽ ഏലസ്സുണ്ട്.'

അതുകേട്ടപ്പോൾ മറ്റു രണ്ടാളും പറഞ്ഞു: 'ഞങ്ങളുടെ അരയിലും ഉണ്ട്. ഞങ്ങൾ എന്തു ചെയ്യണം?

'പൊട്ടിച്ചെറിയണം' ഞാൻ പറഞ്ഞു.

'ഞങ്ങൾ റെഡിയാണ്. ഞങ്ങൾക്ക് സത്യം ബോധ്യപ്പെട്ടു.'

പിന്നെ അവരുടെ ചോദ്യം: 'ഇന്റർവെൽ സമയത്ത് പൊട്ടിച്ചാൽ മതിയോ?'

ഞാൻ പറഞ്ഞു: 'ഇപ്പോൾത്തന്നെ പൊട്ടിക്കണം. അടുത്ത നിമിഷം എന്താണ് സംഭവിക്കുക എന്നറിയില്ല. പൊട്ടിക്കുന്നതിനു മുമ്പ് നിങ്ങൾ മരിച്ചാൽ എന്തു സംഭവിക്കും? പൊട്ടിക്കാൻ തീരുമാനിച്ചതുകൊണ്ട് നിങ്ങൾ കുറ്റത്തിൽനിന്ന് രക്ഷപ്പെടും. പൊട്ടിച്ചാൽ അതിന്റെ പ്രതിഫലം കൂടി ലഭിക്കും.'

മൂന്നുപേരും വേഗം ബാത്‌റൂമിൽ പോയി പൊട്ടിച്ചുകളഞ്ഞു. സന്തോഷത്തോടെ ചിരിച്ചു പുറത്തിറങ്ങി വന്നു.

'ടീച്ചറേ...! വളരെ സന്തോഷം. എന്തെന്നില്ലാത്ത സമാധാനം... ആശ്വാസം.'

ഞാൻ ചോദിച്ചു: 'നിങ്ങൾ എന്തിനാണ്, എപ്പോഴാണ് ഇത് കെട്ടിയത്?'

ഒരു കുട്ടി പറഞ്ഞു: 'എനിക്ക് അത്ര ഓർമയില്ല. ചെറുപ്പത്തിൽ ഓരോ അസുഖങ്ങൾ വന്നപ്പോൾ കെട്ടിയതാണ്. ഓർമ വെക്കുമ്പോൾ ഇത് അരയിലുണ്ട്. ഇത് പോയാൽ എന്തോ സംഭവിക്കും എന്നായിരുന്നു മനസ്സിൽ! ഇപ്പോൾ മനസ്സിലായി; ഇത് അരയിൽ ഉള്ളിടത്തോളമാണ് എല്ലാം നഷ്ടമാവുക എന്ന്...'

ഇതുതന്നെയാണ് മറ്റു കുട്ടികൾക്കും പറയാനുണ്ടായിരുന്നത്. ആ നിമിഷം എനിക്കുണ്ടായ സന്തോഷം വിവരണാതീതമായിരുന്നു.



# ആടിനെ മുന്നിൽനിന്ന് വലിച്ചാൽ

സ്വലാഹുദ്ദീൻ ഇബ്‌നു സലീം
:94954 67259

'അബ്ദുല്ല നല്ല മനുഷ്യനാണ്, രാത്രി നമസ്കാരം കൂടി ഉണ്ടായിരുന്നെങ്കിൽ' നബി(സ്വ) ഒരാളെപ്പറ്റി പറഞ്ഞ അഭിപ്രായമാണിത്. ഈ വാചകം നമുക്ക് വേണമെങ്കിൽ ഇങ്ങനെ പറയാം: 'അബ്ദുല്ല ചീത്ത മനുഷ്യനാണ്, രാത്രി നമസ്കരിക്കാത്തതിനാൽ.' രണ്ടിന്റെയും ആശയം ഒന്നുതന്നെ. എന്നാൽ രണ്ടു വാചകവും ആ വ്യക്തി കേൾക്കുമ്പോൾ വിഭിന്ന പ്രതികരണമായിരിക്കും ഉണ്ടാകുക. നബി(സ്വ)യുടെ വാചകം കേൾക്കുമ്പോൾ അബ്ദുല്ല വിചാരിക്കുക; ഞാൻ നല്ല മനുഷ്യനാണ്, രാത്രി നമസ്കരിക്കുക കൂടി ചെയ്താൽ കൂടുതൽ നല്ലമനുഷ്യനാവാം എന്നായിരിക്കും. തിരുത്തലുകളിൽ ചില തിരുത്തലുകൾ ആവശ്യമാണെന്നർഥം. പൊതുവെ മനുഷ്യർ ജിജ്ഞാസുക്കളാണ്. അതുകൊണ്ടു തന്നെ ചെയ്യരുത് എന്ന വാചകം കൊണ്ടു ചെന്നെത്തിക്കുക എന്താ ചെയ്താൽ എന്ന ജിജ്ഞാസയിലേക്കാണ്. പറയരുത്, നോക്കരുത്, കാണരുത്, കേൾക്കരുത്, അറിയരുത്, പോകരുത് എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ വിപരീതം പ്രവർത്തിക്കാൻ മനസ്സിന് പ്രേരണ നൽകും.

ആടുമേയ്ക്കൽ പല പ്രവാചകന്മാരും ചെയ്ത ജോലിയാണ്. യഥാർഥത്തിൽ അതിലൂടെ ക്ഷമയെ വളർത്തുകയാണ് ചെയ്യുന്നത്. ആടിനെ മുന്നിൽനിന്ന് വലിച്ചാൽ നാല് കാലുകൾ ചെരിച്ചുവെച്ച് പിൻ ഭാഗം പിന്നിലേക്ക് തള്ളി വാശിയോടെ അത് നിൽക്കും. എന്നാൽ പിന്നിൽ പോയി ചെറുതായി ഒന്ന് തട്ടി ക്കൊടുക്കുമ്പോൾ അത് മുന്നോട്ടോടും. പലരുടെയും ഉപദേശം ഇങ്ങനെ മുന്നിൽനിന്ന് വലിക്കുന്നതിനു തുല്യമാണ്. വിപരീത ഫലമേ അതുകൊണ്ട് ഉണ്ടാവുകയുള്ളൂ.

എന്തു ചെയ്യണം, എന്തു പറയണം, എന്തു കാണണം, എന്തു കേൾക്കണം എന്ന് പറഞ്ഞുകൊടുക്കുമ്പോൾ അത് പിന്നിൽനിന്ന് തട്ടുന്ന ഫീലിംഗാണ് ഉണ്ടാക്കുക. അപ്പോൾ ആ കാര്യങ്ങൾ സ്വന്തം താൽ പര്യപ്രകാരം വേഗത്തിൽ നടക്കും.

എല്ലാവരും നന്നാവാൻ തയ്യാറാണ്. എന്നാൽ വേറൊരാളുടെ ഉപദേശംകൊണ്ടോ നിർദേശംകൊണ്ടോ മാറാൻ അവരുടെ ദുരഭിമാനം സമ്മതിച്ചെന്നു വരില്ല. അതിനാൽ കുട്ടികളോടാണെങ്കിലും വലിയവരോടാണെങ്കിലും നിരന്തരം ആവശ്യപ്പെടുന്ന ഒരു കാര്യം ചെയ്യുന്നില്ലെങ്കിൽ ആവശ്യപ്പെടൽ നിർത്തിവെക്കുകയും അയാൾക്ക് സ്വയം മാറാനുള്ള സമയം നൽകുകയും ചെയ്യണം.

ഒരാൾ മാറണമെന്ന് നാം ചിന്തിക്കുമ്പോൾ അതിന് അയാൾ എന്താണ് ചെയ്യേണ്ടത് എന്ന് ചിന്തിക്കുന്നതിന്ന് മുമ്പ് ഞാനെന്ത് മാറ്റമാണ് വരുത്തേണ്ടത് എന്ന് ചിന്തിക്കണം.

അവധാനതയും വിവേകവുമാണ് ഒരാളിൽ സ്വാധീനം ചെലുത്താൻ നമ്മിൽ വേണ്ടത്. മാറ്റം വരുത്തേണ്ട വ്യക്തിയെ വിശ്വസിക്കുകയും അയാൾ മാറുമെന്ന് പ്രത്യാശിക്കുകയും അയാൾക്ക് വേണ്ടി പ്രാർഥിക്കുകയും വേണം. ഒരാൾ സംശയത്തോടെ നമ്മെ നോക്കിയാൽ നമുക്ക് ഫീൽ ചെയ്യുന്നതുപോലെ നമ്മൾ സംശയിക്കുന്നയാൾക്കും അതുപോലെ തോന്നും. അങ്ങനെ മാറ്റത്തിനു തയ്യാറാകാതെ അയാൾ പുറംതിരിഞ്ഞു നിൽക്കും. മാറ്റം സഹകരണത്തോടെ നടക്കേണ്ടതാണ്; അതിനാൽ മാറേണ്ടവരെ ഒറ്റപ്പെടുത്തുകയല്ല കൂട്ടിപ്പിടിക്കുകയാണ് വേണ്ടത്.

# പുറത്തിറങ്ങി...




WISDOM BOOKS

PUBLISHING II DISTRIBUTION

Wisdom Books I E.K.P Building I Calicut

Web: www.wisdomislam.org I Email: publication@wisdomislam.org

0495 4019437 9207525244



## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2022 MAY 07

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




ആശയത്തിന്റെ പേരിൽ വേറിട്ടാലും
ഹൃദയത്തിന്റെ പേരിൽ ഒന്നിക്കണം

സമൂഹത്തിന്റെ നാനാമേഖലകളിൽ നിന്നും വ്യത്യസ്തരായ മനുഷ്യർ ഞങ്ങളെ തേടിയെത്തുന്നത് ഏറ്റവും നല്ല ഹൃദയ പരിചരണം അവർക്കോ, അവർക്ക് പ്രിയപ്പെട്ടവർക്കോ നൽകുന്നതിനായാണ്. ഞങ്ങൾ ആ ഉത്തരവാദിത്തം സ്നേഹപൂർവ്വം ഏറ്റെടുക്കുകയും ഏറ്റവും മികച്ച ഹൃദയ പരിചരണം ഓരോ വ്യക്തിക്കും ഉറപ്പാക്കുകയും ചെയ്യുന്നു. അങ്ങനെ കേവലം ചികിത്സയ്ക്കുമപ്പുറം MICC യുമായി ഹൃദയത്തിൽ പതിഞ്ഞൊരു ആത്മബന്ധം പുലർത്തിക്കൊണ്ടാണ് ഓരോ ആളും ഇവിടെ നിന്നും സുഖം പ്രാപിച്ചു പോകുന്നത്. ഞങ്ങൾ സന്തുഷ്ടരാണ്, നിറമോ വയസ്സോ ദേശമോ ഭാഷയോ എന്ന അതിർവരമ്പുകളില്ലാതെ എല്ലാ ഹൃദയങ്ങളേയും ഒരുപോലെ പരിചരിക്കാൻ സാധിക്കുന്നതിൽ. MICC യിലെ ഓരോ വ്യക്തിയും അത്രമേൽ നിങ്ങളെ ഹൃദയത്തോട് ചേർത്ത് വെക്കുന്നു. കാരണം, ഞങ്ങൾ ഹൃദയം കൊണ്ട് സംവദിക്കുന്നവരാണ്...

MICC
all about heart

എല്ലാ ഹൃദയങ്ങളേയും
ഒരുപോലെ ട്രീറ്റ് ചെയ്യുന്നു

Metromed International Cardiac Centre
CALICUT, MOB: 9048665555, PH: 0495 6615555 (30 LINES)